# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 | ലക്കം - 12 | വൃശ്ചികം - 1193 | ഡിസംബർ 2017



# എറണാകുളം കരയോഗം

# ഗുരുവായൂർ അതിഥി മന്ദിരത്തിന്റെ ഭൂമി പൂജയും ശിലാസ്ഥാപനവും


1193 വൃശ്ചികം 29 വ്യാഴാഴ്ച - 2017 ഡിസംബർ 14 രാവിലെ 11.00 ന്

പത്മശ്രീ അഡ്വ. സി. കെ. മേനോൻ നിർവ്വഹിക്കുന്നു









## സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്നു



പത്മശ്രീ അഡ്വ.സി.കെ. മേനോൻ



സി.എൻ. ജയദേവൻ
എം. പി. തൃശ്ശൂർ



കെ.വി. അബ്ദുൾ ഖാദർ
എം. എൽ. എ. ഗുരുവായൂർ



പ്രൊഫ. പി.കെ. ശാന്തകുമാരി
ചെയർപേഴ്സൺ, ഗുരുവായൂർ മുൻസിപ്പാലിറ്റി



സൗമിനി ജെയിൻ
കൊച്ചി മേയർ



എ. എൻ. രാധാകൃഷ്ണൻ
സ്റ്റേറ്റ് ജനറൽ സെക്രട്ടറി– ബി.ജെ.പി



എൻ. പീതാംബരക്കുറുപ്പ്
മുൻ എം.പി.
ചെയർമാൻ, ഗുരുവായൂർ ദേവസ്വം

## തെക്കേനട, കാരക്കാട്ട് റോഡ്, ഗുരുവായൂർ

**H.O.: Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016, Ph : 0484-2361160**
E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com

## ഏവർക്കും സ്വാഗതം

# എഡിറ്റോറിയൽ

# കേരള സർക്കാരിന് അഭിനന്ദനങ്ങൾ

നായാടി മുതൽ നമ്പൂതിരി വരെയുള്ളവരുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേരളത്തിലങ്ങോളമിങ്ങോളം നമ്മുടെ ഒരു സമുദായ നേതാവ് പ്രസംഗിച്ചു നടന്നിട്ട് കാലം ഏറെയായില്ല. എന്ന് മാത്രമല്ല, മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് സർക്കാർ പ്രത്യേക പരിഗണന നൽകണമെന്നും അദ്ദേഹം അന്ന് അഭിപ്രായപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ആ വാക്കുകളുടെ അലയൊലികൾ അടങ്ങുന്നതിനു മുമ്പു തന്നെ മുന്നോക്ക വിഭാഗം എന്ന ഓമനപ്പേരിട്ട്, എല്ലാ ആനുകൂല്യങ്ങളും നിഷേധിച്ച് മാറ്റി നിർത്തപ്പെട്ടിരിക്കുന്ന യാഥാർത്ഥ പിന്നോക്കക്കാരിലെ പാവപ്പെട്ടവർക്ക്, ഈ വിഭാഗത്തിന്റെ ശോച്യാവസ്ഥ ബോധ്യപ്പെട്ട ഇടതുപക്ഷ സർക്കാർ ദേവസ്വം ബോർഡ് നിയമനങ്ങളിൽ പത്ത് ശതമാനം സംവരണം നൽകുവാൻ തീരുമാനമെടുത്തു. ദാരിദ്ര്യത്തിനു ജാതിയും മതവും ഇല്ലെന്ന് ഉത്ഘോഷിച്ച ഈ സർക്കാരിനെ എത്ര കണ്ട് അഭിനന്ദിച്ചാലും മതിയാവില്ല. – ഒപ്പം ക്ഷേത്രധ്വംസനങ്ങൾക്കെതിരെയുള്ള ഞങ്ങളുടെ പ്രതിഷേധവും രേഖപ്പെടുത്തുന്നു. എന്നാൽ നമ്പൂതിരി മുതൽ നായാടി വരെയുള്ളവരുടെ ഐക്യത്തിനു വേണ്ടി ആഹ്വാനം ചെയ്തവർ 'എല്ലാം തങ്ങൾക്കു മാത്രമേ പാടുള്ളു, മറ്റാർക്കും ഒന്നും പാടില്ല' എന്ന സ്വാർത്ഥ ചിന്തയാൽ പ്രേരിതമായി എതിർപ്പുമായി രംഗത്തെത്തിയിരിക്കുന്നു. ജാതി ചോദിക്കരുത് പറയരുത് എന്ന മഹത്‌വാക്യം നെറ്റിയിലൊട്ടിച്ചുകൊണ്ട് നടക്കുകയും, സംവരണം ഉൾപ്പെടെ സകലതും ജാതി അടിസ്ഥാനത്തിൽ തന്നെ വേണം എന്ന് വാദിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് നയങ്ങളുമായി ഒരാൾ.

# ഉള്ളടക്കം

വാല്യം 10 | ലക്കം 12 | ഡിസംബർ 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 6 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 7 |
| ബാലലോകം | 9 |
| രാഗപരിചയം | 10 |
| വാസ്തു | 11 |
| ഭാരതത്തിലെ ഋഷികവികൾ | 12 |
| ക്ഷേത്രങ്ങളിലൂടെ | 17 |
| രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം | 21 |
| സുഭാഷിതം | 25 |
| ധൂമകേതുക്കൾ | 26 |
| കാണാതായ കല്യാണിയെ കാത്ത് | 29 |
| മൗലിൻനോങ് (കവിത) | 32 |
| രാധ പാടുന്നു (കവിത) | 34 |
| സാളഗ്രാമം | 35 |
| അമൂല്യമായ ഒറ്റമൂലി ചിരി | 37 |
| കോപം -ശാപം | 41 |
| ധ്യാനം | 43 |
| വെള്ളം കുടിക്കുക ആരോഗ്യത്തിന് | 45 |
| കളഭോത്തമന് പ്രണാമം | 47 |
| ചിദംബര രഹസ്യം | 49 |
| മോണരോഗങ്ങൾ | 50 |
| പാതഞ്ജല യോഗദർശനം | 52 |
| പാർത്ഥസാരഥേ ക്ഷമിക്കേണമേ | 53 |
| മാസഫലം | 57 |
| മാട്രിമോണിയൽ | 58-66 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

മറ്റൊരാൾ, മതത്തിന്റെ പേരിൽ തന്നെയുള്ള മതേതര രാഷ്ട്രീയ പാർട്ടിയിലെ ഇമ്മിണി വലിയ നേതാവ്, തികച്ചും ന്യായവും നീതിയുക്തവുമായ ഈ തീരുമാനത്തിനെതിരെ ഘോരഘോരം പ്രസംഗിച്ചു നടക്കുന്നു. ദേവസ്വം ബോർഡിലെ നിയമനത്തിന്റെ കാര്യത്തിൽ ഇദ്ദേഹത്തിനും ഇദ്ദേഹത്തിന്റെ സമുദായത്തിനും എന്താണിങ്ങനെ പറയാനുള്ള അവകാശം. ഇത് അവരുമായി ഒരു തരത്തിലും ബന്ധപ്പെട്ടതല്ല. പിന്നെന്തിന് ഈ എതിർപ്പ്.

ഈ തീരുമാനം ഭരണഘടനാ വിരുദ്ധമാണു പോലും. പാവപ്പെട്ടവന് അല്പമെങ്കിലും ആശ്വാസം നൽകാൻ പോരുന്ന ഈ തീരുമാനത്തെ ഭരണഘടനാ വിരുദ്ധമെന്ന് പറയുന്നവരോട് ഒന്നുചോദിച്ചുകൊള്ളട്ടെ? സംവരണം എത്ര കാലം നടപ്പാക്കണമെന്നായിരുന്നു ഭരണഘടനാശില്പികൾ പറഞ്ഞിരുന്നത്? ഇന്നിപ്പോൾ എത്ര വർഷമായി? പത്ത് വർഷത്തേയ്ക്ക് തീരുമാനിച്ച ഒരു താല്ക്കാലിക പരിഹാര നടപടി 67 വർഷം കഴിഞ്ഞിട്ടും ഇന്നും തുടരുന്നതിന്റെ സാംഗത്യമെന്ത്? സംവരണ വിഭാഗക്കാർ മറ്റുള്ളവർക്ക് തുല്ല്യമെത്തിയില്ല എന്ന് വാദിച്ചേക്കാം. അങ്ങനെയെങ്കിൽ, പത്തുവർഷംകൊണ്ട് പരിഹരിക്കപ്പെടേണ്ട ശോച്യാവസ്ഥ 67 വർഷം കഴിഞ്ഞിട്ടും നിലനിൽക്കുന്നു എങ്കിൽ ആ നടപടികൊണ്ട് ഒരു പരിഹാരവും ഉണ്ടാകില്ല എന്നു വ്യക്തമല്ലേ ഈ സംവരണ സമ്പ്രദായംകൊണ്ട് ഒരു പ്രയോജനവുമില്ല എന്നും വ്യക്തമല്ലേ, അപ്പോൾ ഈ സംവരണ രീതി ഒട്ടും ശാസ്ത്രീയമല്ല, ഇത് തിരുത്തപ്പെടേണ്ടതാണ്, മാറ്റപ്പെടേണ്ടതാണ് എന്നുള്ളതിൽ ആർക്കും സംശയമുണ്ടാകാനിടയില്ലല്ലോ 67 വർഷം പരീക്ഷിച്ച് പരാജയപ്പെട്ട ഈ സംവിധാനം അടിയന്തിരമായി തന്നെ നിർത്തലാക്കണം. എന്നിട്ട് ഒരു 20 വർഷക്കാലം നിർദ്ധനർക്കു മാത്രമായി സംവരണം നിജപ്പെടുത്തണം. അത് SC/ST, OBC, തുടങ്ങിയ സംവരണ വിഭാഗങ്ങലിലെ പാവപ്പെട്ടവരും ഇതൊന്നുമല്ലാതെ 67 വർഷമായി വിദ്യാഭ്യാസാനുകൂല്യങ്ങളിൽ നിന്നും ഉദ്യോഗാവസരങ്ങളിൽ നിന്നും ഒക്കെ ദൂരെ മാറി നില്ക്കേണ്ടി വന്ന മറ്റ് എല്ലാ വിഭാഗങ്ങളിലേയും പാവപ്പെട്ടവരെയും, ഉൾപ്പെടുത്തിക്കൊണ്ട് സംവരണനയം തിരുത്തി എഴുതണം. അപ്പോൾ കാണാം വ്യക്തമായ രീതിയിൽ സാമൂഹ്യപരിഷ്ക്കരണം സംഭവിക്കുന്നത്. ഇന്ന് ദാരിദ്രം അനുഭവിക്കുന്നവരും കഷ്ടപ്പെടുന്നവരുമായ എല്ലാവർക്കും ഉയർച്ച ഉണ്ടാകും. അങ്ങനെയുള്ള നടപടികൊണ്ട് മാത്രമെ സംവരണം കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

ജാതി അടിസ്ഥാനത്തിൽ ഉള്ള സംവരണം കൊണ്ട് ആർക്കാണ് പ്രയോജനം. സംവരണ വിഭാഗങ്ങളിലെ ചില പ്രമാണിമാരും നേതാക്കളും ഉള്ള അവസരങ്ങൾ മുഴുവൻ തട്ടിയെടുക്കുന്നു. ആനുകൂല്യം കയ്യടക്കുന്ന കുടുംബങ്ങൾ തന്നെ വീണ്ടും വീണ്ടും അത് നേടി എടുക്കുന്നു. അങ്ങനെ ചില സമുദായങ്ങളിലെ പ്രമാണിമാരായവർ കൂടുതൽ കൂടുതൽ ഉയരങ്ങളിലെത്തുന്നു. താഴെക്കിടയിലുള്ളവർ അങ്ങനെ തന്നെ അവശേഷിക്കുന്നു. ഈ രീതിയിൽ സംവരണം തുടർന്നാൽ 67 അല്ല അറുനൂറ്റി എഴുപതു വർഷം കഴിഞ്ഞാലും ഭരണഘടനാ ശില്പികൾ ഉദ്ദേശിച്ച മാറ്റം ഉണ്ടാകില്ല. കാരണം ഇത് ചില പ്രത്യേക സമുദായങ്ങളിലെ ചിലർക്കു മാത്രം പ്രയോജനപ്പെടുന്ന രീതിയിലാണ് ഇന്ന് നടപ്പാക്കുന്നത്. അതുകൊണ്ട് ജാതി മത ഭേദമെന്യേ പാവപ്പെട്ട എല്ലാ ആളുകളും ഒന്നിച്ചു നിന്നുകൊണ്ട് ജാതിരഹിത മതരഹിത നിർദ്ധന സംവരണത്തിനുവേണ്ടി വാദിക്കണം. എല്ലാ ജാതിമതവിഭാഗങ്ങളിലെയും പാവപ്പെട്ടവർ, ദരിദ്രർ, നിസ്സഹായർ തുടങ്ങി കഷ്ടപ്പെടുന്ന എല്ലാവരും ഒന്നായി നിന്നുകൊണ്ട് അശാസ്ത്രീയമായ, ചിലർക്കു മാത്രം പ്രയോജനപ്പെടുന്ന ഇന്നത്തെ സംവരണ വ്യവസ്ഥ മാറ്റുന്നതിനുള്ള ശ്രമങ്ങളാരംഭിക്കണം.

മറ്റൊന്ന്, നമ്മുടേത് ഒരു ജനാധിപത്യ ഭരണ സംവിധാനം നിലനില്ക്കുന്ന നാടാണല്ലൊ ജനാധിപത്യ ഭരണത്തിൽ ജനാഭിലാഷമാണ് മാനിക്കപ്പെടേണ്ടത്. ജനങ്ങളുടെ ആഗ്രഹവും അംഗീകാരവും അനുസരിച്ചായിരിക്കണം ഭരണം നടത്തേണ്ടത്. ഇന്ന് കേരളം ഭരിക്കുന്ന ഇടതുപക്ഷ മുന്നണി തിരഞ്ഞെടുപ്പ് വേളയിൽ, അവർ ജയിച്ചാൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഭരണ പരിഷ്ക്കാരങ്ങളും അവരുടെ നയങ്ങളും, പരിപാടികളും എല്ലാം കാണിച്ചുകൊണ്ട് ഇലക്ഷൻ മാനിഫസ്റ്റോ ജനങ്ങളുടെ മുമ്പിൽ വെച്ചുകൊണ്ട് അതിന് അംഗീകാരം നല്കി അവരെ വിജയിപ്പിക്കണമെന്നാണ് അഭ്യർത്ഥിച്ചിരുന്നത്. ഈ മുന്നണി ജയിച്ചപ്പോൾ കേരളത്തിലെ ജനങ്ങൾ ഈ മാനിഫെസ്റ്റോ അംഗീകരിച്ചിരിക്കുന്നു എന്നുള്ളതാണല്ലോ അതിന്റെ അർത്ഥം. ജനങ്ങൾ അംഗീകരിച്ച ആ മാനിഫസ്റ്റോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുക എന്നുള്ളത് സർക്കാരിന്റെ ബാധ്യതയാണ്. അതുമാത്രമാണ് – ജനാഭിലാഷം നടപ്പിലാക്കുക മാത്രമാണ് – 10% മുന്നോക്കക്കാരി

ലെ പാവപ്പെട്ടവർക്ക് സംവരണം നല്കുന്നതിലൂടെ സർക്കാർ ചെയ്തിരിക്കുന്നത്. സംശയമുള്ളവർ LDF ന്റെ കഴിഞ്ഞ ഇലക്ഷൻ മാനിഫസ്റ്റോ ഒന്ന് പരിശോധിക്കുക. നിങ്ങൾക്കായി ബന്ധപ്പെട്ട ആ പ്രസക്ത ഭാഗം ഇവിടെ ഉദ്ധരിക്കുന്നു.

## എൽ ഡി എഫ് പ്രകടനപത്രിക

### സംവരണ നയം

579. ..............................ഓരോ സമുദായത്തിലേയും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കു തന്നെ കിട്ടുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതോടൊപ്പം മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10% സംവരണം ഏർപ്പെടുത്തുകയും വേണം......

ഇപ്പറഞ്ഞിരിക്കുന്നത് മാത്രമാണ് സർക്കാർ ചെയ്തിരിക്കുന്നത് ആരുടേയും ക്വോട്ടയിൽ ഒരു കുറവും വരുത്തിയിട്ടില്ല എന്നു മാത്രമല്ല സംവരണസമുദായങ്ങൾക്ക് നിലവിലുള്ളതിനെക്കാൾ കൂടുതൽ അവസരങ്ങൾ നല്കികൊണ്ടാണ് ദേവസ്വം ബോർഡിൽ മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് 10% സംവരണം അനുവദിച്ചത്. ആർക്കും ഒരു കുറവും വരുത്താതെ, ഒരു ദോഷവും ഉണ്ടാക്കാത്തവിധത്തിൽ പരമദരിദ്രരായ ഒരു വിഭാഗത്തെ ഒന്ന് സഹായിച്ചതാണോ ഭരണഘടനാവിരുദ്ധം. എന്തു വന്നാലും അയൽപക്കക്കാരന്റെ അടുപ്പിൽ തീ കത്തിക്കാൻ പാടില്ല എന്ന മനസ്ഥിതി പൊതു പ്രവർത്തകരെന്നു പറയുന്ന ഈ നേതാക്കൾക്ക് ഭൂഷണമാണോ?

ഇനിയും, പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടി എന്ന് പറഞ്ഞുകൊണ്ട് ദേവസ്വം ബോർഡ് സംവരണത്തെ എതിർത്തവർ ഉത്തരം നൽകണം. ഭരണഘടനയിൽ പിന്നോക്ക വിഭാഗത്തിന് ഇന്ന ജാതി, ഇന്ന മതം എന്ന് പറഞ്ഞിട്ടുണ്ടോ? പിന്നോക്ക വിഭാഗമെന്നതിന് എന്താണ് നിർവചനം നൽകിയിരിക്കുന്നത്? വ്യക്തമായ ഒരു നിർവചനം നൽകിയിട്ടില്ല എന്നുള്ളതാണ് വസ്തുത. അതവിടെ നില്ക്കട്ടെ. നിങ്ങൾ ഉയർത്തിക്കാട്ടുന്ന ഭരണഘടനയിൽ തന്നെ കാലാകാലങ്ങളിൽ ഓരോ സമുദായത്തിന്റെയും അവസ്ഥ പരിശോധിച്ച് സംവരണം തുടരണമോ വേണ്ടയോ എന്ന് പുനർനിർണ്ണയം ചെയ്യണമെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾ എന്നു പറഞ്ഞ് ആനുകൂല്യങ്ങൾ പറ്റുന്ന ചില സമുദായങ്ങളാണ്, കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് സാമുദായികമായും, വിദ്യാഭ്യാസപരമായും, സാമ്പത്തികമായും മുൻപന്തിയിൽ നില്ക്കുന്നത്. അതിൽ ഒരു വിഭാഗമാണെങ്കിൽ പിന്നോക്കക്കാർക്കുള്ളതും, ന്യൂനപക്ഷക്കാർക്കുള്ളതുമായ രണ്ടു ആനുകൂല്യങ്ങളും നേടിയെടുക്കുന്നു. ഇത് പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, നിലവിലുള്ള സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ നിലവാരങ്ങൾ കണക്കിലെടുത്ത്, പിന്നോക്കാവസ്ഥ പുനർനിർണ്ണയം ചെയ്യപ്പെടണം. ഇത് ഒട്ടും വൈകാതെ വേണം താനും. അല്ലെങ്കിൽ ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതിയും പദവി, അവസരം എന്നിവയ്ക്കുള്ള അവസരവും നഷ്ടപ്പെട്ട ഒരു വിഭാഗം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്തള്ളപ്പെട്ടുപോകും, – അതാണ് ഭരണഘടനാ വിരുദ്ധം. ഇന്ന് ഒരു വിഭാഗം അനുഭവിക്കുന്ന അവസര നിഷേധവും, നീതി നിഷേധവും– അതാണ് ഭരണഘടനാ വിരുദ്ധം. അതുകൊണ്ട്, വ്യക്തിയുടേയും സമൂഹത്തിന്റെയും അന്തസ്സ് നിലനിർത്തുന്നതിനും അതിലൂടെ രാഷ്ട്രത്തിന്റെ അഖണ്ഡത ഉറപ്പ് വരുത്തുന്നതിനും, സംവരണ പുനർനിർണ്ണയം അത്യന്താപേക്ഷിതമാണ്. ഇത് നടപ്പാക്കിയ കാലത്തെ അവസ്ഥ അല്ല ഇന്ന് എന്നുള്ളത് പകൽപോലെയുള്ള പരമാർത്ഥമായതുകൊണ്ട് ജീവിതനിലവാരത്തിലുള്ള സമുദായിക സന്തുലനാവസ്ഥ തകർക്കപ്പെടാതിരിക്കാൻ അടിയന്തിരമായി സംവരണ പുനർനിർണ്ണയത്തിന് സർക്കാർ തയ്യാറാവണമെന്ന് ഞങ്ങൾ വീണ്ടും ആവശ്യപ്പെട്ടുന്നു. ഇതു പറയുവാൻ ഞങ്ങൾക്കവകാശമുണ്ട്. കാരണം ഈ മണ്ണും ഇവിടുത്തെ സംസ്ക്കാരവും കാത്തു സൂക്ഷിച്ചത് ഞങ്ങളുടെ പൂർവ്വികരാണ്. വൈദേശികാക്രമണകാരികളോടേറ്റുമുട്ടി നാടിന്റെ അഭിമാനം കാത്തു സൂക്ഷിക്കുന്നതിനു വേണ്ടി ജീവൻ ബലി അർപ്പിച്ച ദേശസ്നേഹികളുടെ പിൻമുറക്കാരാണ് ഞങ്ങൾ–വൈദേശിക സമ്പത്തിന്റേയും സംസ്ക്കാരത്തിന്റെയും പിന്നാലെ പോവാതെ സ്വാഭിമാനത്തോടു കൂടി മരണം ഏറ്റുവാങ്ങിയവരുടെ പിൻമുറക്കാർ. അവരുടെ ജീവരക്തം വീണ് കുതിർന്നതാണീമണ്ണ്. ഈ മണ്ണിൽ ജീവിക്കുവാനുള്ള അവകാശം ഞങ്ങൾക്കുമുണ്ട്. അതുകൊണ്ട് സംവരണപുനർനിർണ്ണയം അടിയന്തിരമായി തന്നെ നടപ്പിലാക്കണം. സംവരണാനുകൂല്യത്തിൽ നിന്നും നീക്കം ചെയ്യപ്പെടേണ്ടവരെ നീക്കുകയും ഉൾപ്പെടുത്തേണ്ടവരെ ഉൾപ്പെടുത്തുകയും വേണം●

# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ഒരു കാൽവയ്പ് 92-ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് തുടക്കം കുറിക്കുകയാണ്. 2014 ജൂൺ 23ന് നമ്മുടെ മനസ്സിലുദിച്ച ഒരു ആശയത്തിന്റെ തുടക്കം അതിന്റെ പൂർണ്ണതയിലേക്ക് എത്തിക്കുവാനുള്ള തറക്കല്ലിടൽ സംജാതമായിരിക്കുന്നു. നവതി ആഘോഷത്തോടനുബന്ധിച്ച്, നവതിസ്മാരകമായി ഒരു പദ്ധതി തുടങ്ങണമെന്ന ചിന്തയിൽ ഭൂലോക വൈകുണ്ഠമായ ഗുരുവായൂരിൽ ഒരു അതിഥി മന്ദിരം നിർമ്മിക്കുക എന്നതായിരുന്നു ആശയം. വളരെ കൂടിയാലോചനകൾക്കും അന്വേഷണങ്ങൾക്കും ശേഷം ഗുരുവായൂരിൽ സ്ഥലം കണ്ടെത്തി, സ്വന്തമാക്കി അവിടെ നവതി സ്മാരക ഗസ്റ്റ് ഹൗസ് നിർമ്മാണം ആരംഭിക്കുകയാണ്.

പ്രശസ്തരും പ്രഗൽഭരുമായ നിയമജ്ഞൻമാർ, സാമ്പത്തിക വിദഗ്ധർ, എഞ്ചിനീയർമാർ എന്നിവരുടെ എല്ലാം ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ഗസ്റ്റ് ഹൗസിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി രൂപകല്പന ചെയ്തിട്ടുള്ളതാണ്. അതനുസരിച്ച് ആറ് നിലകളിലായി 36 മുറികളും, 2 ഡോർമിറ്ററികളും 50ഓളം കാറുകൾക്ക് പാർക്ക് ചെയ്യുവാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

2017 ഡിസംബർ 14-ാം തീയതി വ്യാഴാഴ്ച രാവിലെ 11 നും 12നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ കരയോഗാംഗം കൂടിയായ പ്രമുഖ പ്രവാസി വ്യവസായി പത്മശ്രീ.അഡ്വ.സി.കെ.മേനോൻ ഈ മഹാസൗധത്തിന് തറക്കല്ലിടുന്നു. ചടങ്ങിൽ രാഷ്ട്രീയ സാമൂഹ്യസാംസ്ക്കാരിക മണ്ഡലങ്ങളിലെ പ്രശസ്തർ പങ്കെടുക്കുന്നു. 4000ത്തിലധികം വരുന്ന അംഗങ്ങളെ പ്രസ്തുത ശിലാസ്ഥാപന ചടങ്ങിലേക്ക് കൊണ്ടുപോവുക എന്നത് അപ്രയോഗികമാണെങ്കിലും പ്രസ്തുത ശിലാസ്ഥാപന ദിവസം കഴിയുന്നത്ര അംഗങ്ങളും കരയോഗത്തിന്റെ അഭ്യുദയകാംക്ഷികളും ഗുരുവായൂർ തെക്കേ നടയിൽ നിന്നും 500 മീറ്റർ മാറി കാരക്കാട്ട് റോഡിലുള്ള 'ഇന്ദ്രനീലം' വില്ലയോട് ചേർന്ന് കരയോഗത്തിന്റെ ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്ന വേദിയിലേക്ക് സ്വാഗതം ചെയ്യുന്നു. എല്ലാവരുടെയും അനുഗ്രഹവും ആശംസയും ഉണ്ടാവണം.

ഡിസംബർ 25ന് 92-ാമത് കരയോഗ സ്ഥാപകദിനവും കുടുംബസംഗമവും മുൻവർഷങ്ങളിലെപോലെ സമുചിതമായി ആഘോഷിക്കുന്നു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കഴിഞ്ഞ വാർഷികപൊതുയോഗത്തിന്റെ റിപ്പോർട്ടിലെ പേജ് നമ്പർ:9ൽ സൂചിപ്പിച്ചിട്ടുള്ളതും പൊതുയോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നതുമായ വിഷയം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യാനാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത് എന്നറിയിച്ചുകൊള്ളട്ടെ. കുടുംബ സംഗമത്തിൽ പങ്കെടുക്കുന്നവർക്ക് കൃത്യമായി ഭക്ഷണം ഉറപ്പുവരുത്താനും പാഴാക്കാതിരിക്കാനായുമുള്ള ഒരു നടപടി എന്ന നിലയിൽ കരയോഗ അംഗങ്ങൾക്ക് 50 രൂപ നിരക്കിലും, അതിഥികൾക്ക് 100 രൂപ നിരക്കിലുമുള്ള കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്, 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൂപ്പണുകൾ സൗജന്യമായി നല്കുന്നതാണ്. ഡിസംബർ 15 മുതൽ 22-ാം തീയതി, വൈകുന്നേരം 5 മണിവരെ കരയോഗം ഓഫീസിൽ നിന്നും കൂപ്പൺ ലഭിക്കും. എല്ലാ മാന്യ അംഗങ്ങളും ഇതിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് കരയോഗാംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തികച്ചും മിതമായ നിരക്കിൽ താമസസൗകര്യം ഉറപ്പുവരുത്തുന്നതിന് എറണാകുളം കരയോഗം ഒരു പദ്ധതി തയ്യാറാക്കി വരുന്നു. ഒരുവർഷം 12 ദിവസം എന്ന കണക്കിൽ 10 വർഷം വരെ, 120 ദിവസത്തിൽ കൂടാതെ താമസിക്കുന്നതിന് 'പ്രിവിലേജ് കാർഡ് സ്കീം' തയ്യാറാക്കുന്നുണ്ട്. ഉടൻ തന്നെ അംഗങ്ങൾക്ക് ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ തപാലിൽ അറിയിക്കുന്നതായിരിക്കും. ഡിസംബർ 25ന് ശേഷം കരയോഗം ഓഫീസിൽ നേരിട്ട് വന്നാൽ ഇതു സംബന്ധിച്ചു പൂർണ്ണവിവരം ലഭിക്കുന്നതായിരിക്കും.

എറണാകുളം കരയോഗത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 91 കൊല്ലത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഒന്ന് വ്യക്തമാണ്. ഈ സ്ഥാപനത്തെ സ്നേഹിക്കുന്ന അംഗങ്ങളുടെയും എറണാകുളത്തെ എല്ലാ വിഭാഗം ജനങ്ങളുടേയും നിർലോഭമായ സഹായം ഒന്നുകൊണ്ടു മാത്രമാണ് ഒരു സാമുദായിക സംഘടനയായ നമുക്ക് ഈ നഗരത്തിൽ വ്യത്യസ്തമായ ഒരു സാംസ്ക്കാരിക കേന്ദ്രമായി

നിലനിൽക്കുവാൻ കഴിഞ്ഞിട്ടുള്ളത്. നമ്മുടെ പുതിയ പദ്ധതികൾ നടപ്പിലാക്കുവാനും അതുപോലെ എല്ലാ അംഗങ്ങളുടെയും സഹായം വേണമെന്നും കരയോഗത്തിന്റെ privilege card scheme 750 അംഗങ്ങൾക്കായിട്ടാണ് ആദ്യപടിയായി പരിമിതപ്പെടുത്തിയിട്ടുള്ളത്. ഓരോ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും തങ്ങൾക്കാവശ്യമുള്ള പ്രിവിലേജ് കാർഡ് ഉറപ്പു വരുത്തി കരയോഗത്തെ സാമ്പത്തികമായി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡിസംബർ 13ന് നാരായണീയ ദിനത്തിൽ ശ്രീമതി രാജം ആർ മേനോന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ നാരായണീയ പാരായണം ഉണ്ടായിരിക്കുന്നതാണ്. ജനുവരി 1-ാം തീയതി പരമ്പരാഗത രീതിയിൽ മകയിരം ഉറക്കമിളപ്പ്, എട്ടങ്ങാടി, നേദ്യം, തിരുവാതിരകളി തുടങ്ങിയ ചടങ്ങുകളോടെ തിരുവാതിര ആഘോഷിക്കുന്നു. ഡിസംബർ 16, 17 തീയതികളിൽ എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ നേതൃത്വത്തിൽ ഇരുട്ടിന്റെ ആത്മാവ്, Old man & The Sea സിനിമ പ്രദർശനം ടി.ഡി.എം ഹാളിൽ ഉണ്ടായിരിക്കും.

ബീമിന്റെ സഹകരണത്തോടെ നടത്തുന്ന പ്രതിമാസ പരിപാടിയിൽ 'ലങ്കാ ലക്ഷ്മി' നാടകം 19-ാം തീയതി ചൊവ്വാഴ്ച 6.30 pm ന് നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ 'നളചരിതം മൂന്നാം ദിവസം' കഥകളി, 27.12.2017 ബുധനാഴ്ച 6.30 ന് ടി ഡി എം ഹാൾ ഗംഗയിൽ സംഘടിപ്പിക്കുന്നതാണ്.

തുഞ്ചൻ ദിനത്തോടനുബന്ധിച്ച് ജനുവരി 7-ാം തീയതി വൈകുന്നേരം 6.00 മണിക്ക് രാമായണ പാരായണം ഉണ്ടായിരിക്കുന്നതാണ്.

അംഗങ്ങളുടെ സഹകരണം തുടർന്നും പ്രതീക്ഷിച്ചുകൊണ്ട്,●

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം
### 16.12.2017 മുതൽ 15.01.2018 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.12.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | കരയോഗം ഫിലിംക്ലബ്ബ് സിനിമപ്രദർശനം<br>ഇരുട്ടിന്റെ ആത്മാവ് (കാവേരി ഹാൾ) |
| 17.12.2017 | ഞായർ | 5.00 p.m. | കരയോഗം ഫിലിംക്ലബ്ബ് സിനിമപ്രദർശനം<br>കിഴവനും, കടലും (കാവേരി ഹാൾ) |
| 19.12.2017 | ചൊവ്വ | 6.30 p.m. | ബീം പ്രതിമാസ പരിപാടി: ലങ്കാ ലക്ഷ്മി |
| 21.12.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 25.12.2017 | തിങ്കൾ | 5.30 a.m. | 92-മത് സ്ഥാപകദിനവും, കുടുംബസംഗമവും<br>വിവിധ പരിപാടികൾ |
| 26.12.2017 | ചൊവ്വ | 7.00 p.m. | കരയോഗം കഥകളി ക്ലബ്ബ് അവതരിപ്പിക്കുന്ന കഥകളി<br>നളചരിതം 1-ാം ദിവസം<br>ഇടപ്പള്ളി തൃക്കോവിൽ അമ്പലം |
| 27.12.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.30 p.m. | കരയോഗം കഥകളി ക്ലബ്ബ്-പ്രതിമാസ കഥകളി<br>നളചരിതം 3-ാം ദിവസം |
| 28.12.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 01.01.2018 | തിങ്കൾ | 7.30 p.m. | മകയിരം നോയമ്പ് |
| 03.01.2018 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 04.01.2018 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.01.2018 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 11.01.2018 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 14.01.2018 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സ (ഇകെഎൻഎം പോളിക്ലിനിക്) |

# എറണാകുളം കരയോഗം
# ഗുരുവായൂർ അതിഥി മന്ദിരത്തിന്റെ ഭൂമി പൂജയും ശിലാസ്ഥാപനവും

**1193 വൃശ്ചികം 29 വ്യാഴാഴ്ച – 2017 ഡിസംബർ 14 രാവിലെ 11.00 ന്**
**പത്മശ്രീ അഡ്വ. സി. കെ. മേനോൻ നിർവ്വഹിക്കുന്നു**
**കാരക്കാട്ട് റോഡ്, തെക്കേ നട, ഗുരുവായൂർ**

## കാര്യപരിപാടി

| | | |
|---|---|---|
| ശിലാസ്ഥാപനം | : | **പത്മശ്രീ.അഡ്വ.സി.കെ.മേനോൻ** |
| ദീപപ്രോജ്വലനം | : | **ബ്രഹ്മശ്രീ ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട്** |
| | | ഗുരുവായൂർ ക്ഷേത്രം തന്ത്രി |
| പ്രാർത്ഥന | : | കരയോഗം സ്മരണാഞ്ജലി |
| സ്വാഗതം | : | **പി.രാമചന്ദ്രൻ (വേണു),** ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം |
| അദ്ധ്യക്ഷ പ്രസംഗം | : | **കെ.പി.കെ.മേനോൻ**, പ്രസിഡന്റ്, എറണാകുളം കരയോഗം |
| ഉദ്ഘാടനം | : | **സി.എൻ.ജയദേവൻ**, എം.പി, തൃശ്ശൂർ |
| മുഖ്യാതിഥികൾ | : | **പത്മശ്രീ.അഡ്വ.സി.കെ.മേനോൻ** |
| | : | **കെ.വി.അബ്ദുൾ ഖാദർ**, എം.എൽ.എ, ഗുരുവായൂർ |
| ബ്രോഷർ പ്രകാശനം | : | **പ്രൊഫ.പി.കെ.ശാന്തകുമാരി,** ചെയർപേഴ്സൺ, |
| | | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| സ്വീകർത്താവ് | : | **സൗമിനി ജെയിൻ,** മേയർ, കൊച്ചി കോർപ്പറേഷൻ |
| ആശംസ | : | **കെ.പി.വിനോദ്,** വൈസ് ചെയർമാൻ, ഗുരുവായൂർ മുനിസിപ്പാലിറ്റി |
| | : | **എൻ.പീതാംബരക്കുറുപ്പ്,** മുൻ എം.പി |
| | | ചെയർമാൻ, ഗുരുവായൂർ ദേവസ്വം |
| | : | **എ.എൻ.രാധാകൃഷ്ണൻ,** സ്റ്റേറ്റ് ജനറൽ സെക്രട്ടറി, ബി.ജെ.പി |
| | : | **ആന്റോ തോമസ്,** പ്രതിപക്ഷനേതാവ്,ഗുരുവായൂർ മുനിസിപ്പാലിറ്റി |
| | : | **രതി ജനാർദ്ദനൻ,** കൗൺസിലർ,ഗുരുവായൂർ മുനിസിപ്പാലിറ്റി |
| | : | **പി.ജി.സുധാകരൻ,** മെമ്പർ, ഗുരുവായൂർ ദേവസ്വം |
| | : | **വേണുഗോപാൽ.സി.ഗോവിന്ദ്** |
| | | പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ്, കൊച്ചി. |
| | : | **ആർക്കിടെക്റ്റ് ദാമോദരൻ** |
| | : | **പി.എം.കേളുക്കുട്ടി,** പി.എം.കെ.കൺസ്ട്രക്ഷൻസ് |
| നന്ദി പ്രകടനം | : | **കെ.ടി.മോഹനൻ,** ട്രഷറർ, എറണാകുളം കരയോഗം |

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

വീണ്ടും ഒരു വർഷം കൂടി കടന്നുപോവുകയാണ്. ജനുവരി മുതൽ ഓരോ ദിവസത്തിലും നിങ്ങളെ സ്പർശിച്ച അനുഭവങ്ങൾ കൂട്ടുകാർ ഡയറിയിൽ കുറിച്ചിരിക്കുമെന്നു കരുതട്ടെ. ഓരോ ദിവസത്തെ കുറിപ്പും വിവിധ തരത്തിലായിരിക്കുമല്ലോ. അത് ഓരോന്നായി എടുത്ത് വായിക്കുകയും വേണ്ട മാറ്റങ്ങൾ ജീവിതത്തിൽ വരുത്തുകയും വേണം എല്ലാ വർഷവും ഈ രീതി നിങ്ങൾ തുടരുകയാണെങ്കിൽ വർഷങ്ങൾ കഴിയുമ്പോൾ അതുതന്നെ മറ്റൊരു അനുഭവമായിരിക്കും കൂട്ടുകാരെ. അതുകൊണ്ടു മറക്കാതെ ചെയ്യുമല്ലോ.. പുതിയ വർഷത്തിലേക്കു കാൽ വെക്കുമ്പോൾ നല്ല ലക്ഷ്യബോധത്തോടെ ആയിരിക്കാൻ ശ്രമിക്കണേ. ഞാൻ എന്നും എന്റേതെന്നും ചിന്തിക്കരുത് പലപ്പോഴും ഏതൊരു വസ്തുവും എന്റേതുമാത്രം എന്ന് ചിന്തിക്കുമ്പോഴാണ് അത് നഷ്ടപ്പെടുമ്പോൾ നമ്മൾ ദു:ഖിതരാവുന്നത്. കാലം എപ്പോഴും എല്ലാവർക്കും ഒരുപോലെയാവില്ല കേട്ടോ മറ്റൊരാളുടെ സാധനം വേണമെന്ന് ആഗ്രഹിക്കുന്നതും ശരിയല്ല.

ഇനി ഒരു കഥ കേട്ടോളൂ.

എന്ത് കാര്യം ചെയ്യുന്നതിന് മുമ്പും ഗണേശഭഗവാനെ പ്രാർത്ഥിക്കണം എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? ഗണേശൻ ഏകദന്തനാവാനുള്ള കാരണം എന്തെന്നറിയണ്ടേ? ഒരിക്കൽ കാർത്തവീര്യാർജ്ജുനനുമായി നടന്ന യുദ്ധം കഴിഞ്ഞ പരശുരാമൻ ശ്രീപരമേശ്വരനെ ദർശിക്കാൻ കൈലാസത്തിലെത്തി. അച്ഛനമ്മമാർ ഒന്നിച്ചിരിക്കുമ്പോൾ അന്ത:പുരത്തിലേക്കു ആരെയും കടത്തിവിടുകയില്ലെന്നായി ഗണേശൻ 'ഞാൻ ക്ഷത്രിയരെ കൊന്നൊടുക്കി വന്നതാണ് എനിക്ക് പാർവ്വതിപരമേശ്വരന്മാരെ കണ്ട് വിവരം പറയണം' ഗണേശൻ അനങ്ങിയില്ല. വീണ്ടും പരശുരാമൻ പറഞ്ഞു, 'ഞാൻ പരമശിവന്റെ അനുഗൃഹീത ശിഷ്യനും കൂടിയാണ് ഗണേശാ' 'ഗണപതി പറഞ്ഞു' 'ഗുരുനാഥന്മാരെയും, മഹാരാജാക്കന്മാരെയും ദർശിക്കാൻ നേരത്തെ അനുവാദം വാങ്ങണം, തിടുക്കപ്പെടേണ്ട അല്പം വിശ്രമിക്കൂ' പരശുരാമന് കോപം ജ്വലിച്ചു പരിഹാസത്തോടെ അദ്ദേഹം പറഞ്ഞു. 'വഴിമാറൂ... ഞാൻ അകത്തു പോകട്ടെ'. എത്ര തടഞ്ഞിട്ടും പരശുരാമൻ കേട്ടില്ല. നിസ്സാരനായ ആ ബാലന് മുമ്പിൽ തോൽക്കില്ല എന്നായി പരശുരാമൻ. അദ്ദേഹം പരമശിവനെയും മഹാവിഷ്ണുവിനേയും പ്രാർത്ഥിച്ചുകൊണ്ട് തന്റെ ആയുധം ഗണേശനെ ലക്ഷ്യമാക്കി അയച്ചു. തന്റെ അച്ഛൻ നൽകിയ ദിവ്യായുധം തന്റെ നേരെ പാഞ്ഞു വരുന്നത് ഗണേശൻ കണ്ടു. അച്ഛനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഗണേശൻ ആ ദിവ്യായുധത്തെ തന്റെ കൊമ്പിൽ തടഞ്ഞു നിർത്തി. ഗണേശൻ ഒന്നും സംഭവിക്കാത്തതുപോലെ നിന്നു. വിനായകന്റെ കൊമ്പു നിലംപതിച്ചു. മകന്റെ തിരുമുഖത്തു നിന്നു വരുന്ന നിലക്കാത്ത രക്തപ്രവാഹം കണ്ട് ശ്രീപാർവ്വതി ശോകപരവശയായി 'എന്താണ് മകനെ സംഭവിച്ചത് അമ്മയോട് പറയൂ.' ഗണേശൻ ഒന്നും പറഞ്ഞില്ല. ദേവി സുബ്രഹ്മണ്യ സ്വാമിയോട് ചോദിച്ചു. മകനെ ഇവിടെ എന്താണ് ഉണ്ടായത്. 'അമ്മെ അനുവാദം കൂടാതെ അന്തപുരത്തിലേക്ക് കടന്ന പരശുരാമനെ തടഞ്ഞ ഗണപതിക്കു നേരെ ക്ഷുഭിതനായ പരശുരാമൻ പരശു എന്ന ആയുധം പ്രയോഗിച്ചു അതിന്റെ ഫലമാണ് ഇവിടെ കാണുന്നത്'..പാർവ്വതി പരമേശ്വരനോട് സങ്കടം ഉണർത്തിച്ചു. 'ഭഗവാനെ ആരാണ് ഇതിനുത്തരവാദി?' പരമേശ്വരനെ കണ്ട മാത്രയിൽ പരശുരാമൻ അദ്ദേഹത്തിന്റെ തൃക്കാൽക്കൽ വീണു നമിച്ചു. ഗുരുപുത്രനിൽ തന്നെ ബലപരീക്ഷണം നടത്തിയ പരശുരാമനോട് പാർവ്വതീദേവി പറഞ്ഞു. 'മഹാവിഷ്ണുവിന്റെ ദിവ്യാവതാരമാണ് ഗണേശ്വരൻ എന്നറിയാമോ? ഇത്രയൊക്കെ സംഭവിച്ചിട്ടും ഗണപതി ശാന്തനായി നിൽക്കുന്നത് കണ്ടില്ലേ? എല്ലാ ദേവന്മാരിലും ഒന്നാമനായതുകൊണ്ടാണ് ഗണേശൻ പ്രഥമപൂജക്ക് അർഹനാവുന്നത്.' ദേവിയുടെ കോപം കണ്ടു ഇനി എന്തുസംഭവിക്കും എന്നറിയാതെ പരശുരാമൻ ശിവധ്യാനത്തിൽ മുഴുകി. അപ്പോഴാണ് ഒരു ബ്രാഹ്മണബാലൻ അവിടെ പ്രത്യക്ഷപ്പെട്ടത്. അത് സാക്ഷാൽ മഹാവിഷ്ണു ആയിരുന്നു. ഭഗവാൻ ദേവിയോട് പറഞ്ഞു. ഇവിടെ എന്തെങ്കിലും വിഷമമായി സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഈ

(ശേഷം 16-ാം പേജിൽ)

രാഗപരിചയം

# ബഹുധാരി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

കർണ്ണാടക സംഗീതത്തിൽ അതിവിശിഷ്ടമായ ഒരു രാഗമാണ് ബഹുധാരി വളരെ ശുഭകരവും പ്രദീപ്തവും സന്തോഷ പ്രദാനം ചെയ്യുന്നതുമായ രാഗമാണിത്. 28-ാമത്തെ മേളകർത്താ രാഗമായ ഹരികാംബോജിയുടെ ജന്യ രാഗമാണ് ബഹുധാരി. 'അനേകം മാർഗ്ഗങ്ങൾ' എന്നാണത്രെ 'ബഹുധാരി' എന്ന തെലുങ്ക് വാക്കിന്റെ അർത്ഥം.

ആരോഹണം : സ ഗ മ പ ധ നി സ

അവരോഹണം : സ നി പ മ ഗ സ

സ്വരസ്ഥാനങ്ങൾ: ഷഡ്ജം, അന്തരഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ചതു:ശ്രുതി ധൈവതം, കൈശികിനിഷാദം.

ആരോഹണത്തിൽ ആറും അവരോഹണത്തിൽ അഞ്ചും സ്വരങ്ങൾ വരുന്നതിനാൽ ബഹുധാരി ഷാഡ്വ-ഔഡവ ജന്യരാഗമാകുന്നു. രിഷഭം എന്ന സ്വരം ഈ രാഗത്തിൽ വർജ്ജ്യമാണ്. അന്യസ്വരം (അതായത് സ്വന്തം മേളകർത്താ രാഗമായ ഹരികാംബോജിയിൽ ഇല്ലാത്ത സ്വരങ്ങൾ) വരാത്തതിനാൽ ഇത് ഒരു ഉപാംഗരാഗമാണ്. മദ്ധ്യമ കാലത്തിൽ ആണ് ബഹുധാരി രാഗം കൂടുതൽ ശോഭിക്കുന്നത്. ഏതു സമയത്തും ആലപിക്കാവുന്ന സർവ്വകാലിക രാഗം കൂടിയാണിത്.

ത്യാഗരാജസ്വാമി സ്വന്തം കൃതികളിലൂടെ ബഹുധാരി എന്ന രാഗത്തെ ജനങ്ങളിലേക്ക് എത്തിച്ചു എന്നു പറയപ്പെടുന്നു. അതീവ സന്തോഷം, അനുകൂല ഊർജ്ജം എന്നിവ ഈ രാഗത്തിന്റെ ഫലങ്ങളാണ്. കർണ്ണാടക സംഗീതത്തിലെ 'നാഗസ്വരാവലി' എന്ന രാഗം ബഹുധാരിയോടു സമാനത പുലർത്തുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | | |
|---|---|---|---|---|---|
| 1. | സ്മരവാരം | - | ആദി | - | സദാശിവബ്രഹ്മേന്ദ്ര |
| 2. | മാരകോടി സുന്ദരി | - | ആദി | - | ജി.എൻ.ബാലസുബ്രഹ്മണ്യം |
| 3. | ബ്രോമഭാരമാ | - | ആദി | - | ത്യാഗരാജസ്വാമി |
| 4. | പാലിന ഭുവന | - | ആദി | - | വാസുദേവാചാർ |
| 5. | പ്രസന്ന ഗണപതേ | - | രൂപകം | - | മൈസൂർ ടി ചൗഡയ്യ |
| 6. | ഭജമാനസ വിഘ്നേശ്വര | - | ആദി | - | തുളസീവനം രാമചന്ദ്രൻ നായർ |

## ചലച്ചിത്രഗാനങ്ങൾ

| | | | |
|---|---|---|---|
| 1. | നാദബ്രഹ്മത്തിൻ സാഗരം<br>'ഊഴിൽ ഞാൻ തീർത്ത' എന്ന ഭാഗം | - | കാട്ടുകുരങ്ങ് |
| 2. | ഭഗവതി പട്ടുടുത്തു | - | കാലം കാത്തു നിന്നില്ല |
| 3. | മനസ്വിനീ നിൻ | - | തോരണം |
| 4. | അയ്യൻ അയ്യൻ അയ്യപ്പൻ | - | (ഭക്തിഗാനം) |
| 5. | തീ തീ തിത്തിക്കും തീ | - | തിരുടാ തിരുടാ |
| 6. | ആഹാ കാതൽ | - | മൂൻട്ര് പേർ മൂൻട്ര് കാതൽ● |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2017 ഡിസംബർ മാസം 10-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***


വാസ്തു

# പ്രധാന വാതിലും ഗേറ്റും

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഇന്നലെ ഒരു വീട്ടിൽ പോകാനിടയായി അവർക്ക് കിട്ടുന്ന പൈസ മുഴുവൻ ചികിത്സാചിലവിനായി ചിലവഴിക്കേണ്ടി വരുന്നു. 4000 sq.ft. ഉള്ള നല്ല വീട്. 2 കാർ ഇടാവുന്ന സൗകര്യം.

വീടിന്റെ വടക്കും കിഴക്കും റോഡുണ്ട് ഗേറ്റ് കിഴക്കു വടക്കാണ്. കിഴക്കു വശം ധാരാളം സ്ഥലമുണ്ട്.




അവിടത്തെ പ്രധാന തടസ്സങ്ങൾ കിണർ വീടിന്റെ കിഴക്കു മദ്ധ്യത്തിലാണ്. വീടിന്റെ തെക്കുപടിഞ്ഞാറ് ഭാഗം 10X8 അടിയിൽ മുറിഞ്ഞിരിക്കുന്നു. അടുക്കള പടിഞ്ഞാറ് മദ്ധ്യത്തിലാണ് അടുക്കളയുടെ വടക്ക് ഊണ് മുറിയും തെക്ക് കിടപ്പു മുറിയും പടിഞ്ഞാറ് വർക്കേരിയയും പടിഞ്ഞാറെ ഭാഗത്ത് വടക്ക് 10 അടിയും, തെക്ക് 15 അടിയും വീതിയിൽ തുറന്ന സ്ഥലവും ഉണ്ട്. പറമ്പിന്റെ വടക്കുവശം പടിഞ്ഞാറ് 10 അടിയും കിഴക്ക് 7 അടിയും വീതിയിൽ തുറന്ന സ്ഥലമുണ്ട്.

അടുക്കള വടക്കുപടിഞ്ഞാറ് ഊണ് മുറിയിലേക്ക് മാറ്റണം ഊണ് മുറി അടുക്കളയും, അടുക്കള ഊണ് മുറിയും ആക്കണം വർക്കേരിയ ഊണ് മുറിയോട് ചേർക്കണം.

വീടിന്റെ തെക്കു പടിഞ്ഞാറ് മുറിഞ്ഞു പോയത് തറ കെട്ടി അവിടെ ചതുരമാക്കണം.

കിഴക്കുവശത്ത് കിണറിനും വീടിനും ഇടയിൽ വീടിന് സമാന്തരമായി ഒരു കുട്ടി മതിൽ 8 ഇഞ്ച് ഉയരത്തിൽ കെട്ടി കിണർ വേറെ പറമ്പിലാക്കണം.

കിഴക്ക് വടക്ക് ആവശ്യത്തിന് വാഹനം കയറാൻ ഒഴിവാക്കാം.

പറമ്പിന്റെ പടിഞ്ഞാറ് ഭാഗം തെക്കുവശം പടിഞ്ഞാറോട്ടും വടക്കുവശം പടിഞ്ഞാറ് വടക്കോട്ടും തള്ളിയിട്ടുള്ളതുകൊണ്ട് പടിഞ്ഞാറും, വടക്കും, വീടിന് സമാന്തരമായി ചെറിയ മതിൽ 8 ഇഞ്ച് ഉയരത്തിൽ കെട്ടണം.

വീടിന്റെ ഒഴിഞ്ഞ സ്ഥലം വടക്കോട്ടു വരുന്തോറും കുറഞ്ഞു വരരുത്. കൂടി വരുന്നതിൽ കുഴപ്പമില്ല. വടക്കുവശം ഒഴിഞ്ഞ സ്ഥലം കിഴക്കോട്ടു വരുന്തോറും കുറയരുത്. കൂടുന്നതിൽ തെറ്റില്ല.

അടുക്കള കിഴക്ക് തെക്ക്, വടക്ക്, മദ്ധ്യം വരാവുന്നതാണ്. വടക്കു കിഴക്കും, പടിഞ്ഞാറും ആവാം. അടുക്കളയുടെ വടക്കെ ചുമർ വിട്ട് യാതൊരു കാരണവശാലും കിഴക്കുഭാഗം വടക്കോട്ട് തള്ളി മുറിയൊ, പോർച്ചോ വരരുത്. അടുക്കളയുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### താരൺതരൺ സ്വാമി

എ.ഡി. 1505-ൽ രാജസ്ഥാനിലെ പുഷ്പാവതി നഗരിയിൽ ജനിച്ച താരൺ തരൺ സ്വാമി ജൈനകവിതക്ക് വലുതായ സംഭാവനകൾ നൽകിയ വ്യക്തിയാണ്. ഇദ്ദേഹത്തിന്റെ ആദ്യകാലനാമമോ മാതാപിതാക്കളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളോ ലഭ്യമല്ല. താരൺതരൺ സ്വാമിയുടേതായി പതിനാലു ഗ്രന്ഥങ്ങൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ സംഗ്രഹം 'അദ്ധ്യാത്മവാണി' എന്ന പേരിൽ ഇന്നും ഉപലബ്ധമാണ്. ജൈനമതസിദ്ധാന്തങ്ങളാണ് ഈ സംഗ്രഹത്തിന്റെ മുഖ്യഘടകം ''സംസാരസമുദ്രം തരണം ചെയ്യാൻ ആത്മബലം നേടുക! അവനവന്റെ ഉൾക്കരുത്ത് സ്വയം തിരിച്ചറിയുക'' എന്ന് താരൺ തരൺ സ്വാമി ജനങ്ങളെ ഉദ്ബോധിപ്പിച്ചു. 'താരൺ' എന്നാൽ 'സംസാരദു:ഖം' എന്നർത്ഥം! അതിനെ തരണം ചെയ്യിക്കുന്ന മഹാൻ എന്ന അർത്ഥത്തിൽ ജനങ്ങൾ അദ്ദേഹത്തെ താരൺ തരൺ സ്വാമി എന്നു സംബോധന ചെയ്തുപോന്നു. ആത്മീയ നവോത്ഥാന മേഖലയിൽ തന്റേതായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചുകൊണ്ട് ദീർഘമായ ജീവിതം നയിച്ചശേഷം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

### ആദികവി പംപ

പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മൂന്നു പ്രമുഖ ജൈനകവികളെ 'മൂന്നു രത്നങ്ങൾ' എന്ന് ചരിത്രം വാഴ്ത്തുന്നു. ഇവരിൽ ഒരാളായിരുന്നു പംപ (ശ്രീപൊന്ന, റണ്ണാ എന്നിവരാണ് മറ്റുരണ്ടുപേർ). കർണ്ണാടകയിലെ അന്നഗിരിയിൽ ഒരു ജൈന കുടുംബത്തിലാണ് ഇദ്ദേഹം ജനിച്ചത്. അനിതര സാധാരണമായ ബുദ്ധിവൈഭവ മുണ്ടായിരുന്നതിനാൽ കൗമാരമെത്തും മുമ്പ് പ്രാകൃതഭാഷ, കന്നഡ, സംസ്കൃതം എന്നീ ഭാഷകൾ വശമാക്കി. അറിവു നേടാനുള്ള അഭിവാഞ്ചയാൽ വിവിധ വിഷയങ്ങളഭ്യസിച്ചു പോന്നു. ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹം വേദസാഹിത്യം, ജൈനസിദ്ധാന്തങ്ങൾ, സംഗീതം, തത്വശാസ്ത്രം, ധനശാസ്ത്രം എന്നിവയിൽ പാണ്ഡിത്യം നേടി. നൃത്തവും വൈദ്യവും അഭ്യസിച്ചു. കാമശാസ്ത്രമെന്ന ഗ്രന്ഥവും വായിച്ചു തീർത്തു. ഇതിനിടെ ശ്രാവണബെലഗൊളയിലെ ഗുരുദേവേദ്ര മുനിയിൽ നിന്നു ദീക്ഷ സ്വീകരിച്ചു. തുടർന്ന് ദേശസഞ്ചാരത്തിൽ വ്യാപൃതനായി ഇന്ത്യയിലങ്ങോളമിങ്ങോളം സഞ്ചരിക്കയും നിരവധി കൃതികൾ രചിക്കയും ചെയ്തു. ദേശാടനത്തിനിടയിൽ ചാലുക്യ രാജധാനിയിൽ എത്തിച്ചേർന്ന പംപാ രാജാവായ അരികേസരി രണ്ടാമനെ സന്ദർശിച്ചു. (രാഷ്ട്രകുടാ വംശജനായിരുന്നു അരികേസരി). അവർ തമ്മിൽ ഗാഢമായ സൗഹൃദം ഉടലെടുത്തു. അതിന്റെ അനന്തരഫലമായി പംപാ അരികേസരിയുടെ രാജധാനിയിൽ സ്ഥിരവാസമുറപ്പിച്ചു. മുപ്പത്തൊമ്പതാമത്തെ വയസ്സിൽ അദ്ദേഹം കന്നഡ ഭാഷയിൽ ആദിപുരാണം രചിച്ചു. രാമായണത്തെ അധികരിച്ചുള്ള ഈ കൃതി ഏറെ ജനസമ്മതിനേടി. തുടർന്ന് ചമ്പുശൈലിയിൽ വിക്രമാർജുനവിജയവും രചിച്ചു. മഹാഭാരതത്തെ സാധാരണക്കാർക്കിടയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ രചിക്കപ്പെട്ട ഈ ഗ്രന്ഥം പംപാ ഭാരതം എന്നറിയപ്പെട്ടു. (ഇന്നും കർണ്ണാടകയിൽ ഈ ഗ്രന്ഥത്തിന് ഏറെ പ്രചാരമുണ്ട്). ഇതോടെ ജനങ്ങൾ അദ്ദേഹത്തെ ആദികവി എന്നു സംബോധന ചെയ്യാൻ തുടങ്ങി.

ആദികവി പംപായുടെ സാഹിത്യകുശലതയെ അംഗീകരിച്ചുകൊണ്ട് രാജാഅരികേസരി അദ്ദേഹത്തിന് 'കവിതാഗുണാർണവ' ബിരുദം നൽകി ആദരിച്ചു. സമൂഹത്തിൽ ആത്മീയ നവോത്ഥാനത്തിന്റെ തരംഗങ്ങൾ സൃഷ്ടിച്ച ആദികവി പംപാ സുദീർഘമായൊരു ജീവിതം നയിച്ചശേഷം സ്വർഗം പൂകി.

### ശ്രീപൊന്ന

പത്താം നൂറ്റാണ്ടിൽ കർണ്ണാടക ദേശത്ത് ജീവിച്ചിരുന്ന മൂന്നുരത്നങ്ങളിൽ ഒരാളായ ശ്രീപൊന്ന ജനിച്ചത് ആന്ധ്രയിലെ വേംഗി ജില്ലയിലാണ്. ജൈനമതം സ്വീകരിച്ച മാതാപിതാക്കൾ പിന്നീട് കർണ്ണാടകത്തിലേക്ക് കുടിയേറി. രാഷ്ട്രകുടാ വംശത്തിന്റെ രാജധാനിയായ മാന്യഖേതയിൽ അവർ വാസമുറ

പ്പിച്ചു. ബാല്യം മുതൽക്കേ ആത്മീയവിഷയങ്ങളിൽ തൽപരനായിരുന്ന ശ്രീപൊന്ന ജൈനമതസിദ്ധാന്ത ങ്ങൾ സ്വാംശീകരിച്ചു. തീർത്ഥങ്കരന്മാരുടെ ജീവചരി ത്രങ്ങളെ അധികരിച്ച് ഗവേഷണങ്ങൾ നടത്തി. ജിന ചന്ദ്രദേവൻ എന്ന തീർത്ഥങ്കരന്റെ നിർവ്വാണസ്മരണ നിലനിർത്താനായി ജിനാക്ഷരമാല (ജൈനപുരാണം) എന്ന കൃതിയും പതിനാറാമത്തെ തീർത്ഥങ്കര നാ യ ശാന്തിനാഥന്റെ ജീവിതത്തെയും പതിനൊന്നു പൂർവ്വജന്മങ്ങളെയും ചിത്രീകരിച്ചു കൊണ്ട് ശാന്തി പുരാണം എന്ന കൃതിയും രചിച്ചു. ഇവയിൽ രണ്ടാ മത്തെ ഗ്രന്ഥം ചമ്പുശൈലി യിലാണ് രചിച്ചിരി ക്കുന്നത്. 39 കാണ്ഡങ്ങളുള്ള ജിനാക്ഷരമാലയിൽ തീർത്ഥങ്കര ന്മാരെയും ജൈനസന്യാ സികളെയും സ്തുതിക്കുന്നു. ഭുവനൈകരാമായണം എന്നൊരു ഗ്രന്ഥവും ശ്രീപൊന്ന രചിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണരൂപത്തിൽ വീണ്ടെടുക്കപ്പെട്ടിട്ടില്ല. രാഷ്ട്ര കുടാ രാജവംശത്തിൽപ്പെട്ട രാജാവായ കൃഷ്ണ മൂന്നാമന്റെ ആസ്ഥാന കവിയായിരുന്നു ശ്രീപൊന്ന. കന്നഡഭാഷയും സംസ്കൃതവും ഒരേ വിരുതോടെ കൈകാര്യവും ചെയ്തുപോന്ന ആസ്ഥാന കവി യെ രാജാവ് 'ഉഭയകവിചക്രവർത്തി' എന്ന ബിരുദം നൽകി ആദരിച്ചു. സാഹിത്യത്തിലൂടെ ആത്മീയന വോത്ഥാനത്തിനു വഴിപാകിയും സുഭാഷിതങ്ങളിലൂ ടെ മുഖ്യധാരാസമൂഹത്തിൽ മാറ്റത്തിന്റെ ശംഖൊ ലി മുഴക്കിയും ദീർഘകാലം ജീവിച്ചതിനുശേഷം ശ്രീപൊന്ന യശഃശരീരനായി.

## 5. റണ്ണാ

കന്നഡ സാഹിത്യത്തിൽ പരാമർശിക്കപ്പ ടുന്ന 'മുന്നു രത്നങ്ങളിൽ' ഒരാളായ റണ്ണാ കർണ്ണാ ടകത്തിലെ മുഡുവോവൻ ജില്ലക്കാരനായിരുന്നു. പത്താം നൂറ്റാണ്ടിൽ വളക്കച്ചവടക്കാരുടെ കുടുംബ ത്തിൽ ജനിച്ച അദ്ദേഹം ബാല്യം മുതൽക്കേ ആത്മീ യകാര്യങ്ങളിൽ തൽപരനായി. 'ഹാലെഗന്നഡ' ഭാഷ എന്നറിയപ്പെട്ടിരുന്ന പുരാതന കന്നഡ ഭാഷയിൽ പ്രാവീണ്യം നേടിയ അദ്ദേഹം കാവ്യങ്ങൾ രചിക്കാൻ തുടങ്ങി. പടിഞ്ഞാറൻ ഗംഗാവംശത്തിന്റെ മന്ത്രി സ്ഥാനം വഹിച്ചിരുന്ന ചൗണ്ഡരായൻ റണ്ണായെ ആവോളം പ്രോത്സാഹിപ്പിച്ചു. ചാലുക്യ സാമ്രാജ്യ ത്തിന്റെ ഉദയത്തോടെ അദ്ദേഹം തൈലപൻ രണ്ടാ മന്റെ (രാജാ സത്യാശ്രയന്റെ പിൻഗാമി) ആസ്ഥാന കവിയായി അവരോധിക്കപ്പെട്ടു. അജിതപുരാണം, പരശുരാമചരിതം, സാഹസഭീമവിജയ (ഗദായുദ്ധ), റണ്ണാ കാണ്ഡ, ചക്രേശ്വരചരിതെ തുടങ്ങിയ കൃതി കൾ രചിച്ചുകൊണ്ട് അദ്ദേഹം ജനഹൃദയങ്ങളിൽ സ്ഥാനം നേടി. ജനപ്രിയനായ കവിയെ രാജാവ് 'കവിചക്രവർത്തി' എന്ന ബിരുദം നൽകി ആദരിച്ചു. രണ്ടാം തീർത്ഥങ്കരനായ അജിതനാഥന്റെ ജീവച രിത്രമാണ്, ചമ്പു ശൈലിയിൽ രചിക്കപ്പെട്ട അജി തപുരാണത്തിന്റെ ഉള്ളടക്കം. നാഗവർമ്മൻ എന്ന പട്ടാളമേധാവിയുടെ പത്നിയായ അത്തിമബെയുടെ പ്രോത്സാഹനം കൊണ്ടാണത്രേ റണ്ണാ അജിതപു രാണം രചിച്ചത്. റണ്ണകാണ്ഡ എന്ന പേരിൽ ഒരു പദാർത്ഥഗ്രന്ഥവും അദ്ദേഹം രചിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ 12 കാണ്ഡങ്ങൾ മാത്രമേ വീണ്ടെടുക്ക പ്പെട്ടിട്ടുള്ളൂ. പരശുരാമചരിതെ എന്ന ഗ്രന്ഥം ചാമു ണ്ഡരായരെക്കുറിച്ചുള്ള സ്തുതിഗീതമാണ്. ഇതിൽ ഗംഗാവംശത്തിന്റെ മന്ത്രിയും സൈന്യാധിപനുമായ ചാമുണ്ഡരായരെ സാക്ഷാൽ സമരപരശുരാമനുമായി താരതമ്യം ചെയ്യുന്നു. വീരചരിതങ്ങൾക്ക് കേൾവി കേട്ട കാലഘട്ടമായിരുന്നതിനാലാവാം റണ്ണാ വീണ്ടും മറ്റു ചില വീരപുരുഷന്മാരുടെ ഗാഥകളെഴുതിയത്. സാഹസഭീമവിജയം അഥവാ ഗദായുദ്ധം അദ്ദേഹ ത്തിന്റെ ഉൽകൃഷ്ടകൃതിയായി വാഴ്ത്തപ്പെടുന്നു. തന്റെ രക്ഷാധികാരിയായ ചാലുക്യരാജൻ സത്യ രായനെ മദ്ധ്യമപാണ്ഡവനായ ഭീമനുമായി തുലനം ചെയ്തുകൊണ്ട് റണ്ണാ ഈ കൃതിയെ ഉദാത്തവൽക്ക രിച്ചിരിക്കുന്നു. മഹാഭാരതത്തിലെ പ്രതിനായകനായ ദുര്യോധനനെ വീരപരാക്രമത്തിന്റെ പ്രതിരൂപമായി വാഴ്ത്തുന്നുമുണ്ട്. ആത്മീയ നവോത്ഥാനത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച റണ്ണാ സുദീർഘമായ ഭൂലോ കവാസത്തിനുശേഷം സ്വർഗ്ഗം പൂകി.

## 12. വേദഭൂമിയിലെ കെടാവിളക്കുകൾ

കാലം കടന്നുപോയി.ബുദ്ധ-ജൈനമതങ്ങ ളുടെ പ്രചാരണം മന്ദഗതിയിലായി. ക്രിസ്തുമത വും ഇസ്ലാംമതവും രംഗപ്രവേശം നടത്തി.അതോ ടെ ഭാരതീയ ജനത ആശയക്കുഴപ്പത്തിലകപ്പെട്ടു. വൈദേശിക ആക്രമണങ്ങളുടെ ഫലമായി സ്വത്വം നഷ്ടപ്പെട്ട ഒരു ജനതയെ ഉദ്ധരിക്കുക എളുപ്പമാ യിരുന്നില്ല. ഈ ഘട്ടത്തിൽ, മികച്ച ഉൾക്കാഴ്ചയും ദീർഘവീക്ഷണവുമുള്ള അനവധി ഋഷികവിമാർ സമൂഹത്തിലേക്കിറങ്ങിച്ചെന്നു. അന്ധവിശ്വാസങ്ങളു ടെയും അനാചാരങ്ങളുടെയും ഇരകളെ ഹൃദയത്തോ ടു ചേർത്തു പിടിക്കയാണ് അവരാദ്യം ചെയതത്. അജ്ഞാനത്തിന്റെ പ്രളയച്ചുഴിയിലകപ്പെട്ട് പൈതൃ കസംസ്കാരം നഷ്ടപ്പെടാതെ നോക്കേണ്ടതിന്റെ ഉത്തരവാദിത്തം അവർ സ്വയം ഏറ്റെടുത്തു. മാർഗ ങ്ങൾ വിഭിന്നമായിരുന്നെങ്കിലും അവരുടെ ലക്ഷ്യം ഒന്നായിരുന്നു. ഏകം സത്യം എന്നും സർവ്വവും ഈശ്വരമയമെന്നുമുള്ള തിരിച്ചറിവിൽ സനാതന ധർമ്മവ്യവസ്ഥയിലും ഫലകാംക്ഷയില്ലാത്ത കർമ്മ

യോഗസിദ്ധാന്തത്തിലും അവർ വിശ്വാസമർപ്പിച്ചു. മദ്ധ്യകാല ഭാരതത്തിൽ ഒരു ആത്മീയ നവോത്ഥാനത്തിന്റെ കാഹളമുയരാൻ താമസമുണ്ടായില്ല. കശ്മീർ, ബംഗാൾ, ഗുജറാത്ത്, തമിഴ്നാട്, തെലുങ്കുദേശം, കർണ്ണാടകം, കേരളം തുടങ്ങിയ വിവിധ ദേശങ്ങളിൽ അതിന്റെ പ്രതിധ്വനികൾ മുഴങ്ങി. ഉത്തർപ്രദേശിലെ വാരാണസി ഋഷി കവിമാരുടെ കർമ്മഭൂമിയായി.

കാലാനുക്രമണയനുസരിച്ചല്ലെങ്കിൽക്കൂടി ഭക്തിപ്രസ്ഥാനത്തിന്റെ ദീപശിഖ തെളിച്ച ഋഷികവിമാരുടെ ലഘുജീവചരിത്രങ്ങൾ വായിക്കുമ്പോൾ നമ്മുടെ അന്തരംഗം അഭിമാനവിജൃംഭിതമാകും! സംസ്ക്കാരത്തിന്റെ വേരുകൾ ഇന്ത്യയുടെ ആത്മാവിലേക്ക് ആഴ്ന്നിറങ്ങും!

## ഗോസ്വാമി തുളസീദാസ്

രാമഭക്തിയിലൂടെ സമൂഹത്തിൽ നവോത്ഥാനത്തിനു വഴിപാകിയ വ്യക്തിയാണ് ഗോസ്വാമി തുളസീദാസ്. മുഗൾ ചക്രവർത്തിമാരുടെ കാലത്ത്, അനുകൂലമല്ലാത്ത സാഹചര്യങ്ങളെ അതിജീവിച്ച് അദ്ദേഹം തന്റെ സാഹിത്യപ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളെ കീഴടക്കി.

ഉത്തർപ്രദേശിലെ ചിത്രകൂടത്തിനുസമീപം ഹാജിപൂർ (രാജാപുർ) എന്ന ഗ്രാമത്തിൽ ആത്മാറാം ദുബേ എന്നൊരു ഉത്തമബ്രാഹ്മണൻ താമസിച്ചിരുന്നു. പണ്ഡിതനും ജോതിഷിയുമായ അദ്ദേഹത്തിന്റെ പത്നിയുടെ പേര് ഹുലസി എന്നായിരുന്നു. ഈ ബ്രാഹ്മണദമ്പതിമാരുടെ മൂത്ത സന്താനമായി എ.ഡി. 1497– ലാണ് തുളസീദാസ് ജന്മമെടുത്തത് എന്ന് ശിഷ്യനും ഋഷികവിയുമായ വേണീ മാധവ് ദാസ് രേഖപ്പെടുത്തിയിരിക്കുന്നു. എ.ഡി. 1532 ലാണ് അദ്ദേഹത്തിന്റെ ജനനം എന്ന് സർ ഗ്രിയർസണും മറ്റുചില ആധുനിക ഗവേഷകരും അനുമാനിക്കുന്നു. മറ്റുചില ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്ന കണക്കനുസരിച്ച് എ.ഡി. 1526 ലാണ് തുളസീദാസ് ജനിച്ചത്. എന്നാൽ തൊണ്ണൂറ്റിയൊൻപത് വയസ്സുകഴിഞ്ഞതിനുശേഷമാണ് അദ്ദേഹം ചരമമടഞ്ഞത് എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.

ജാതകദോഷം പറഞ്ഞ് ജനിച്ചയുടൻ മാതാപിതാക്കൾ കുഞ്ഞിനെ ഉപേക്ഷിച്ചു. ഭിക്ഷക്കാർ അവനെ എടുത്തു വളർത്തി. അവർ അവനെ രാംബോല എന്നു വിളിച്ചു. അഞ്ചുവയസ്സായപ്പോൾ അവന്റെ വളർത്തമ്മയായ ഭിക്ഷക്കാരി മരിച്ചു. തുടർന്ന് ക്ഷേത്രനടകളിലും മുസ്ലീം ദേവാലയങ്ങളിലും അവൻ കയറിയിറങ്ങി. ഭിക്ഷാടനത്തിലൂടെ കിട്ടിയ പണം കൊണ്ടു വിശപ്പടക്കി. ഒരുനാൾ ബാലൻ സൂകരക്ഷേത്രം എന്ന സ്ഥലത്തെത്തി, അവിടത്തെ ഹനുമാൻ ക്ഷേത്രപരിസരത്തുള്ള കുരങ്ങന്മാർ അവന്റെ ശ്രദ്ധയാകർഷിച്ചു. ഭക്തജനങ്ങൾ കൊടുക്കുന്ന കടലയും ശർക്കരയും തിന്നു കുശാലായി ജീവിക്കുകയാണവർ. അവരോടൊപ്പം കൂടിയാൽ നിത്യേന ആഹാരം മുട്ടാതെ കഴിച്ചുകൂട്ടാം എന്നു തോന്നിയപ്പോൾ രാംബോല അവിടെ തങ്ങി. നിത്യവും ക്ഷേത്രവും കുളപ്പടവുകളും കഴുകി വൃത്തിയാക്കുക അവൻ ശീലമാക്കി. സദാ രാമനാമം ചൊല്ലി. ഹനുമാൻ സ്വാമിയോട് തന്നിൽ കരുണ കാട്ടേണമേ എന്നു പ്രാർത്ഥിച്ചു.

ഒരുനാൾ മഹാപണ്ഡിതനും അഭിവന്ദ്യ ആചാര്യനുമായ നരഹരിദാസ് സൂകരക്ഷേത്രത്തിലെ ഹനുമാൻ മന്ദിറിലെത്തി. ബാലനായ രാംബോലയെ അദ്ദേഹം ശ്രദ്ധിച്ചു. അനുഭവങ്ങളുടെ പഞ്ചാഗ്നിമദ്ധ്യേ വളർന്ന ബാലനിൽ ഒരു പരമയോഗീശ്വരനെ കാണാൻ അദ്ദേഹത്തിന്റെ ഉൾക്കണ്ണിന് ഒരുനിമിഷം പോലും വേണ്ടിവന്നില്ല. നരഹരിദാസ് ബാലനെ ഉപവീതം ധരിപ്പിക്കുകയും അവന് ഗായത്രീമന്ത്രോപദേശം നൽകുകയും ചെയ്തു. സരയൂനദീതീരത്തുള്ള തുളസീവനത്തിലേക്ക് അദ്ദേഹം അവനെ കൂട്ടിക്കൊണ്ടുപോയി. അവിടെ പ്രതിഷ്ഠിച്ചിരുന്ന ശ്രീരാമവിഗ്രഹത്തിനു മുമ്പിൽ അവൻ സാഷ്ടാംഗം നമസ്കരിച്ചു. പെട്ടെന്ന് വിഗ്രഹത്തിന്റെ പാദത്തിൽ നിന്ന് ഒരു തുളസീദളം അവന്റെ ശിരസിൽ പതിച്ചു. ഇത് ഒരു നിമിത്തമായി കരുതിയ ആചാര്യൻ അവനെ തുളസീദാസ് എന്ന് നാമകരണം ചെയ്തു. ദീക്ഷ സ്വീകരിച്ച തുളസീദാസ് ഗുരുവിനെ ബാബാ എന്നു സംബോധന ചെയ്യാൻ തുടങ്ങി. പിൽക്കാലത്ത് ലോകം കണ്ട ശ്രീരാമഭക്തരിൽ അഗ്രഗണ്യനായിത്തീർന്ന ഈ മഹാഋഷിയുടെ ജീവിതത്തിലുണ്ടായ ഏറ്റവും മുഖ്യമായ ഒരു വഴിത്തിരിവായിരുന്നു ഇത്. ബാബയിൽ നിന്ന് തുളസീദാസ് മികച്ച വിദ്യാഭ്യാസം നേടി. താമസിയാതെ അദ്ദേഹത്തിന്റെ കാവ്യപ്രതിഭയുണർന്നു. ആഞ്ജനേയനെ സ്തുതിച്ചു കൊണ്ട് അദ്ദേഹം 'ഹനുമാൻ ചാലീസ' എന്ന കൃതി രചിച്ചു. (ഇന്നും ഏറ്റവും ജനപ്രീതിയുള്ള ഹനുമാൻ സ്തോത്രമാണിത്). ഈ കൃതി വായിക്കാനിടയായ നരഹരിദാസ്ജി ശിഷ്യനെ ഉന്നത വിദ്യാഭ്യാസത്തിനായി കാശിയിലേക്കയച്ചു. തുടർന്ന് പണ്ഡിതനും ഋഷിവര്യനുമായ ശേഷമുനിയുടെ കീഴിൽ ഗുരുകുലവാസം! ശേഷമുനിയിൽ നിന്ന് പതിനെട്ടു പുരാണങ്ങളിലും വേദോപനിഷത്തുക്കളിലും ജ്ഞാനം നേടി. ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തത്തെക്കുറിച്ചും മനസ്സിലാക്കി. പക്ഷെ തന്റെ രാമോപാസനക്കു യാതൊരു വിഘ്നവും വരുത്തിയില്ല. ഭഗവാൻ ശിവന്റെ

ആസ്ഥാനമായ കാശിയിൽ താമസിക്കുമ്പോഴും തുളസീദാസ് ശ്രീരാമസ്വാമിയെയാണ് ഉപാസിച്ചത്. ഉപരിപഠനം കഴിഞ്ഞ് അയോദ്ധ്യയിൽ മടങ്ങിയെത്തിയ ശിഷ്യനെ ബാബാ നരഹരിദാസ് വാരിപ്പുണർന്നു. തുളസീദാസിനെ അദ്ദേഹം തന്റെ പിൻഗാമിയായി വാഴിച്ചു. ഇതിനിടെ തുളസീദാസ് സ്വന്തം പൂർവ്വചരിത്രം മനസിലാക്കി. മാതാപിതാക്കളോ അടുത്ത ബന്ധുക്കളോ ജീവിച്ചിരിപ്പില്ലെന്നറിഞ്ഞ അദ്ദേഹം ദുഃഖിതനായി. ജന്മദേശം കാണാൻപോലും അദ്ദേഹം തുനിഞ്ഞില്ല.

ബാബയുടെ പാഠശാലയിൽ തങ്ങി ബ്രഹ്മചാരികൾക്ക് ജ്ഞാനം പകർന്നു നൽകുന്നതിൽ മാത്രം തുളസി ശ്രദ്ധപുലർത്തി. തുളസിയുടെ രാമായണ പ്രഭാഷണത്തിന് ഏറെ ആരാധകരുണ്ടായി. ഇതിനിടെ പണ്ഡിറ്റ് ദിനാനാഥ്പാഠക് എന്ന ബ്രാഹ്മണന്റെ പുത്രി രത്നാവലിയുമായി തുളസിയുടെ പാണിഗ്രഹണം നടന്നു. സ്നേഹസമ്പന്നമായിരുന്നു ദാമ്പത്യമെങ്കിലും അതു പൂവണിയാതെ പോയി. അതോടെ രത്നാവലി ആദ്ധ്യാത്മികതയുടെ വഴിതേടി. ഭർത്താവിന്റെ കർമ്മകാണ്ഡത്തിനു മുഖ്യപ്രേരണ ചെലുത്തിയതും രത്നാവലിയായിരുന്നു. കാലാന്തരത്തിൽ തുളസീദാസ് ലൗകിക ജീവിതം ത്യജിക്കുകയും രാമോപാസന ജീവിതവ്രതമാക്കുകയും ചെയ്തു. രത്നാവലിയുടെ ദേഹവിയോഗവും തുളസിയുടെ സന്യാസ ജീവിതത്തിനു കാരണമായി. ഉത്തരഭാരതത്തിലുടനീളം അദ്ദേഹം യാത്രചെയ്തു. പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്തു. ക്ഷേത്രങ്ങൾ സന്ദർശിച്ചു. ചെല്ലുന്നിടത്തെല്ലാം സുഭാഷിതങ്ങളിലൂടെ ജനങ്ങളെ ഉദ്ബുദ്ധരാക്കി. ജഗന്നാഥപുരി, രാമേശ്വരം, ദ്വാരാവതി, ബദരികാശ്രമം തുടങ്ങിയ പുണ്യസ്ഥലങ്ങളിലും ഹിമാലയസാനുക്കളിലും സഞ്ചരിച്ചിട്ടുള്ളതായി തുളസീദാസ് തന്റെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുളസിയുടെ രാമായണപ്രഭാഷണം നടക്കുമ്പോൾ സദസിൽ സാക്ഷാൽ ഹനുമാൻ സ്വാമിയുടെ സാന്നിദ്ധ്യം പതിവുണ്ടായിരുന്നുവത്രേ.! ഒരിക്കൽ ഹനുമാനോട് തനിക്കു ശ്രീരാമസ്വാമിയുടെ ദർശനഭാഗ്യം തരണമെന്ന് തുളസി അപേക്ഷിച്ചു. ഹനുമാന്റെ കൽപ്പനയനുസരിച്ച് തുളസി ചിത്രകൂടത്തിൽ ചെന്നു കാത്തിരുന്നു. അവിടെ നാലുനാൾ പ്രാർത്ഥനാനിരതനായി കഴിഞ്ഞുകൂടി. അഞ്ചാംനാൾ തുളസിക്ക് ഇഷ്ടദേവതാദർശനം ലഭിച്ചു. ഈ ദർശനത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട തുളസീദാസ് അയോദ്ധ്യയിലെ സരയൂനദീതീരത്തുവെച്ച് കാവ്യ സാഗരത്തിലെ അമൃതകലശമായ 'ശ്രീരാമചരിതമാനസ്' എന്ന കൃതി എഴുതാൻ തുടങ്ങി. അദ്ദേഹത്തിന് അന്നു മുപ്പത്തിയേഴ് വയസ്സായിരുന്നു പ്രായം. ഏതാനും വർഷങ്ങളുടെ പ്രയത്നത്തിനുശേഷം കാശിയിൽ വെച്ച് കൃതി പൂർത്തിയാക്കുകയും ചെയ്തു.

അയോദ്ധ്യയിലെ ഭരണാധികാരികളുടെ കിരാതനീതിയെയും ഉദ്യോഗസ്ഥരുടെ അഴിമതിയെയും അദ്ദേഹം തന്റെ കൃതികളിലൂടെ എതിർത്തു. ദോഹാവലി എന്ന കൃതിതന്നെ ഇതിനുദാഹരണം. കാവിയുടുത്തു ജനങ്ങളെ കബളിപ്പിച്ചിരുന്ന കപടസന്യാസിമാരുടെ മുഖംമൂടികൾ അദ്ദേഹം വലിച്ചുകീറി. സ്വാഭാവികമായും അയോദ്ധ്യയിൽ തുളസിക്ക് ശത്രുക്കൾ ഏറിയേറിവന്നു. തുളസി കാശിയിലഭയം തേടി. മനുഷ്യർക്ക് പ്രത്യാശയുടെയും വിശ്വാസത്തിന്റെയും പുതിയ പാഠങ്ങൾ പറഞ്ഞുകൊടുത്തു. ഇക്കാലത്ത് കാശിനാഥനായ പരമശിവനെക്കുറിച്ച് കൃതികൾ രചിച്ചു. വിനയ പത്രിക, രാംലലാനഹഛൂ എന്നിവയും തുളസിയുടെ തൂലികയിൽ വിരിഞ്ഞ ഉൽകൃഷ്ട കൃതികളാണ്. സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നെങ്കിലും അവധി ഭാഷയിലാണ് തുളസി ശ്രീരാമചരിതമാനസ് രചിച്ചത്. അക്കാലത്ത് സാധാരണക്കാർ അവധിയിലാണ് ആശയവിനിമയം ചെയ്തിരുന്നത് എന്നതിനാൽ രാമായണകാവ്യത്തെ സാധാരണക്കാർക്കിടയിലെത്തിക്കുക എന്നതു തന്നെയായിരുന്നു തുളസിയുടെ ഉദ്ദേശം. സംസ്കൃതവിശാരദൻമാർ മാത്രമടങ്ങിയ പണ്ഡിതവർഗം, ഉന്നത കുലജാതരുടെ പ്രത്യേകവിഭാഗം, പുരോഹിതവർഗം, അധഃകൃതവർഗ്ഗം എന്നിങ്ങനെ സമൂഹം പല തട്ടുകളായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന കാലം! സാമ്പത്തികമായ അസമത്വങ്ങളും ജനങ്ങൾക്കിടയിൽ വിടവു സൃഷ്ടിച്ചു. ഇത്തരം ഒരന്തരീക്ഷത്തിൽ പിറന്നുവീണ രാമചരിതമാനസ് സമൂഹത്തിൽ വിപ്ലവകരമായ മാറ്റത്തിനു വഴിവെച്ചു. ആചാര്യ മധുസൂദൻസരസ്വതിയും ഉന്നതശ്രേണിയിൽപ്പെട്ട മറ്റു വിദ്വാന്മാരും തുളസിയെ സർവ്വാത്മനാ അംഗീകരിച്ചു. പ്രഭുവും ഭൂവുടമയുമായ തോഡർമാൽ, പണ്ഡിതനായ അബ്ദുർ റഹിംഖാൻ-ഇ-ഖാന തുടങ്ങിയവർ തുളസിയുടെ ആരാധകരായിത്തീർന്നു. സൂർദാസ്, നന്ദദാസ്, ബനാറസിദാസ്, ഹിത്ഹരിവംശ്, കേശവദാസ്, മീരാബായി, റഹിം തുടങ്ങിയ സമകാലികരായ ഋഷികവികൾ തുളസീദാസിനെ ഗുരുവായി അംഗീകരിച്ചു. രാജാമാൻസിംഗ്, രാജാജഗൽസിംഗ് തുടങ്ങിയവരും തുളസിയെ ആദരിച്ചു പോന്നു. ഗംഗാതടങ്ങളിൽ പല ദിക്കുകളിലായി തുളസീദാസ് ഒട്ടേറെ ക്ഷേത്രങ്ങൾ പണിയുകയും ഹനുമാൻ സ്വാമിയെ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇവയിൽ ഏറെ പ്രശസ്തി നേടിയത് സങ്കടമോചൻ

ക്ഷേത്രമാണ്. ഇന്നും ഭക്തജനങ്ങൾ തങ്ങളുടെ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാക്കാൻ സങ്കടമോചൻ ക്ഷേത്രത്തിൽ തടിച്ചുകൂടി ഹനുമാൻ സ്വാമിയെ പ്രാർത്ഥിക്കാറുണ്ട്. രാമൻ മാത്രമല്ല ശിവനും തുളസിയെ പലഘട്ടങ്ങളിലായി സഹായിച്ചിരുന്നു എന്നതിനു ദൃഷ്ടാന്തമായ ഒട്ടേറെ ഐതിഹ്യങ്ങൾ ഉണ്ട്. ഒരിക്കൽ തുളസീദാസ് അക്ബർ ചക്രവർത്തിയുടെ അപ്രീതിക്കു പാത്രമായി. ചക്രവർത്തി അദ്ദേഹത്തെ തുറുങ്കിലടച്ചു. തുളസീദാസ് സംയമനത്തോടെ രാമനാമം ജപിക്കാൻ തുടങ്ങി. അല്പസമയത്തിനകം കുരങ്ങന്മാരുടെ ഒരു വൻസൈന്യം പാഞ്ഞെത്തി അവർ ചക്രവർത്തിയുടെ കൊട്ടാരത്തിലും തുറുങ്കിലും ആക്രമണം അഴിച്ചുവിട്ടു. ഇത് ഹനുമാൻ സ്വാമിയുടെ കോപം തന്നെ എന്നു ബോദ്ധ്യംവന്ന അക്ബർ തുളസിയെ സ്വതന്ത്രനാക്കുകയും അദ്ദേഹത്തോടു ക്ഷമായാചനം നടത്തുകയും ചെയ്തു. 'രാമനെന്നോ കൃഷ്ണനെന്നോ അള്ളാഹുവെന്നോ സംബോധന ചെയ്തു കൊള്ളൂ. പക്ഷെ പരംപൊരുൾ ഒന്നേയുള്ളൂ. അത് അനന്തവും അനാമിയും അന്തര്യാമിയുമാണ്. ഈ അവബോധം ഉണ്ടാവണം! അങ്ങിനെ ഒരുൾക്കാഴ്ചയുണ്ടാവുമ്പോൾ താനും ഈശ്വരനും രണ്ടല്ല ഒന്നാണ് എന്ന സത്യം നാം തിരിച്ചറിയുന്നു.! ഇതു തന്നെയാണ് ബ്രഹ്മം എന്നറിയുക!' ഈ പരമാർത്ഥത്തെ തുളസീദാസ് തന്റെ രാമകാവ്യങ്ങളിലൂടെ പ്രചരിപ്പിച്ചു. സമൂഹത്തിൽ അനുകൂലമായ പരിവർത്തനത്തിനു മാർഗ്ഗം കാട്ടിയ ആ ദീപം തൊണ്ണൂറ്റിയൊൻപതാം വയസ്സിൽ സ്വർഗത്തിലേക്കു യാത്രയായി●

**(9-ാം പേജിൽ നിന്ന് തുടർച്ച)**

ശ്വരേച്ഛ മാത്രമാണ്. അതിൽ മാറ്റമുണ്ടാകില്ലല്ലോ?

ഗണേശന്റെ എട്ടു തിരുനാമങ്ങൾ പതിവായി ജപിക്കണം കേട്ടോ കൂട്ടുകാരെ. അത് എന്തൊക്കെ എന്നല്ലേ?

ഗണേശൻ, ഏകദന്തൻ, ഹേരംബൻ., വിഘ്നനായകൻ, ലംബോദരൻ, ശൂർപ്പകർണ്ണൻ, ഗജവക്ത്രൻ, ഗുഹാഗ്രജൻ

പള്ളിക്കൂടം വിട്ടു സായം പടിക്കൽ
തുള്ളിച്ചാടിച്ചെന്നു ഞാനെത്തിടുമ്പോൾ
തള്ളിക്കാര്യം സർവ്വമൊന്നച്ഛനെന്നിൽ
കൊള്ളിക്കുന്നു നോട്ടമെന്നും കൃപാർദ്രൻ
ജോടും മുണ്ടും പുസ്തകം പന്തുമെല്ലാം
മേടിച്ചേകുന്നെന്റെ പാഠം കഴിഞ്ഞാൽ
കൂടിക്കേളിക്കില്ലെനിക്കാരുമെങ്കിൽ
കൂടുന്നച്ഛൻ-ബാലനല്ലെങ്കിലും താൻ
രണ്ടാളും ഹാ ഞങ്ങൾ കണ്ണാടി തന്നിൽ-
കണ്ടാൽ തോന്നും കൗതുകം സ്വല്പമല്ല
ഉണ്ടാകരായക്കച്ഛനേറും വലുപ്പം
കൊണ്ടോ ഭേദം തെല്ലുതാൻ ശ്മശ്രുകൊണ്ടോ●

## നായർ സ്ത്രീ സമാജത്തിലെ 2017 ഡിസംബർ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 08.12.2017 & 09.12.2017 | ക്രിസ്തുമസ് സെയിൽ | |
| 20.12.2017 | കുചേല ദിനം<br>സമ്പൂർണ്ണ നാരായണീയ പാരായണം<br>ശ്രീമതി.രാജം മേനോൻ | രാവിലെ 7.30 മുതൽ |
| 2017 ഡിസംബറിൽ അഷ്ടപദി ക്ലാസ്സുകൾ ആരംഭിക്കുന്നു. | | |

## സംഗീത ക്ലാസ്സുകൾ ആരംഭിക്കുന്നു

**എറണാകുളം കരയോഗത്തിന്റെ കലാവിഭാഗം കർണ്ണാടക സംഗീതം (വായ്പാട്ട്) ലളിതഗാനം, ഹാർമ്മോണിയം, കീബോർഡ്, ഗിറ്റാർ എന്നിവ അഭ്യസിപ്പിക്കുന്നതിനുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നു. 2018 ജനുവരി മാസം മുതൽ എല്ലാ ആഴ്ചയിലും ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ 3 മണി മുതൽ 5 മണി വരെയാണ് ക്ലാസ്സുകൾ നടത്തുന്നത്. പ്രശസ്ത സംഗീതജ്ഞനായ ശ്രീ.പി.ഡി.വിക്രമനാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. പ്രായഭേദമന്യേ താല്പര്യമുള്ള എല്ലാവർക്കും ക്ലാസ്സുകളിൽ ചേരാവുന്നതാണ്.**

**വിവരങ്ങൾക്ക് ബന്ധപ്പെടുക: 0484-2361160, 9447068757**

ക്ഷേത്രങ്ങളിലൂടെ

# പാഴൂർ പെരുംതൃക്കോവിൽ മഹാദേവക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ:8078552892)**

ഭാരതീയ ഗ്രാമങ്ങളുടെ പരിശുദ്ധിയും ലാളിത്യവും ക്ഷേത്രങ്ങളുടെ ഊർജ്ജ മണ്ഡലത്തിൽ നിന്നും ഉടലെടുത്ത വയാണ്. സത്യധർമ്മാദികളിലധിഷ്ഠിതമായ ഒരു സംസ്ക്കാരമാണ് ക്ഷേത്രാരാധനയിലൂടെ നമുക്കു ലഭിക്കുന്നത്. അതാത് സ്ഥലവാസികൾ അവരുടെ ദേശനാഥനെ വിശ്വസിച്ചാരാധിക്കുന്നതിലൂടെ അവരിൽ സുരക്ഷിതത്ത്വബോധം ഉണ്ടാകുന്നു. ഈശ്വര ഭജനം കൊണ്ട് ഭഗവത്പദം പ്രാപിച്ച പല പുണ്യാത്മാക്കളെപ്പറ്റിയും പുരാണങ്ങളിലൂടെ നാം മനസ്സിലാക്കിയിട്ടുണ്ട്. ഭഗവാന്റെ അനുഗ്രഹത്തിനുവേണ്ടി ഭക്തർ പലതും ഉപേക്ഷിക്കാറുണ്ട്. എന്നാൽ തന്റെ ഭക്തനായ ക്ഷേത്രശില്പിക്കുവേണ്ടി ഭഗവാൻ എന്തെങ്കിലും ഉപേക്ഷിക്കുക എന്നത് ഒരു അതിശയം തന്നെയല്ലേ? ഒരു ക്ഷേത്രശില്പിക്ക് ഇതിലും മഹത്തായ എന്തംഗീകാരമാണ് ലഭിക്കേണ്ടത്. അങ്ങനെ ഒരു പ്രത്യേകതയുള്ള ക്ഷേത്രമാണ് പാഴൂർ പെരുംതൃക്കോവിൽ മഹാദേവക്ഷേത്രം.



എറണാകുളം ജില്ലയിൽ പിറവത്തിനടുത്ത് പാഴൂർ എന്ന ഗ്രാമത്തിലെ മഹാക്ഷേത്രമാണ് പാഴൂർ പെരുംതൃക്കോവിൽ മഹാദേവക്ഷേത്രം. മഹാഭാഗ്യങ്ങളുടെ നാട് എന്നാണ് പാഴൂർ ഗ്രാമത്തെ വിശേഷിപ്പിക്കുന്നത്. മൂവാറ്റുപുഴ ആറ്റിലെ പുണ്യജലത്താൽ അനുഗ്രഹീതമായ നാടാണ് പാഴൂർ ഗ്രാമം. ഐതീഹ്യപ്പെരുമകളാൽ നിറഞ്ഞ നാടുമാണ് പാഴൂർ. പാഴൂർ പടിപ്പുര എന്ന് കേട്ടിട്ടില്ലാത്തവർ ഉണ്ടാവില്ലല്ലോ? മൂവാറ്റുപുഴ ആറിന്റെ ഇരുകരകളിലായിട്ടാണ് പാഴൂർ പടിപ്പുരയും പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രവും സ്ഥിതിചെയ്യുന്നത്. ഈ ക്ഷേത്രത്തിന്റെ മൂന്ന് വശങ്ങളിലൂടെയാണ് പുഴ ഒഴുകുന്നത്. പുഴ നേരെ ഒഴുകിയിരുന്നുവെങ്കിൽ പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം ഇവിടെ കാണുമായിരുന്നില്ല. പാഴൂർ പെരുംതൃക്കോവിലിനടുത്തെത്തുമ്പോൾ പുഴ തന്റെ ഗതിവേഗം കുറച്ച് പെരുംതൃക്കോവിലപ്പനെ ഒന്നു വണങ്ങി ക്ഷേത്രത്തിന്റെ മുന്നിലൂടെയും വടക്കു ഭാഗത്തുകൂടിയും പിന്നിലൂടേയും ഒഴുകി, പുണ്യജലപ്രവാഹത്താൽ ഈ ക്ഷേത്രസങ്കേതത്തെ പരിശുദ്ധമാക്കുന്നു. പുഴ നേരെ ഒഴുകാതെ വളഞ്ഞ് ഗതിവേഗം കുറച്ച് ക്ഷേത്രത്തെ തഴുകി ഒഴുകുന്നു എന്നത് പാഴൂരിന്റെ പ്രധാനപ്പെട്ട മഹാഭാഗ്യങ്ങളിൽ ഒന്നാണ്. പാരി-വാൽ-ഊര് എന്ന നാമം രൂപാന്തരം പ്രാപിച്ചാണ് സ്ഥലനാമം പാഴൂരെന്നായത് എന്നാണ് കരുതുന്നത്. ഒരു കുമ്പിൾ ശുദ്ധജലത്തിന്റെ സ്ഥലം എന്നർത്ഥം വരുന്ന പാരിവാലൂർ പാഴൂരായി എന്നും പറയപ്പെടുന്നു. ജ്യോതിശാസ്ത്ര പണ്ഡിതനായ തലക്കുളത്തൂർ ഭട്ടതിരിയുമായി ബന്ധപ്പെട്ടതാണ് പാഴൂർ പടിപ്പുരയുടെ ഐതീഹ്യം. ഭട്ടതിരി ബാല്യത്തിൽ ഗുരുകുലവിദ്യാഭ്യാസകാലത്ത് തന്നെ ജ്യോതിഷത്തിൽ താല്പര്യം കാട്ടിയിരുന്നു. ബാല്യത്തിൽ വേദാദ്ധ്യയനകാലത്ത് നേരം പോക്കിനായി അദ്ദേഹം കൂട്ടുകാരോടൊത്ത് ജ്യോതിഷ പ്രവചനങ്ങൾ നടത്തിയിരുന്നു. ഗുരുനാഥൻ പുറത്തുപോകുന്ന സമയം ബാലനായ ഭട്ടതിരി ചെറിയ പാറക്കല്ലുകൾ നിരത്തി കൂട്ടുകാരോടൊത്ത് പ്രശ്നം വച്ചു കളിക്കുമായിരുന്നു. കൂട്ടുകാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഭട്ടതിരി മറുപടി കൊടുത്തു പോന്നു. പലതും ഫലിക്കുകയും ചെയ്തു. ഗുരുനാഥനെ കുട്ടികൾക്കെല്ലാം വലിയ ഭയമായിരുന്നു. മക്കളില്ലാത്ത അദ്ദേഹം ശിഷ്യന്മാരെ വല്ലാതെ നോവിക്കുന്ന പ്രകൃതക്കാരനായിരുന്നു. ഒരു ദിവസം ഗുരുനാഥൻ പുറത്തുപോയ സമയം കുട്ടികളെല്ലാം ഭട്ടതിരിയുടെ പ്രശ്ന മറുപടികൾ കേട്ടുകൊണ്ടിരിക്കുമ്പോൾ ഗുരുനാഥൻ മടങ്ങി വന്നു.

ഗുരുനാഥൻ വന്നത് കുട്ടികളാരും അറിഞ്ഞുമില്ല. ഭട്ടതിരിയുടെ പ്രശ്ന ഫലങ്ങൾ കേട്ട് ഗുരുനാഥൻ മറഞ്ഞു നിന്ന് ശ്രദ്ധിച്ചു. ഒരു കുട്ടി ഭട്ടതിരിയോടു ചോദിച്ചു. നമ്മുടെ ഗുരുനാഥന് കുട്ടികളില്ലാത്തതെന്താണെന്ന്. കവടി നിരത്തി നോക്കിയാലോ എന്ന്. ഭട്ടതിരി മുഖത്ത് ഗൗരവഭാവം വരുത്തിക്കൊണ്ട് ബാലശാപം കൊണ്ടാണ് അദ്ദേഹത്തിന് കുട്ടികളില്ലാത്തത് എന്ന് പറഞ്ഞു. അതിനു പ്രതിവിധിയില്ലെ എന്ന മറ്റൊരാളുടെ ചോദ്യത്തിന് ദിവസവും പാൽപായസം ഉണ്ടാക്കി, ഒരു ദിവസം പോലും മുടങ്ങാതെ ഒരുവർഷം കുട്ടികൾക്കു കൊടുക്കണം. കുട്ടികളെ തല്ലാനും പാടില്ല. ഇതാണ് പ്രതിവിധി എന്ന് ഭട്ടതിരി പറഞ്ഞു. കൗതുകപൂർവ്വം മറഞ്ഞിരുന്ന് കുട്ടികളുടെ പ്രശ്നഫലം കേട്ടുകൊണ്ടിരുന്ന ഗുരുനാഥൻ കുട്ടികളാരും കാണാതെ അവിടെ നിന്ന് പോവുകയും ചെയ്തു. അതിനു ശേഷം ഗുരുനാഥൻ കുട്ടികളെ ഉപദ്രവിക്കുകയില്ലെന്ന് തീരുമാനിക്കുകയും ദിവസവും പാൽപ്പായസമുണ്ടാക്കി കുട്ടികൾക്കു കൊടുക്കുകയും ചെയ്തു. ഭാഗ്യവശാൽ അദ്ദേഹത്തിന് ഒരു മകൻ ജനിക്കുകയുമുണ്ടായി. വേദാദ്ധ്യയനം കഴിഞ്ഞ് ഭട്ടതിരി ഗുരുകുലത്തിൽ നിന്നും മടങ്ങുന്ന സമയം സന്തുഷ്ടനായ ഗുരുനാഥൻ ജ്യോതിശാസ്ത്രം പഠിക്കണമെന്നുപദേശിക്കുകയും നല്ല സമർത്ഥനായ ജ്യോതിശാസ്ത്ര പണ്ഡിതനായിത്തീരട്ടെയെന്ന് ഭട്ടതിരിയെ അനുഗ്രഹിച്ച് അയക്കുകയും ചെയ്തു. വേദാദ്ധ്യയനത്തിനു ശേഷം ഭട്ടതിരി ഗുരുനാഥന്റെ ഉപദേശപ്രകാരം ജ്യോതിശാസ്ത്രം പഠിച്ച് ജ്യോതിശാസ്ത്ര പണ്ഡിതനായിത്തീരുകയും ചെയ്തു. പ്രസിദ്ധനായ ജ്യോതിഷനായിത്തീർന്ന ഭട്ടതിരിക്ക് അന്യജാതിയിൽപെട്ട സ്ത്രീയിലുണ്ടായ പരമ്പരയാണ് പാഴൂർപടിപ്പുരയിലെ പാഴൂർ കണിയാന്മാരെന്നറിയപ്പെടുന്നവർ. പാഴൂർ കണിയാൻ പറഞ്ഞാൽ തെറ്റില്ല എന്നാണ് വിശ്വാസം. ഭട്ടതിരി ജീവിതാവസാനകാലം തന്റെ മകനോടൊപ്പമായിരുന്നു കഴിഞ്ഞിരുന്നത്. ഭട്ടതിരി ജ്യോതിശാസ്ത്രപ്രകാരമുള്ള പല കാര്യങ്ങളും മകനെ പഠിപ്പിക്കുകയുണ്ടായി. തന്റെ അന്ത്യസമയം മുൻകൂട്ടി കണ്ട ഭട്ടതിരി താൻ മരിച്ചു കഴിഞ്ഞാൽ തന്നെ പാഴൂരിലെ പടിഞ്ഞാറെ പടിപ്പുരയിൽ അടക്കം ചെയ്യണമെന്നും അവിടെയിരുന്ന് പ്രശ്നം ചെയ്താൽ പറയുന്നതെല്ലാം കൃത്യമായി ഫലിക്കുമെന്നും മകനെ അറിയിച്ചു. പിതാവിന്റെ താല്പര്യം മകൻ അതേപടി നിറവേറ്റുകയും ചെയ്തു. അങ്ങനെ പാഴൂർ പടിപ്പുര പ്രശ്നം വെയ്ക്കലിന് പ്രസിദ്ധമായി. ഒരു ദിവസം നവഗ്രഹങ്ങളിൽ പെട്ട ബുധ ശുക്രന്മാർ കണിയാനെ പരീക്ഷിക്കാനായി ബ്രാഹ്മണ വേഷത്തിൽ കിഴക്കെ പടിപ്പുരയിൽ വന്നിരുന്നു. ജ്യോത്സ്യൻ ചെന്ന് ബ്രാഹ്മണരെ വന്ദിച്ചു. ബുധ ശുക്രന്മാർ ഇപ്പോൾ ഏതു രാശിയിലാണെന്നറിയാനാണ് ഞങ്ങൾ വന്നതെന്ന് ബ്രാഹ്മണർ അദ്ദേഹത്തെ അറിയിച്ചു. പഞ്ചാംഗം നോക്കി ബുധശുക്രന്മാരുടെ സ്ഥാനം അദ്ദേഹം പറഞ്ഞുകൊടുത്തു. ഇങ്ങനെ പറഞ്ഞാൽ പോരാ, ഞങ്ങളും ഗ്രഹങ്ങളെ ഗണിക്കാനും മറ്റും പഠിച്ചിട്ടുണ്ട്. ഞങ്ങൾ നോക്കിയപ്പോൾ പഞ്ചാംഗത്തിലെതുപോലെയല്ല കണ്ടത്. നിങ്ങൾ ഒന്നു ഗണിച്ചു നോക്കി പറയണം എന്ന് ബ്രാഹ്മണർ പറഞ്ഞു. ഗണിക്കേണ്ട ആവശ്യമില്ല, ഈ പഞ്ചാംഗം കൃത്യമാണ് എന്ന് കണിയാനും ശഠിച്ചു. ബ്രാഹ്മണരുടെ നിർബന്ധം മൂലം അദ്ദേഹം ബുധശുക്രന്മാരുടെ സ്ഥാനം ഗണിച്ചു നോക്കി. അദ്ദേഹത്തിന് അതിശയമായി നേരത്തെ പറഞ്ഞതുപോലെയല്ല ബുധശുക്രന്മാരുടെ ഇപ്പോഴത്തെ സ്ഥാനം. ഇപ്പോൾ നോക്കിയതും ശരിയല്ല എന്ന് ബ്രാഹ്മണർ അറിയിച്ചു. വീണ്ടും ഗണിച്ചു നോക്കി, വീണ്ടും തെറ്റു പറ്റിയെന്ന് കണിയാർക്കു മനസ്സിലായി. ഓരോ പ്രാവശ്യവും ഗണിക്കാൻ തുടങ്ങുമ്പോൾ ബ്രാഹ്മണർ അവരിരുന്ന സ്ഥലങ്ങളിൽ നിന്നും മാറി മാറിയിരിക്കുന്നത് കണിയാൻ ശ്രദ്ധിച്ചിരുന്നു. വീണ്ടും ഗണിക്കാൻ അവർ പറഞ്ഞപ്പോൾ തന്റെ മുന്നിലിരിക്കുന്നതാരെന്ന് കണിയാൻ ഗണിച്ച് മനസ്സിലാക്കി. എന്നിട്ടദ്ദേഹം ബ്രാഹ്മണരോടു പറഞ്ഞു എനിക്ക് അകത്തുപോയി ഒരു ഗ്രന്ഥം നോക്കാൻ അനുമതി തരണം. ആ ഗ്രന്ഥം നോക്കി ബുധ ശുക്രന്മാരുടെ ശരിയായ സ്ഥാനം പറഞ്ഞു തരാം. ആ ഗ്രന്ഥം നോക്കി പറഞ്ഞാൽ തെറ്റുകയില്ല. ബ്രാഹ്മണർ അതു സമ്മതിച്ചു. "ഞാൻ അകത്തുപോയി ഗ്രന്ഥമെടുത്തുകൊണ്ട് വരുന്നതുവരെ നിങ്ങൾ ഇവിടെ നിന്ന് പോകുകയില്ല എന്ന് സത്യം ചെയ്യണ"മെന്നും കണിയാൻ ശഠിച്ചു. അദ്ദേഹത്തിന്റെ നിർബ്ബന്ധത്തിനു വഴങ്ങി കണിയാൻ തിരിച്ചു വരുന്നതുവരെ അവിടെത്തന്നെയിരിക്കാമെന്ന് അവർ സത്യം ചെയ്യുകയും ചെയ്തു. ഇവരെ ഒരു പാഠം പഠിപ്പിക്കണമെന്ന് നിശ്ചയിച്ച് അദ്ദേഹം അകത്തേയ്ക്കു പോയി. അകത്ത് ചെന്ന് അദ്ദേഹം ആത്മഹത്യചെയ്യുകയും ചെയ്തു. സത്യലംഘനം നടത്താൻ നിർവ്വാഹമില്ലാതെ ബുധശുക്രന്മാർ അങ്ങനെ പാഴൂർ പടിപ്പുരയിൽ തന്നെ ഇരുന്നുപോയി. ബുധശുക്രന്മാരുടെ സാന്നിദ്ധ്യം ഇന്നും പാഴൂർ പടിപ്പുരയിലുണ്ടെന്നാണ് വിശ്വസിക്കുന്നത്.

ഒരിക്കൽ പാഴൂർ കണിയാരുടെ അടുത്ത് ധനികനായ ഒരു നമ്പൂതിരി തന്റെ വേളിക്കാര്യത്തിനു വേണ്ടി ജാതകം പരിശോധിപ്പിക്കാനായി എത്തി. ജ്യോത്സ്യർ അദ്ദേഹത്തെ ജാതകം നോക്കാതെ നാളെ വരാൻ പറഞ്ഞ് മടക്കി അയച്ചു.

കാരണം അദ്ദേഹത്തിന്റെ മുഖത്ത് മരണലക്ഷണം കാണുന്നുണ്ടായിരുന്നു. അദ്ദേഹം അവിടെ വച്ച് മരിച്ചുപോയാലോ എന്ന് ഭയന്നിട്ടാണ് അദ്ദേഹത്തെ നാളെ വരാൻ പറഞ്ഞ് മടക്കി അയച്ചത്. നമ്പൂതിരി നേരെ പാഴൂർ പെരുംതൃക്കോവിലെത്തി ഭഗവാനെ പ്രാർത്ഥിച്ചുകൊണ്ട് ക്ഷേത്രത്തിൽ തന്നെ കഴിഞ്ഞു. രാത്രി നല്ല മഴ ഉണ്ടായിരുന്നു. മഴ നനയാതെ ഒന്നിരിക്കാൻ പോലുമുള്ള സ്ഥലം അവിടെ ഉണ്ടായിരുന്നില്ല. അത്രയ്ക്കു ജീർണ്ണാവസ്ഥയിലായിരുന്നു അന്ന് പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം. ധനികനായിരുന്ന നമ്പൂതിരി എങ്ങനെയെങ്കിലും ഈ ക്ഷേത്രം പുതുക്കി പണിയണമെന്ന് തീരുമാനിച്ചു. അവിടെത്തന്നെ രാത്രി കഴിച്ചു കൂട്ടി. നേരം വെളുത്ത് അദ്ദേഹം ജ്യോത്സ്യരുടെ അടുത്ത് എത്തിയപ്പോൾ ജ്യോത്സ്യർ അദ്ദേഹത്തോട് ഇന്നലെ നിങ്ങൾ എന്തോ ഒരു പുണ്യകർമ്മം ചെയ്തിരിക്കുന്നു. അതിന്റെ ഫലമായി താങ്കൾക്ക് ആയുരാരോഗ്യ സൗഖ്യം ലഭിച്ചിരിക്കുന്നു. അല്ലെങ്കിൽ ഇന്നലെ തന്നെ താങ്കൾ മരിക്കേണ്ടതായിരുന്നു. ഇനി ജാതകം നോക്കേണ്ട ആവശ്യം ഇല്ല എന്നറിയിച്ചു. നമ്പൂതിരി ചെയ്ത പുണ്യകർമ്മം പാഴൂർ പെരുംതൃക്കോവിൽ പുനരുദ്ധാരണം നടത്തണം എന്ന് തീരുമാനിച്ചതായിരുന്നു. അങ്ങനെ വൈക്കത്തെ മാതൃകയിൽ തന്നെ പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം ഉയർന്നു.പരശുരാമൻ പ്രതിഷ്ഠ നടത്തിയ 108 ശിവാലയങ്ങളിലൊന്നാണ് പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം. സാക്ഷാൽ പെരുന്തച്ചനാണ് പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം പണിത ക്ഷേത്ര ശില്പി. പെരുന്തച്ചന്റെ കരവിരുതുകൾ പ്രകടമാകുന്ന ഈ ക്ഷേത്രത്തിൽ വലിയ വട്ടശ്രീകോവിലിൽ മഹാദേവൻ കിഴക്കോട്ട് ദർശനമായി പരിലസിക്കുന്നു. പാഴൂർ ഗ്രാമം ധാരാളം നമ്പൂതിരിമാർ വസിച്ചിരുന്ന സ്ഥലമായിരുന്നുവെന്നും അവരുടെ പരദേവതാക്ഷേത്രമായിരുന്നു പാഴൂർ പെരുംതൃക്കോവിൽ എന്നും വിശ്വസിക്കുന്നു. ഉഗ്രമൂർത്തിയായ പരമശിവനാണ് പാഴൂർ പെരുംതൃക്കോവിലപ്പൻ. അഞ്ചു പൂജകളും ശീവേലിയുമുള്ള ക്ഷേത്രമാണിത്. ശിവക്ഷേത്രങ്ങളിൽ ധാര മുഖ്യവഴിപാടാണ്. എന്നാൽ ഇവിടെ ജലധാര നടത്താറില്ല. പാർവ്വതിദേവി മണ്ണുകൊണ്ടുണ്ടാക്കി പൂജിച്ചിരുന്ന ശിവലിംഗമാണിവിടെയുള്ളത്. ശിവലിംഗത്തിൽ കൂവളത്തിലവെച്ച് ശംഖ് തീർത്ഥം തളിക്കുകയാണ് പതിവ്. കുംഭമാസത്തിലാണ് ഉത്സവം-ശിവരാത്രി നാൾ ആറാട്ട് വരത്തക്കവിധം ആറുദിവത്തെ ഉത്സവമാണ്. ശാസ്താവ്, ശ്രീകൃഷ്ണൻ, ഗണപതി, നാഗദേവതകൾ എന്നിവരാണ് ഉപദേവതകൾ. പാഴൂർ പെരുംതൃക്കോവിൽ മഹാദേവന് ഉച്ചശീവേലിക്ക് ഒറ്റ വലത്തുമാത്രമേ ഉള്ളു. ഉച്ചശീവേലിയുടെ ഐതീഹ്യം പെരുംതച്ചനുമായി ബന്ധപ്പെട്ടതാണ്. പെരുന്തച്ചൻ കായംകുളം രാജാവിന്റെ കല്പന അനുസരിച്ച് സേവകന്മാരുമൊരുമിച്ച് വേമ്പനാട്ടു കായലിലൂടെ തെക്കോട്ട് ഒരു യാത്രയിലായിരുന്നു.യാത്രാമദ്ധ്യേ അമ്പലപ്പുഴ പൂരം തിരുനാൾ രാജാവ് വേമ്പനാട്ട് കായലിലൂടെ വടക്കോട്ട് വരുന്നുണ്ടായിരുന്നു. രാജാവ്, എതിരെ വഞ്ചിയിൽ വരുന്ന, സദാ ശിവ മന്ത്രം ജപിച്ചും ക്ഷേത്രപ്പണികൾ ചെയ്തും ബ്രാഹ്മണചര്യകളനുഷ്ടിച്ച് കഴിഞ്ഞിരുന്ന, തച്ചന്റെ മുഖത്തെ തേജസ്സു കണ്ട് അദ്ദേഹത്തെ ഒന്നു പരിചയപ്പെടാം എന്നു കരുതി തന്റെ ബോട്ട് തച്ചന്റെ വള്ളത്തിനോടടുപ്പിച്ചു. സംസാരിക്കുമ്പോൾ വിക്കുള്ള ആളായിരുന്നു രാജാവ്. ആരാണെന്ന് രാജാവ് വിക്കി വിക്കി തച്ചനോട് ചോദിച്ചു. താൻ ഉളിയന്നൂർ പെരുംതച്ചനാണെന്ന് വിക്കി വിക്കി തച്ചൻ മറുപടിയും പറഞ്ഞു. തച്ചന്റെ മറുപടി കേട്ട് കോപാകുലനായ രാജാവ് ഒരു തച്ചന് ഇത്രയ്ക്ക് അഹങ്കാരമോ, അത് പാടില്ല എന്ന് കരുതി ബോട്ടിൽ നിന്നും വഞ്ചിയിലേക്ക് ചാടിക്കയറി തന്റെ ഉടവാളുകൊണ്ട് തച്ചനെ വെട്ടിക്കൊന്നു. തച്ചൻ തന്നെ കളിയാക്കാൻ വേണ്ടി വിക്കി വിക്കി മറുപടി പറഞ്ഞതാണെന്നാണ് രാജാവ് ധരിച്ചത്. തന്നെക്കാൾ കൂടുതൽ വിക്കുള്ള ആളായിരുന്നു തച്ചനെന്നു രാജാവിന് പിന്നീടാണ് മനസ്സിലായത്. രാജാവിനുണ്ടായ ഈ തെറ്റിദ്ധാരണയാണ് തച്ചന്റെ അറുംകൊലയ്ക്ക് കാരണമായത്. വിധിവൈപരീത്യമോ കർമ്മഫലമോ ഏതായാലും ശരി, മകന്റെ മരണത്തിന് കാരണക്കാരനായ തച്ചന്റെ കഴുത്തിൽ വെട്ടേറ്റ്, മകനെപ്പോലെ തന്നെ ചെയ്ത തെറ്റെന്തെന്ന് അറിയാതെ തച്ചനും മരണം ഏറ്റുവാങ്ങി. ഈ സമയം പാഴൂർ പെരുംതൃക്കോവിലിൽ ഉച്ചശീവേലി ഒരു വലംവെച്ച് കിഴക്കേ നടയിലെത്തിയ സമയമായിരുന്നു. പെട്ടെന്ന് "മതി അകത്തേക്കെഴുന്നള്ളിച്ച് നട അടച്ചോളൂ; എന്റെ തച്ചന്റെ തല അറ്റിരിക്കുന്നു" എന്നൊരശ്ശരീരി കേട്ടു. അന്നുമുതൽ ഇന്നുവരെയും പാഴൂർ പെരുംതൃക്കോവിലിൽ മഹാദേവന്റെ ഉച്ചശീവേലി ഒറ്റവലത്തുമാത്രമാണ്.

പാഴൂർ മഹാദേവ ക്ഷേത്രമുറ്റത്ത് ഒരു വലിയപ്ലാവ് നില്ക്കുന്നുണ്ട്. ഈ പ്ലാവിലെ ചക്കപ്പഴം തിന്നുന്നവരെല്ലാം പറയും എന്തൊരു മധുരം എന്ന്. ഈ പ്ലാവിനുമുണ്ട് ഒരു ഐതിഹ്യം. ഈ പ്ലാവ് കീഴ്ലോകത്തുവരിക്ക, ദേവലോകവരിക്ക എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. ഒരിക്കൽ ക്ഷേത്രത്തിലെ സ്വർണ്ണകലശക്കുടം ക്ഷേത്രപരിചാരകന്റെ കയ്യിൽ നിന്നും വഴുതി പുഴയിൽ വീണു

പോയി.അതെടുക്കുവാനായി പുഴയിലേക്കു ചാടിയ ക്ഷേത്രപരിചാരകൻ പുഴയുടെ അടിയിൽ വളരെ താഴെ ഒരു കരകണ്ടു. ആ കരയിലിരുന്ന് കുറെ ആളുകൾ ചക്കപ്പഴം തിന്നുന്നതും അദ്ദേഹം കണ്ടു. കുരുകൊണ്ടുപോകുവാൻ പാടില്ല എന്ന നിബന്ധന യിൽ അവർ അദ്ദേഹത്തിനും ചക്കപ്പഴം കൊടുത്തു. അദ്ദേഹം തന്ത്രപൂർവ്വം ഒരു ചക്കക്കുരു കൈവശ മാക്കി സ്വർണ്ണക്കുടവുമായി ക്ഷേത്രനടയിലെത്തു കയും ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ ആ ചക്കക്കു രു നട്ടു മുളപ്പിക്കുകയും ചെയ്തു. ആ പ്ലാവാണ് അതിമധുരമൂറുന്ന ചക്കപ്പഴം തരുന്ന കീഴ്ലോകവ രിക്ക ദേശനാഥനായ പെരുംതൃക്കോവിലപ്പന്റെയും പ്രകൃതിയുടെയും കനിവിനാൽ അനുഗ്രഹീതമായ ഒരു കാർഷിക ഗ്രാമമാണ് പാഴൂർ. പാരിവാലൂരെന്ന പാഴൂരിലെ ഈ ക്ഷേത്രാങ്കണത്തിലെത്തി ഭഗവാനെ തൊഴുത് ക്ഷേത്രപരിസരങ്ങളിലേയ്ക്ക് ഒന്ന് കണ്ണോ ടിച്ചാൽ മനസ്സിൽ കാവ്യഭാവന ഉണർത്തുന്ന കമനീയ കാഴ്ചകളാണ് കാണുന്നത്. ക്ഷേത്രത്തിന്റെ മൂന്നുവ ശത്തു കൂടിയും അനുസരണയോടെ ഇരുകരകളെ തഴുകി ഒഴുകുന്ന മൂവാറ്റുപുഴ ആറും പുഴയോരത്തെ വിശാലമായ കൃഷിസ്ഥലങ്ങളും പ്രകൃതിയുടെ ഒരു വരദാനം തന്നെയാണ്. മഹാഭാഗ്യങ്ങളുടെ നാടെന്ന് അറിയപ്പെടുന്ന പാഴൂരിലെ ഐതീഹ്യപ്പെരുമകൾ നിറഞ്ഞ പാഴൂർ പെരുംതൃക്കോവിൽ ശ്രീമഹാദേവ ക്ഷേത്രം കേരളീയ ശില്പകലകളുടെ ഒരു മഹനീയ ദൃഷ്ടാന്തമാണ്. ക്ഷേത്രത്തിലെ ബലിക്കൽപ്പുരയു ടെ മച്ച് മരത്തിൽ കൊത്തി എടുത്തതും അനേകം ഇതളുകളുള്ളതുമായ ഒരു പുഷ്പംകൊണ്ട് നിറ ഞ്ഞിരിക്കുന്നു. ഈ പുഷ്പത്തിന്റെ നടുവിൽ ദേവീ രൂപവും ശില്പചാരുതയോടെ കൊത്തി വച്ചിട്ടുണ്ട്. ബലിക്കല്ലിനെ വന്ദിച്ച് മുകളിലേക്ക് നോക്കുന്നവർ കാണുന്നത് ഈ വലിയ പുഷ്പത്തേയും പുഷ്പ ത്തിന്റെ മദ്ധ്യത്തിലായി ഇരിക്കുന്ന രൂപത്തിലുള്ള ദേവിയേയുമാണ്. ഈ ഒരൊറ്റ കാഴ്ചകൊണ്ടു തന്നെ ഇതിന്റെ ശില്പിയെ നാം നമിച്ചു പോകും. ഈ ക്ഷേത്രം ദേശീയ സ്മാരകമായി പ്രഖ്യാപിക്കപ്പെ ടുകയും ചെയ്തിട്ടുണ്ട്.

പരശുരാമ പ്രതിഷ്ഠിതമായ പാഴൂർ പെരും തൃക്കോവിലിലെത്തി പാർവ്വതീദേവി മണ്ണിൽ തീർത്ത് പൂജിച്ചിരുന്ന വിഗ്രഹത്തിൽ കുടികൊള്ളുന്നതും ക്ഷേത്രശില്പിക്കുവേണ്ടി ഉച്ചശ്ശീവേലി ഒറ്റവലത്തു മാത്രമാക്കി തൃപ്തിയടയുന്നതുമായ മഹാദേവനെ തൊഴുത് നമുക്കും തൃപ്തരാകാം●

കവിത

# വിഷു

**ഗിരീഷ്കുമാർ.ജി (ഫോൺ:9846502446)**

മരങ്ങളെല്ലാം പൂക്കുന്ന സമയമായ്
മഴവില്ലു മാനത്തു കാണാറായി
പൂങ്കുല തൻ മഞ്ജിമയാൽ മനം നിറഞ്ഞു
മാരുതനാൽ മർമ്മരവുമുയർന്നു വന്നു
　　കാറ്റു മന്ത്രിച്ചുവോ മന്ദമായ്
　　ഏറ്റു പറയേണമോ മന്ത്രമായി
　　കാറ്റാൽ തുടങ്ങുമീ ശുദ്ധികലശം
　　ഏറ്റാൽ കുളിരുന്നിതെൻ മാനസം
പുതുമഴ പെയ്യുന്നു സാന്ദ്രമായി
പുതുമണ്ണിൻ മണമോ ഉയരുകയായ്
പുതുമ തന്നെന്നുമീ ഭൂലോക പ്രതിഭാസം
പുളകിതമീ പ്രകൃതി തൻ ആഹ്ളാദം
　　മഴയിൽ നനഞ്ഞ ഭൂമി ലലിതയായ്
　　മയിലുകൾ നർത്തനമാടുകയായ്
　　മദകരമീ പ്രകൃതി ലയവിന്യാസം
　　മനസ്സിലോ പുതുഹർഷ നവ വിന്യാസം
വാനത്തിൻ ഗർജ്ജനം വരവേല്പിനായി
വായുവിൻ ചലനം വിശറിയായി
കൊന്നപ്പൂവിൻ മഞ്ജിമയാൽ പുഷ്പവർഷം
വരുന്നിതാം വിഷുവാം പുതിയ വർഷം
　　വിഷുക്കണി കാണുന്നു ആദ്യമായി
　　വിഷുക്കൈ നീട്ടമാണടുത്തതായി
　　വിഷുവേല കളിക്കണം വൈകിടാതെ
　　വിഷുക്കോടിയുടുക്കണം മറന്നിടാതെ
സ്വജനങ്ങളും പിന്നെ വീട്ടുകാരും
സുഹൃത്തുക്കളും മറ്റു മിത്രങ്ങളും
ഒരുമിച്ചു ചേർന്നിതാ പങ്കിടുന്നു
ഓർമ്മയായ് മാറിയ പോയ വർഷം
　　നേരുന്നു വീണ്ടും നന്മകൾ മേൽക്കുമേൽ
　　നേരായി വരട്ടെ നിന്നാഗ്രഹങ്ങൾ
　　കോരിച്ചൊരിയുന്നു ഭാവുകങ്ങൾ
　　കോരിത്തരിക്കുന്നു മാനസങ്ങൾ

തുടർച്ച

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

## സുമിത്ര

കാശിരാജാവിന്റെ പുത്രി സുമിത്ര ദശരഥന്റെ മൂന്നാമത്തെ പത്നിയാണ്. പുത്രകാമേഷ്ടിയാഗം കഴിഞ്ഞ് കിട്ടിയ പായസം പകുതി കൗസല്യക്കും മറുപകുതി കൈകേയിക്കും നല്കി. രണ്ടുപേരും അവർക്ക് കിട്ടിയതിൽ നിന്നും ഓരോ പങ്ക് സുമിത്രയ്ക്കും നല്കി. രണ്ട് പങ്കു കഴിച്ച സുമിത്ര രണ്ട് ആൺകുട്ടികൾക്ക് ജന്മം നല്കി. ആയില്യം നക്ഷത്രത്തിലായിരുന്നു അവരുടെ ജനനം. അവരാണ് ലക്ഷ്മണനും ശത്രുഘ്നനും.

വാല്മീകിരാമായണത്തിൽ അത്ര വളരെ രംഗങ്ങളിലൊന്നും സുമിത്രാമാതാവ് പ്രത്യക്ഷപ്പെടുന്നില്ല. പക്ഷെ പ്രത്യക്ഷപ്പെടുമ്പോഴെല്ലാം ആത്മജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും വാക്കുകളിലൂടെ കുടുംബബന്ധങ്ങളേയും രാജധർമ്മത്തേയും കൂട്ടിയിണക്കുന്ന ഭാഷണങ്ങളും പ്രവർത്തികളുമാണ് ഉണ്ടായിട്ടുള്ളത് .

പുത്രന്മാരുടെ വിവാഹശേഷം അയോദ്ധ്യയിലെത്തിയ പുത്രവധുക്കളെ ദശരഥപത്നിമാർ സ്വീകരിച്ചു. അവർ സസുഖം വാണു എന്നല്ലാതെ ആ സമയത്തൊന്നുംതന്നെ സുമിത്രയെക്കുറിച്ച് വിവരണത്തിൽ വലുതായി കാണുന്നില്ല. പിന്നീട് രാമാഭിഷേകത്തിനു കൊട്ടാരം അണിഞ്ഞൊരുങ്ങിയ സമയം രാമൻ മാതാവിന്റെ കൊട്ടാരത്തിലെത്തിയപ്പോൾ സുമിത്രയും ലക്ഷ്മണനും അവിടെയുണ്ടായിരുന്നു. രാമന്റെ വനവാസകാര്യം അറിഞ്ഞപ്പോൾ ലക്ഷ്മണൻ രാമനൊപ്പം പോകാൻ തയ്യാറായി. അവിടെയൊന്നും സുമിത്രയുടെ യാതൊരഭിപ്രായവും നാം കേൾക്കുന്നില്ല.

സീതയും രാമലക്ഷ്മണന്മാരും വൽക്കലം ധരിച്ച് യാത്ര ചോദിക്കാനായി അമ്മമാരെ സമീപിക്കുന്നു. ലക്ഷ്മണൻ കൗസല്യയെ വന്ദിച്ച് സുമിത്രയുടെ അടുത്തെത്തി. സുമിത്ര പറഞ്ഞു, കാട്ടിൽ പാർക്കാനാണ് നീ സൃഷ്ടിക്കപ്പെട്ടത്. ജ്യേഷ്ഠനെ സംരക്ഷിക്കണം. രാമനെ ദശരഥനെപ്പോലെ കരുതുക, സീതയെ തന്നെപ്പോലെയും. കാനനത്തെ അയോദ്ധ്യയായും കരുതുക എന്നു പറഞ്ഞു. അത്യന്തം മഹത്തരമായ ഈ ധ്വനി വാല്മീകിരാമായണത്തിലെ കുടുംബബന്ധങ്ങളുടെ ഊഷ്മളതയേയും പരസ്പര ബഹുമാനത്തേയും എടുത്തുകാണിക്കുന്നു. ഭാരതീയ സംസ്കാരത്തിൽ ജ്യേഷ്ഠന് അഛന്റെ സ്ഥാനവും ജ്യേഷ്ടത്തിക്ക് അമ്മയുടെ സ്ഥാനവുമാണ്. സദ്ഗുണസമ്പന്നയായ ഈ തരുണീരത്നത്തിന്റെ നാവിൽനിന്നും യാതൊരു ശാപവാക്കുകളോ ദേഷ്യമോ വരുന്നില്ല. ഒരുപക്ഷെ രാമൻ നാരായണനാണെന്നും ലക്ഷ്മണൻ അനന്തന്റെ അംശമാണെന്നും ഭക്തയായ ഈ അമ്മ മനസ്സിലാക്കിയിരിക്കണം. ശ്രീരാമനോടു ലക്ഷ്മണൻ താൻ കൂടി വരുന്നുവെന്നു പറഞ്ഞപ്പോൾ രാമൻ പറയുന്നത് ശരി, എല്ലാ സുഹൃത്തുക്കളോടും വിട ചോദിച്ചുകൊള്ളുകയെന്നാണ്. അല്ലാതെ മാതാവിന്റെ അനുവാദം വാങ്ങാനല്ല. ചെറുപ്പംമുതൽ തന്നെ രാമനെവിടെയുണ്ടോ അവിടെ ലക്ഷ്മണനുമുണ്ട് എന്നു പറഞ്ഞതായിരിക്കാം സുമിത്രയുടെ അനുവാദമാവശ്യമില്ലാതെ വന്നത്.

ഭരതൻ ഗുഹനോടു ലക്ഷ്മണന്റെ ഗുണഗണങ്ങൾ വർണ്ണിക്കുന്നുണ്ട്. ഈ ഗുണങ്ങളെല്ലാം സുമിത്രയെന്ന മാതാവ് ലക്ഷ്മണനിലേക്ക് പകർന്നതായിരിക്കാം.

രാമന്റെ തിരിച്ചുവരവിൽ സന്തോഷിച്ച സുമിത്ര പിന്നീട് സീതയുടെ വേർപാടിൽ മറ്റുള്ളവരേപ്പോലെ വേദനിച്ചു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും നിസ്വാർത്ഥസേവനത്തിന്റെയും ആൾരൂപമായി നമുക്കു സുമിത്രയെ കാണാം. സന്ദർഭങ്ങൾ ധാരാളമുണ്ടായിട്ടും മറ്റു പല സ്ത്രീകൾക്കുമുണ്ടായിട്ടുള്ള ഒരു ചാപല്യവും ഈ മാതൃഹൃദയത്തിനില്ലായിരുന്നു. അന്നത്തെ അന്തഃപുരത്തിലെ രീതിയനുസരിച്ച് പ്രധാനവും അപ്രധാനവുമായ ഒരുപാടു ഭാര്യമാർ ആ അന്തപുരത്തിലുണ്ടായിരുന്നു എന്നു കാണാം. ആരോടും ക്ഷോഭിക്കാതെ തന്റെ ഗതി ഇതായിപ്പോയല്ലോ എന്നു ചിന്തിക്കാതെ ധർമ്മമാർഗ്ഗത്തിൽ കൂടി

ചരിച്ച സുമിത്ര ഭാരതീയ സ്ത്രീസങ്കൽപങ്ങളുടെ ഒരു വ്യക്തിപ്രഭാവമായി നമുക്കു ദർശിക്കാം.

**മന്ഥര**

കേകേയ രാജ്യത്തുനിന്നും കൈകേയി വിവാഹിതയായി അയോദ്ധ്യയിലേയ്ക്കു വന്നപ്പോൾ കൈകേയിയുടെ ദാസിയായിരുന്ന മന്ഥരയും കൂടി അയോദ്ധ്യയിലേയ്ക്കു വന്നു. വാല്മീകിയുടെ വാക്കുകളിൽ 'ജ്ഞാതീദാസീ യതോജാത' എവിടെയോ ജനിച്ചവളും എപ്പോഴും കൈകേയിയുടെ കൂടെ താമസിക്കുന്നവളുമായ മന്ഥര എന്നാണ് വിവരിക്കുന്നത്.

രാമാഭിഷേകത്തിന്റെ ഒരുക്കങ്ങൾ കണ്ട് അതിശയിച്ച മന്ഥര, രാമമാതാവ് സന്തോഷത്തോടുകൂടി ദാനം ചെയ്യുന്നതുകണ്ട് വിവരം ആരാഞ്ഞു. വിവരം അറിഞ്ഞ മന്ഥര കൈകേയിയുടെ അടുത്തുവന്ന് പൊട്ടിത്തെറിക്കുന്നു. നിന്റെ സൗന്ദര്യത്തിന്റെ കാലം പോയിരിക്കുന്നു, വേനൽക്കാലത്തു വറ്റിപ്പോകുന്ന ഒഴുക്കുപോലെ നിന്റെ സൗഭാഗ്യവും വറ്റുന്നു. ഇങ്ങനെ തുടങ്ങിയ വാക്ശരങ്ങളുടെ പ്രയോഗം തനിക്കു കിട്ടിയ സമ്മാനം പോലും വലിച്ചെറിഞ്ഞ് കൗസല്യയുടെ മുൻപിൽ കയ്യും കൂപ്പി ദാസിയായി കൈകേയിക്കു നിൽക്കേണ്ടിവരുമെന്നും മൂഢതകൊണ്ട് അന്ധയായ കൈകേയിക്ക് സ്വന്തം നിലയേക്കുറിച്ച് ബോധമില്ലെന്നും പറഞ്ഞു. ഇത്രയും നാൾ കൈകേയിയാണ് അവിടെ ഭരിച്ചതെന്നും, അമർഷം പൂണ്ടിരിക്കുന്ന കൗസല്യ ഇതിനെല്ലാംകൂടി പകരം കൊടുക്കുമെന്നും മന്ഥര പറഞ്ഞു. പണ്ട് നീ അപമാനിച്ച കൗസല്യ നിന്നോടു പകരം വീട്ടുമെന്നു താക്കീതുചെയ്തു. സ്വന്തം പുത്രന് രാജ്യം ലഭിക്കാനും മറ്റുള്ളവരെ നാടു കടത്താനും എന്തു വേണമെന്ന് ആലോചിക്കുക. അതിനുശേഷം വരം ചോദിക്കാനുള്ള മാർഗ്ഗവും എങ്ങനെ ചോദിക്കണം, എന്തു ചോദിക്കണം എന്നൊക്കെ മന്ഥര പറഞ്ഞു കൊടുക്കുന്നു. മന്ഥരയുടെ കുടിലതന്ത്രങ്ങൾ കൈകേയിയെ അന്ധയാക്കി. അങ്ങനെ കൈകേയി തനിക്കെന്നും താല്പര്യമുള്ളവളായിരിക്കും മന്ഥരയെന്നും പറഞ്ഞു. കൈകേയി മന്ഥരയുടെ വാക്കുകൾ കേട്ട് ക്രോധാലയത്തിലേക്കു പോയിട്ടും അതിസാഹസികമായ വാക്കുകൾ പറഞ്ഞുവെന്നാണ് വാല്മീകി പറയുന്നത്. മന്ഥരയുടെ വാക്കുകേട്ട് അന്ധയായ കൈകേയി വിഷം പുരട്ടിയ അമ്പുകൊണ്ട കിന്നരിയേപ്പോലെ നിലത്തു കിടന്നുവെന്നാണ്.

വിദർശിതാ യദാ ദേവി കുബ്ജയാ പാപയാ ദൃശം
തദാ ശേതേസ്മസാ ഭൂമൗ ദിശ്ധവിഗ്ദ്ധേവ കിം നരീ

ഇതു കണ്ട മന്ഥര സന്തോഷവതിയായി. ഈ മന്ഥരയുടെ വാക്കുകൾ മൂലം ഇത്രയും നാൾ തനിക്ക് സപത്നിമാരിൽനിന്നും പ്രഥമസ്ഥാനം നൽകി സ്നേഹപൂർവ്വം കരുതിയ ദശരഥനോടു പറയുന്ന കഠിനവാക്കുകൾ ഒരു രാജപത്നിക്ക് അനുയോജ്യമായിരുന്നില്ല. ദശരഥൻ തന്നെ പറഞ്ഞു വേടൻ ഗീതസ്വനം കൊണ്ടു മയക്കി സ്തബ്ധയാക്കി മാനിനെ വധിക്കുംപേലെ മധുര വചസുകൾകൊണ്ട് നീ എന്നെ മയക്കിയിരുന്നു. വളരെ ഏറെ ദയനീയ സ്ഥിതി ദശരഥനുണ്ടായിട്ടും കൈകേയിക്ക് യാതൊരു കുലുക്കവുമില്ല.

രാജാവിന്റെ മരണവും രാമന്റെ വനവാസവും ഭരതനേയും ശത്രുഘ്നനേയും ദുഃഖത്തിലാഴ്ത്തി. ഇതിനു കാരണക്കാരായവരെ ശപിച്ചും പഴിച്ചും വിലപിച്ചു. ഈ സമയം മന്ഥര സർവ്വാഭരണവിഭൂഷിതയായി അവിടെയെത്തി. ഇതു കണ്ട കാവൽക്കാർ അവളെ പിടിച്ചുകൊണ്ടു വന്ന് ഇവളാണ് എല്ലാത്തിനും ഉത്തരവാദി എന്നു പറഞ്ഞ് ശത്രുഘ്നന്റെ മുൻപിലേക്കിട്ടു. ശത്രുഘ്നൻ മന്ഥരയെ പിടിച്ചു വലിച്ച് മണ്ണിലിഴച്ചു. കൈകേയിയേയും മന്ഥരയേയും പഴിച്ചു. അപ്പോൾ കൈകേയി ഭരതനെ ശരണം പ്രാപിച്ചു. സ്ത്രീഹത്യ പാപമാണെന്നും, കൈകേയിയേ തന്നെ താൻ കൊല്ലാത്തത് മാതൃഘാതകനെന്നു പറഞ്ഞ് രാമൻ കുറ്റപ്പെടുത്തുമെന്നു ഭയന്നാണെന്നും പറഞ്ഞു. ഭരതന്റെ വാക്കു കേട്ട് ശത്രുഘ്നൻ അവളെ വിട്ടയച്ചു. അവൾ കൈകേയിയോടു കേണപേക്ഷിച്ചു. വാല്മീകി ഇവിടെ നിർത്തുന്നത്:

ശനൈഃ സമാശ്വാസ യഥാർത്ഥ രൂപാം
ക്രൗഞ്ചിം വിലാഗ്നായിവ വീക്ഷമാണാം

ശത്രുഘ്നന്റെ ക്രോധം കണ്ട് ഭയന്ന് ക്രൗഞ്ചപക്ഷിയേപ്പോലെ അടുത്തെത്തി മിഴിച്ചു നോക്കുന്ന കുബ്ജയെ ഭരതമാതാവ് ആശ്വസിപ്പിച്ചുവെന്നാണ്.

കേകേയരാജ്യത്ത് കൈകേയിയുടെ അമ്മയെ രാജ്യത്തുനിന്നും നിഷ്കാസനം ചെയ്തതുമുതൽ രാജകുമാരിയെ വളർത്തിയത് മന്ഥരയാണെന്നാണ് കഥ. രാജമാതാവ് രാജ്യം വിട്ടുപോകുമ്പോൾ സ്വപുത്രിയുടെ കൂടെ എന്നും നിൽക്കണമെന്നു പറഞ്ഞിരുന്നുവെന്നും അങ്ങനെ ദാസിയാണെങ്കിലും കൈകേയിയുടെ എല്ലാ കാര്യങ്ങളിലും സ്വതന്ത്രയായി മന്ഥര ഇടപെട്ടിരുന്നു. സ്വന്തം മകളെപ്പോലെ വളർത്തി. വിവാഹം ചെയ്തയച്ചപ്പോഴും കൂടെ വന്നു. മന്ഥരയുടെ ലോകം കൈകേയിയും പുത്രനും മാത്രമായിരുന്നു. പല ഘട്ടങ്ങളിലും പലതിലും ഇടപെട്ടിരുന്നുവെങ്കിലും വിരൂപിയും വൃദ്ധയും

കൂനിയുമായ അവരോട് എല്ലാവരും ക്ഷമിച്ചിരുന്നു. രാമൻ രാജാവായാൽ ഭരതനും കൈകേയിക്കും സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നും അങ്ങനെ തന്റെ സാന്നിദ്ധ്യം ഇവിടെ ആവശ്യമില്ലാതെ വരുമെന്നും മന്ഥര ഭയന്നു. സീതയോടുപോലും മാണ്ഡവിയുടെ കാര്യത്തിൽ സ്വാർത്ഥത കാണിച്ചിരുന്നുവെന്ന് പല വ്യാഖ്യാനങ്ങളിലും മറ്റു കഥകളിലും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ തന്റേതുമാത്രമായ കൈകേയിക്കും പുത്രനും രാജ്യം നഷ്ടപ്പെടുത്താൻ ഒരുക്കമല്ലായിരുന്ന ഒരു കുടിലതന്ത്രയും അജ്ഞയുമായ ഒരു വൃദ്ധക്ക് കൈകേയിയേ മാറ്റിയെടുക്കാൻ മാത്രമേ കഴിയുകയുള്ളൂ. രാമൻ വനവാസത്തിനു പോയശേഷം ആടയാഭരണങ്ങളണിഞ്ഞ് സർവ്വാധികാരിയായി മാറിയ മന്ഥരയെ വാല്മീകി തന്നെ വർണ്ണിക്കുന്നത്

മേഖലാദാമഭിശ്ചിത്രൈരന്യൈശ്ചവരഭൂഷണൈ
ബഭാസേ ബഹുഭിർബദ്ധാരജ്ജബദ്ധേവ വാനരീ

അരഞ്ഞാണവും മറ്റു മനോഹരമായ ആടയാഭരണങ്ങളും അണിഞ്ഞ അവൾ പട്ടുകെട്ടിയ ഒരു പെൺകുരങ്ങിനെപ്പോലെയായിരുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ശാരീരികമായ സൗന്ദര്യവും മാനസികമായ സൗന്ദര്യവും നശിച്ച് അപകർഷതാബോധം കൊണ്ട് സ്വാർത്ഥമതിയായ ഒരു സ്ത്രീക്ക് സന്ദർഭോചിതമായ സംഭാഷണം കൊണ്ട് ഒരു വ്യക്തിയെ എങ്ങനെ മാറ്റിയെടുക്കാമെന്നതിന് ഉത്തമോദാഹരണമാണ് മന്ഥര. തെലുങ്കിൽ രംഗനാഥരാമായണത്തിൽ ഇതിനൊക്കെ ബലം തരുന്ന ഒരു കഥയുണ്ട്. കുട്ടികൾ ചെറുപ്പമായിരിക്കുമ്പോഴും ഈ മന്ഥരയുടെ കണ്ണിൽ ഭരതൻ മാത്രമായിരുന്നു. കുമാരന്മാർ നാലുപേരും കളിച്ചുകൊണ്ടിരുന്നപ്പോൾ രാമൻ വടികൊണ്ടടിച്ച പന്ത് എടുത്ത് മന്ഥര ഒരേറു കൊടുത്തു. രാമൻ ആ വടികൊണ്ട് മന്ഥരയുടെ മുട്ടിനടിച്ചുവെന്നും മുട്ടുപൊട്ടിയെന്നും കഥയുണ്ട്. ഇത് കൈകേയി ദശരഥനോടു പറഞ്ഞുവെന്നും കുട്ടികൾക്ക് കുറച്ചു ധർമ്മബോധവും ജ്ഞാനവും വരുത്തിയേ പറ്റൂ എന്നു മനസിലാക്കിയ ദശരഥൻ പിന്നീടാണ് ഗുരുകുലവിദ്യാഭ്യാസത്തിനായി കുട്ടികളെ അയച്ചതെന്നും, ഇത് വൈരാഗ്യത്തിനു കാരണമായെന്നും കഥയുണ്ട്.

കൂനിന്മേൽ കുരുവെന്ന പോലെ മന്ഥരയെ വേദനിപ്പിക്കുന്ന ഒരു കാര്യം കൈകേയി ഭരതനേക്കാൾ രാമനേ സ്നേഹിച്ചിരുന്നുവെന്നതാണ്. ചെറുപ്പം മുതൽക്കുതന്നെ രാമനോടുള്ള വിദ്വേഷവും പകയും വൈരാഗ്യവും എല്ലാം കൂടിചേർന്ന ഈ വ്യക്തിത്വം കൈകേയിയുടെ മനസിനെ വിഷപൂരിതമാക്കിയതിൽ അതിശയമില്ല..

രാമൻ 14 വർഷം കാട്ടിൽ സന്യാസിയായി കഴിയണം എന്നുള്ളതുതന്നെ മന്ഥരയുടെ കുബുദ്ധിയിലെ വിഷം നിറച്ച അമ്പാണ്. 14 വർഷം വൽക്കലം ധരിച്ച് സന്യാസിയാകുമ്പോൾ രാമന് കുട്ടികളുണ്ടാകില്ല. രാജഭരണനിപുണത കുറയും. ഭരതൻ ആ സമയം കൊണ്ട് രാജപ്രീതിയും കുട്ടികളുമായി സസുഖം വാഴുമ്പോൾ, അയോദ്ധ്യ ഭരതന്റേതു മാത്രമായി തീരുമെന്നും അങ്ങനെ രാജമാതാവായ കൈകേയിയുടെ വളർത്തമ്മയായി തനിക്ക് കഴിയാൻ കഴിയുമെന്നും അവൾ മോഹിച്ചു. ഇങ്ങനെയുള്ള കുബുദ്ധി അവരുടെ ജീവിതാനുഭവങ്ങളിൽ നിന്നും അവർക്ക് ലഭിച്ചതാണ്.

എന്തായാലും, കൂനിയായാലും വൃദ്ധയായാലും കുബുദ്ധിക്ക് അവർ അഗ്രഗണ്യതന്നെയാണ്..

ഇതിനൊക്കെയപ്പുറത്തായി രാമാവതാരത്തിന്റെ ഉദ്ദേശം രാവണവധമാണല്ലോ. അതിന് ഒരു കാരണം രാമന്റെ വനവാസവും സീതാപഹരണവും മറ്റും. മറിച്ച് രാമൻ ദശരഥൻ ഇഛിച്ചതുപോലെ രാജ്യഭാരം കൈക്കൊണ്ട് രാജസേവ ചെയ്താൽ രാമായണം തന്നെയുണ്ടാകില്ല.

## മണ്ഡോദരി

രാവണന്റെ കൊട്ടാരം മുഴുവൻ ചുറ്റിക്കറങ്ങിയ ഹനുമാൻ പല സ്ത്രീകളേയും കണ്ടു. അക്കൂട്ടത്തിൽ മുത്തുമണിമാലകളണിഞ്ഞ് ഉത്തമമായ ആഭവനത്തെ ശ്രീകൊണ്ട് ശോഭിപ്പിക്കുന്ന രാവണന്റെ പ്രിയപത്നിയായ മണ്ഡോദരിയെ കണ്ടുവെന്നാണ് വാല്മീകി വിവരിക്കുന്നത്. സുന്ദരിയും സൗമ്യമായ മുഖത്തോടു കൂടിയവളുമായ മണ്ഡോദരി ദിതി പുത്രനായ മയന്റെയും ഹേമ എന്ന അപ്സരസിന്റെയും മകളാണ്. ലങ്കയിൽ രാജാവായി അഭിഷിക്തനായതിനു ശേഷം ഒരു ദിവസം കാട്ടിൽ നായാട്ടിനായി പോയപ്പോൾ മയനെന്ന ദൈത്യനെ കാണുകയും തമ്മിൽ കുശലാന്വേഷണങ്ങൾക്കൊടുവിൽ മയൻ തന്റെ ചരിത്രം പറയുകയും ചെയ്തു. മകളായ മണ്ഡോദരിക്കു വരനെ കണ്ടെത്താൻ അന്വേഷിച്ചിറങ്ങിയതാണെന്നും മറ്റും പറഞ്ഞു. രാവണൻ താൻ വിശ്രവസ് മഹർഷിയുടെ പുത്രനാണെന്നും ബ്രഹ്മാവിൽനിന്നും മൂന്നാംതലമുറയാണെന്നും പറഞ്ഞു. ഇതിൽ സന്തുഷ്ടനായ മയൻ തന്റെ മകളുടെ പാണിഗ്രഹണം അപ്പോൾ തന്നെ നടത്താൻ തയാറായി. കൂടാതെ അമോഘമായ ഒരു വേലു കൊടുത്തു. (ഈ വേലാണ് രാവണൻ ലക്ഷ്മണനിൽ പ്രയോഗിച്ചതെന്നും പറയപ്പെടുന്നു.) ഇങ്ങനെ മണ്ഡോദരി ലങ്കാനഗരിയുടെ മഹാറാണിയായി മാറി. സീതയെ അന്വേഷിക്കുന്ന ഹനുമാൻ ഒറ്റക്കു കിടക്കുന്ന ഒരു

സുന്ദരിയെ കണ്ടുവെന്നും മുത്തുമണികൾ കോർത്ത മാലയണിഞ്ഞ് ഉത്തമമായ ഭവനത്തെ സ്വന്തം ശ്രീ കൊണ്ടു ശോഭിപ്പിക്കുന്നവളായ നല്ല നിറമുള്ള ചാരു രൂപിണി മണ്ഡോദരിയായിരിക്കുമെന്നു കപി വിചാരിച്ചുവെന്നും വാല്മീകി വർണ്ണി ക്കുന്നു.

രാവണൻ വധിക്കപ്പെട്ടപ്പോൾ പത്നിമാരെല്ലാം വിലപിച്ചു. മണ്ഡോദരി പലതും പറഞ്ഞു കരഞ്ഞു. ദേവന്മാരാലും ഗന്ധർവ്വന്മാരാലും പരാജയമറിയാത്ത രാവണൻ കേവലം ഒരു മനുഷ്യനാൽ വധിക്കപ്പെട്ടപ്പോൾ ലജ്ജിക്കുന്നില്ലേ എന്നാണ് മണ്ഡോദരി ചോദിക്കുന്നത്. സീതയിൽ കാമം പൂണ്ടതിൽ ദുഃഖം കൊണ്ട് രോഷാകുലയായ മണ്ഡോദരി കുബുദ്ധി കൈക്കൊണ്ടവനേ (ദ്രുരാഹിണ്യാശ്ചാപിദുർമതേ) എന്നു വിളിച്ച് ലക്ഷ്മീദേവിയായ സീതയെ വഞ്ചിച്ചു കൊണ്ടുവന്നതാണ് സകലതിനും കാരണമെന്നും ദുഷ്കർമ്മം ചെയ്യുന്നവൻ പാപഫലം അനുഭവിക്കുമെന്നും പറയുന്നു. കുലംകൊണ്ടും വിദ്യകൊണ്ടും ഒന്നും സീത തന്നെക്കാൾ മീതെയല്ലായെന്നും അതു തിരിച്ചറിയാൻ കഴിയാത്തതാണ് രാവണന് മരണം സംഭവിക്കുന്നതിന്റെ കാരണം വന്നത് സീതാരൂപത്തിലാണെന്നും പറഞ്ഞു. രാവണന്റെ യുദ്ധസാമർത്ഥ്യങ്ങൾ ഒന്നിനൊന്ന് എണ്ണിപ്പറഞ്ഞ് രാവണനില്ലാതെ ജീവിക്കുവാൻ സാധിക്കില്ലായെന്നും, രാവണൻ മൂലം ഉന്മൂലനാശം ഉണ്ടായിയെന്നും പറഞ്ഞു വിലപിക്കുന്നു.

രാവണൻ വീരനാണ്, വിജ്ഞാനിയാണ്. മണ്ഡോദരിയെന്ന ഭാര്യയും രാവണനെ മാത്രം സ്തുതിച്ച് ജീവിക്കുന്ന മറ്റൊരു പതിവൃതാ രത്നമാണ്. മയന്റെ മകൾ, രാവണന്റെ ഭാര്യ, ഇന്ദ്രജിത്തിന്റെ അമ്മ എന്നീ പദവികൾ വഹിച്ച ഒരു സ്ത്രീക്കു ഭയം ഒട്ടുംതന്നെയില്ലായിരുന്നു. പക്ഷെ ധർമ്മിഷ്ടയായ മണ്ഡോദരി സീതയെ രാവണൻ അപഹരിച്ചതു മുതൽ രാക്ഷസവംശത്തിന്റെ ഉന്മൂലനാശം സംഭവിക്കുമെന്നുള്ള ചിന്തയാൽ അസ്വസ്ഥയായതുകൊണ്ടാണ് രാവണന്റെ വധം കണ്ടപ്പോൾ പലതും പറഞ്ഞുപോയത്. തന്റെ കുലവും വിദ്യാഭ്യാസവും ഒക്കെ സീതയേക്കാൾ മുകളിലാണെന്നു പറയുന്ന മണ്ഡോദരി സീതക്ക് രാമന്റെ കൂടെ പോകാമെന്നും താൻ വലിയ ഗർത്തത്തിലേക്ക് പതിക്കുകയാണെന്നും ഇതിനെല്ലാം കാരണം സീതയാണെന്നും പഴിക്കുന്നു. ഒരിക്കലും തന്റെ ഭർത്താവ് മരിക്കില്ലായെന്നാണ് മണ്ഡോദരി വിചാരിച്ചിരുന്നത്. അതാണ് പെട്ടെന്നുണ്ടായ വിക്ഷോഭത്തിന്റെ കാരണമെന്നും നമുക്ക് ഊഹിക്കാം●

---

കവിത

# മെട്രോദയം

**ആർ.രാജൻ (ഫോൺ:9995906054)**

തൂണിൽ മേലേ ഘടിപ്പിച്ചൊരു ദൃഢതരമാം
ലോഹ വീഥീ തലത്തിൽ
കാണിക്കിമ്പം പകർന്നങ്ങനെ ചടുലതയോ-
ടൊത്തു നീങ്ങുന്ന മെട്രോ!
ക്ഷോണിക്കാർഭാടമായും അറബിജലധിതൻ
സർവ്വ സൗഭാഗ്യമാകും
റാണിക്കാമോദമായും വിലസുകയിനി നീ
സന്തതം വിണ്ടലത്തിൽ

പാളത്തിൽ, മാരിവില്ലിൻ പൊലിമയുമഴകും
മേനിയിൽ ചേർത്തു കാറ്റിൻ-
താളത്തിൽ മന്ദമാടി കുതുകമൊടു കുതി-
ക്കുന്ന മെട്രോ മനോജ്ഞേ!

നീളത്തിൽ വ്യാളിതുല്യം വളവുകളധികം
പൂണ്ടു നിൻ പോക്കു കണ്ടാ-
ലോളം തല്ലുന്ന തോഷക്കടലുകളതിര-
മ്പീടുമേ ഹൃത്തിലാർക്കും

നേരുന്നു മംഗളങ്ങൾ; സുഖകരമൊരുയാ-
ത്രയ്ക്കു വേണ്ടുന്ന സർവ്വം
ചേരുന്നോരീ നവീനം ശകടമിതിനഹോ
ഞാനുമെല്ലാർക്കുമൊപ്പം
താരുണ്യത്തിൻ തിടമ്പേ, പിഴവുകളഖിലം
തീർത്തു നീ പോക മുന്നോ-
ട്ടാരും മോഹിച്ചിടും സൽപെരുമയുടെ മലർ
ചൂടി, ആചന്ദ്രതാരം.

# സുഭാഷിതം 5-1
## 5. ആശ്ചര്യം

**പ്രൊഫ ഃ പി. അംബുജാക്ഷി**

നാൾതോറും ജീവജാലങ്ങൾ
കാലനൂർക്കു കടക്കുമേ
ശേഷം പേർ സ്ഥിരമെന്നോർക്കു
മെന്താശ്ചര്യമിതിൽപ്പരം.

അഞ്ചാംവേദമായ മഹാഭാരതം ഈ പ്രപഞ്ചചരിത്രത്തിന്റെ തന്നെ രത്നച്ചുരുക്കമാണെന്നു പറയാം.

യദിഹാസ്തി തദന്വത്ര
യന്നേഹാസ്തി ന തത് ക്വചിത്.

എന്നതാണ് മഹാഭാരതത്തിന്റെ മഹത്വം. ഇതിലുള്ളത് എല്ലായിടത്തുമുണ്ട്. ഇതിലില്ലാത്തൊരു വിഷയം മറ്റൊരിടത്തും കാണാൻ കഴിയില്ല.

മഹാഭാരതത്തിൽ വനപർവ്വത്തിലെ ഒരു സന്ദർഭമാണ് യക്ഷപ്രശ്നം. ദ്വൈതവനത്തിൽ താമസിക്കുന്ന പാണ്ഡവന്മാർക്ക് ഒരു മഹർഷിയെ സഹായിക്കാൻ വേണ്ടി ഒരു മാനിനെ പിന്തുടരേണ്ടി വന്നു. വളരെ നേരം കഴിഞ്ഞിട്ടും അവർക്ക് മാനിനെ കണ്ടെത്താനായില്ല. ദാഹിച്ചു വലഞ്ഞ അവർ അവിടെ ഒരു തടാകമുണ്ടെന്നറിഞ്ഞു. വെള്ളമെടുക്കാൻപോയ നാലനുജന്മാരും തിരിച്ചുവരാതായപ്പോൾ യുധിഷ്ഠിരൻ അന്വേഷിച്ചു പുറപ്പെട്ടു. തന്റെ അനുജന്മാർ ആ തടാക തീരത്ത് മരിച്ചു കിടക്കുന്നതായാണ് അദ്ദേഹം കണ്ടത്. ദു:ഖാകുലനായ യുധിഷ്ഠിരൻ ദാഹം തീർത്ത ശേഷം കൂടുതൽ അന്വേഷിക്കാമെന്നു കരുതി പൊയ്കയിലേക്കിറങ്ങാൻ തുനിഞ്ഞു. ഉടൻ തന്നെ ഒരശരീരി അദ്ദേഹത്തെ പിൻതിരിപ്പിച്ചു. തന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞാൽ അനുജന്മാരെ ജീവിപ്പിക്കാം എന്ന് ആ യക്ഷൻ പറഞ്ഞപ്പോൾ യുധിഷ്ഠിരൻ അതിന് സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ പ്രത്യുത്തരങ്ങളിൽ സന്തുഷ്ടനായ യക്ഷൻ ഭീമാദികളെ ജീവിപ്പിക്കുന്നു. ധർമ്മരാജാവിന്റെ പരീക്ഷണാത്മകമായ ഈ സന്ദർഭമാണ് യക്ഷപ്രശ്നം. അതിലെ സർവ്വകാലപ്രസക്തമായ ഒരു ചോദ്യത്തിനുള്ള ഉത്തരമാണ് ഈ ശ്ലോകം. ആശ്ചര്യമെന്ത് എന്നായിരുന്നു യക്ഷന്റെ ചോദ്യം. അനുദിനം തന്റെ ചുറ്റിലും പ്രാണികൾ മരിച്ചു പോകുന്നു. എന്നിട്ടും ശേഷിച്ചിരിക്കുന്നവർ കരുതുന്നത് അവർ അനശ്വരരെന്നാണ്. മരണമെന്ന പ്രപഞ്ച സത്യത്തെപ്പോലും അംഗീകരിക്കാനാവാത്ത്രത്ര സ്വാർത്ഥതയാണ് നമുക്കുള്ളത്. ഇതിനേക്കാൾ ആശ്ചര്യകരമായി എന്താണ് ലോകത്തിലുള്ളത്.

തനിക്കു ചുറ്റുമുള്ളവർ, വേണ്ടപ്പെട്ടവർ, ബന്ധുമിത്രാദികൾ എന്നിവരൊക്കെ മരിച്ചുപോകുമ്പോഴും തനിക്കു മരണമില്ല എന്നഹങ്കരിക്കുന്നവരാണ് നാമോരോരുത്തരും. ആ ചിന്തയാണ് നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നത്. താൻ, തന്റേത് എന്ന സ്വാർഥചിന്തയാണ് ലോകത്തിൽ നടക്കുന്ന അന്യായങ്ങൾക്കെല്ലാം കാരണം. സ്വാർത്ഥതാല്പര്യം ഉപേക്ഷിക്കാത്തവൻ തന്നോടൊപ്പം തന്നെ സമൂഹത്തെയും വിഷകലുഷിതമാക്കുന്നു. ത്യാഗഭൂമിയായ ഭാരതം ഭോഗഭൂമിയാകാൻ കാരണവും മറ്റൊന്നല്ല. പരിശുദ്ധമായ മാതൃസ്നേഹം പോലും അർഥാശകൊണ്ട് മലീമസമായിരിക്കുന്നു. തനിക്കുമാത്രം മരണമില്ല എന്ന അഹങ്കാരവും സ്വാർത്ഥതയും നിറഞ്ഞ ചിന്ത 'പണമേ ഗുണം, പണമേ ജീവിതം' എന്ന സങ്കുചിതാവസ്ഥയിലേക്ക് നമ്മെ നയിക്കുന്നു. കാമക്രോധലോഭമോഹമദമാത്സര്യാദികളായ അഷ്ടരാഗങ്ങളാണ് പിന്നെ നമ്മളെ ഭരിക്കുന്നത്.

ഇന്നു നമുക്കു ചുറ്റും കാണുന്ന എല്ലാ അസ്വാസ്ഥ്യങ്ങൾക്കും കാരണം മനുഷ്യൻ സ്വന്തം മരണത്തെ മറക്കുന്നതാണ്. എന്തൊക്കെ നാം വെട്ടിപ്പിടിച്ചാലും 'ഹരതി നിമേഷാത് കാലസ്സർവ്വം' എന്ന സത്യം നാം മനസ്സിലാക്കണം. പരസ്പരം വെട്ടിയും കൊന്നും പക തീർക്കുന്ന നാം

ചത്തുപോം നേരം വസ്ത്രമതുപോലും
എത്തിടാ കൊണ്ടുപോകാനൊരുത്തർക്കും

എന്നോർത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഇത്തരം വാക്യങ്ങൾ ആത്മാർത്ഥതയോടെ നാം മനസ്സിലാക്കുമ്പോൾ നമുക്ക് വിവേകപൂർവ്വം ചിന്തിക്കാനും വികാരങ്ങളെ നിയന്ത്രിക്കാനും കാമവും ആവശ്യവും തമ്മിൽ വേർതിരിക്കാനും സാധിക്കുന്നു. കാരണം മർത്ത്യരായ നാം അമർത്യരാകുന്നത് ഭോഗം കൊണ്ടല്ല. ത്യാഗം കൊണ്ടാണ്. നമുക്കു ചുറ്റിലും കാണുന്ന നിത്യസത്യങ്ങളിൽ നിന്നുപോലും പാഠം പഠിക്കാനാവാത്ത വിധത്തിൽ നാം നമ്മുടെ വിവേചനശക്തിയെ അടിച്ചമർത്തിയിരിക്കുന്നു. ഇതിനേക്കാൾ ആശ്ചര്യമായിട്ടുള്ളതെന്താണ്?●

# ധൂമകേതുക്കൾ

സി.രാമചന്ദ്രൻ (ഫോൺ:9995820684)

മനുഷ്യന് ബുദ്ധിയുദിച്ച കാലം മുതൽ തന്നെ ധൂമകേതുക്കളെ കാണുകയും ശ്രദ്ധയാകർഷിക്കുകയും ചെയ്തു കാണണം. ആകാശത്തിലെ പ്രതിഭാസങ്ങൾക്ക് അത്ഭുതങ്ങളുടെ പൊലിമയും അതിഭൗതികതയുടെ പരിവേഷവും കല്പിക്കുവാൻ അന്നേ തന്നെ മനുഷ്യൻ തുനിഞ്ഞിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിച്ചിരുന്ന ജനസഞ്ചയങ്ങൾ അവരവരുടെ ഭാവനക്കനുസരിച്ച കഥകൾ ഇതിനെ സംബന്ധിച്ച് മെനഞ്ഞിരുന്നു. വീരസ്വർഗ്ഗം പൂകിയ യുദ്ധവീരന്മാരുടെ സ്വർഗ്ഗയാത്രയായിട്ടാണ് റോമാക്കാർ ഇതിനെ കണ്ടിരുന്നത്. ജൂലിയസ് സീസറുടെ കൊലപാതകത്തിനു തൊട്ടുപുറകെ ഉദിച്ച, പ്രകാശമേറിയ ധൂമകേതു, അദ്ദേഹത്തിന്റെ ആത്മാവ് സ്വർഗ്ഗത്തിലേക്കു യാത്ര ചെയ്യുന്നതായിട്ടാണ് റോമാക്കാർ ഉൾക്കൊണ്ടത്. ധൂമകേതുക്കളുടെ വരവ് വരാനിരിക്കുന്ന കാലക്കേടിന്റെ മുന്നറിയിപ്പായിട്ടാണ് ഇന്ത്യാക്കാരടക്കമുള്ള പൗരാണികർ പൊതുവെ ധരിച്ചിരുന്നത്.

നവോത്ഥാന ചിന്തകളോടൊപ്പം ശാസ്ത്രജ്ഞാനം ഉദയം ചെയ്തതോടെയാണ് അന്ധവിശ്വാസങ്ങൾക്ക് അറുതിവരാനാരംഭിച്ചത്. 1577ൽ അതിദീപ്തമായ ഒരു ധൂമകേതു പ്രത്യക്ഷപ്പെടുകയുണ്ടായപ്പോൾ അന്നു ജീവിച്ചിരുന്ന ടൈക്കോ ബ്രാഹേ എന്ന ഡാനിഷ് ജോതിശാസ്ത്രജ്ഞൻ അത് ചന്ദ്രനേക്കാൾ വളരെ അകലെ ആണെന്നു സ്ഥാപിച്ചു. കടുത്ത ദൈവഭക്തനും മതവിശ്വാസിയുമായിരുന്നിട്ടുപോലും ധൂമകേതുവിന് ഭൂമിയിലെ അത്യാഹിതങ്ങളുമായി ഒരു ബന്ധവുമില്ല എന്നദ്ദേഹം പ്രഖ്യാപിച്ചു. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന എഡ്മണ്ട് ഹാലി ധൂമകേതുവിന്റെ വരവിനെ മുൻകൂട്ടി അറിയിക്കുകയും അതിന്റെ ഗണിതം പറയുകയും ചെയ്തതോടെ ജ്ഞാനികൾക്കിടയിൽ നിന്നെങ്കിലും അതിനെക്കുറിച്ചുള്ള അന്ധവിശ്വാസം ഇല്ലാതായി. എന്നാൽ അന്ധവിശ്വാസങ്ങളോട് സാധാരണജനങ്ങൾക്ക് ആഭിമുഖ്യമുള്ളിടത്തോളം കാലം അത് സമൂഹത്തിൽ നിലനില്ക്കും, അവർ ചൂഷണവിധേയരാകുകയും ചെയ്യും.1910ൽ ഹാലിയുടെ ധൂമകേതുവിന്റെ വരവ് പ്രതീക്ഷിക്കുകയും അതിനനുസരിച്ച് അത് പ്രത്യക്ഷപ്പെടുകയും ചെയ്ത കാലത്ത്, വിഷവമനമുണ്ടാകുമെന്ന് യൂറോപ്പിൽ പ്രചരിപ്പിച്ച ഒരു കൂട്ടർ പ്രതിരോധ ഗുളികകളുണ്ടാക്കി വിറ്റ് കോടീശ്വരന്മാരായി. ഇവിടെ ഗ്രഹണകാലത്ത് പരിഹാരക്രിയകൾ ചെയ്ത് ചില ജ്യോതിഷികളും പുരോഹിതരുമുണ്ടാക്കുന്ന വരുമാനം അതിനെ അപേക്ഷിച്ച് എത്രയോ നിസ്സാരമാണ്.

ധൂമകേതുക്കൾ അതിദീർഘവൃത്തപഥത്തിൽ സൂര്യനെ വലംവയ്ക്കുന്ന വസ്തുക്കളാണെന്ന് ആദ്യം മനസ്സിലാക്കിയത് ന്യൂട്ടനാണ്. ന്യൂട്ടന്റെ ചങ്ങാതിയായിരുന്ന ഹാലിയുടെ ബാല്യകാലസ്മരണയിൽ 1607ൽ ഉദിച്ച ഒരു ധൂമകേതുവുണ്ടായിരുന്നു. വാർദ്ധക്യകാലത്ത് 1682ലും അദ്ദേഹം അതുപോലൊന്നു കണ്ടു. ജിജ്ഞാസുവായിരുന്ന അദ്ദേഹം പഴയ ഏടുകൾ പരിശോധിക്കുമ്പോൾ 1531ലും അത്തരമൊരു ധൂമകേതു ഉദിച്ചിരുന്നതായി രേഖകളിൽ കണ്ടെത്തി. 76 വർഷത്തെ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്ന ഒന്നാണതെന്നു തിരിച്ചറിഞ്ഞ അദ്ദേഹം അത് 1758ൽ പ്രത്യക്ഷപ്പെടുമെന്നു പ്രവചിച്ചു. പക്ഷെ അതുവരെ ജീവിച്ചിരിക്കുകയില്ലെന്നറിയാവുന്ന അദ്ദേഹം അതിനെ നിരീക്ഷിച്ചു പഠിക്കുവാൻ ശിഷ്യൻമാരെ ചുമതലപ്പെടുത്തി. ആ ധൂമകേതുവിന് അവർ ഹാലീസ്കോമറ്റ് എന്ന പേര് നൽകി ഇത് അവസാനം പ്രത്യക്ഷപ്പെട്ടത് 1985–86 ലാണ്. ഇനി അതു വരുന്നത് 2061ൽ.

ബഹിരാകാശ ഗവേഷണങ്ങളിലൂടെയാണ് ഇന്ന് ഈ ധൂമകേതുക്കളെക്കുറിച്ച് പഠനം നടത്തുന്നത്. റഷ്യയും ജപ്പാനും അമേരിക്കയും യൂറോപ്പുമെല്ലാം ഇക്കാര്യത്തിൽ സജീവമാണ്. "ഡീപ് ഇംപാക്റ്റ്" എന്ന പദ്ധതിയുടെ "ഒഡേസ" എന്ന ഉപകരണം "ടെംപിൾ" എന്ന ധൂമകേതുവിൽ ഇടിച്ച് പരീക്ഷണം നടത്തുകയുണ്ടായിട്ടുണ്ട്. ഷൂമാക്കർലവി–9 എന്ന ധൂമകേതു വരുന്ന വഴി വ്യാഴത്തിന്റെ ഗുരുത്വത്തിലകപ്പെടുകയും മാലപോലെ ചിതറുകയും അവസാനം വ്യാഴത്തിൽത്തന്നെ പതിക്കുകയും ചെയ്തിട്ടുണ്ട് അതുപോലെ തന്നെ അതിനുശേഷം വന്ന മറ്റൊരു ധൂമകേതു സൂര്യന്റെ ഗുരുത്വത്തിൽപ്പെട്ട് ജ്വലിച്ചുപോയിട്ടുമുണ്ട്.

ലോഹങ്ങളടങ്ങിയ കടുത്ത പാറയാണ് ഒരു ധൂമകേതുവിന്റെ കാതലായ ഭാഗം. അതിനുപുറമേ

ജലം, മീഥേൻ, അമോണിയ, കാർബൺഡൈയോക്സൈഡ് എന്നിവയുടെ ഉറഞ്ഞുകട്ടിയായ മിശ്രിതമാണ്. ഇത്തരം പദാർത്ഥങ്ങളടങ്ങിയ മേഘങ്ങളിൽ നിന്നു തന്നെയാണ് സൗരയൂഥം രൂപംകൊണ്ടത്. അതിന്റെ അവശിഷ്ടങ്ങൾ സൗരയൂഥത്തിന്റെ വെളിംപറമ്പുകളിൽ അലഞ്ഞുനടക്കുന്നതിൽ നിന്നാണ് ധൂമകേതുക്കൾ രൂപംകൊള്ളുന്നത്. അതിദൂരത്തിൽ നിന്ന് സൂര്യന്റെ ആകർഷണത്തിലകപ്പെട്ട് അതിദീർഘാവൃത്താകൃതിയിലുള്ള പഥത്തിലൂടെ സഞ്ചരിച്ച്, സൂര്യനെ വലംവച്ചുകൊണ്ട് അത് തിരിച്ചുപോകുന്നു. അമ്പതോ, നൂറോ, ആയിരമോ വർഷങ്ങളുടെ ഇടവേളകളിൽ അത് വീണ്ടും വരുന്നു. ചിലത് ഇങ്ങിനി വരാത്തവണ്ണം വിദൂരതയിലേക്കു മടങ്ങുന്നു.

അറിയപ്പെടുന്ന ധൂമകേതുക്കൾ തന്നെ നൂറുകണക്കിനുണ്ട്. മറ്റാവശ്യങ്ങൾക്കുവേണ്ടി ആകാശനിരീക്ഷണം നടത്തുമ്പോൾ യാദൃശ്ചികമായി കണ്ടുമുട്ടുന്നതാണ് മിക്കവയും. നഗ്നനേത്രങ്ങൾ കൊണ്ടു കാണാൻ കഴിയാത്തവയാണതിലധികവും. പ്രധാനപ്പെട്ടവയ്ക്കെല്ലാം പേരുകൾ നൽകിയിട്ടുണ്ട്. കണ്ടുപിടിച്ചയാളുടെ, കണ്ടുപിടിച്ച സ്ഥാപനത്തിന്റെ, പഥം കണക്കു കൂട്ടിയ ആളുടെയും മറ്റും പേരുകളാണ് അതിനു നല്കാറുള്ളത്. ഹാലി, ഷൂമാക്കർലെവി, ടെമ്പിൾ, ഉകേയസാക്കി, ക്രൊമേലിൻ ബൊവെൽ, കൊഹൂടെക് എന്നിവ ചില പ്രധാന ധൂമകേതുക്കളാണ്.

ധൂമകേതുവിന് വാലുണ്ടാകുന്നത് സൂര്യനോടടുക്കുമ്പോഴാണ്. അടുക്കുന്തോറും വാലിനു നീളം കൂടി വരും. ധൂമകേതുവിൽ നിന്ന് കണികകൾ സൂര്യവാതമേറ്റ് (സൗരക്കാറ്റ്) പാറുന്നതാണ് നാം വാലായി കാണുന്നത്. തല സൂര്യനോടടുത്തും വാൽ സൂര്യനിൽ നിന്നകന്നുമാണ് കാണുക. ദൂരദർശിനിയിലൂടെ സൂക്ഷിച്ചുനോക്കിയാൽ രണ്ടു വാലുകളുള്ളതായി കാണാം. ഒന്ന് സാധാരണ പൊടിപടലങ്ങളുടേതാണ്. അത് മഞ്ഞരാശിയിൽ കാണാം. രണ്ടാമത്തേത് വൈദ്യുത ചാർജ്ജുള്ള വാതക കണികകളുടേതാണ്. നീലരാശിയിലാണതു കാണുക. സൂര്യനോട് ഏറ്റവുമടുത്തു വരുമ്പോഴാണ് വാലിന് ഏറ്റവും നീളം കൂടുതൽ. ഓരോ പ്രാവശ്യവും ഒരു ധൂമകേതു സൂര്യനെ വലംവയ്ക്കുമ്പോൾ അതിലെ പദാർത്ഥങ്ങൾക്കു ശോഷണം സംഭവിക്കുന്നു. അങ്ങിനെ അത് ചെറുതായി ചെറുതായി ഒരിക്കൽ ഇല്ലാതാകും. എന്നാൽ അതിന്റെ സ്ഥാനത്ത് പുതിയതു ജനിച്ചുകൊണ്ടുമിരിക്കും.

ധൂമകേതുക്കളുടെ പരിണാമത്തെക്കുറിച്ചുള്ള പഠനം ഇന്നും തുടരുകയാണ്. ഡച്ച് ശാസ്ത്രജ്ഞനായ ഹെൻറിക് ഊർടിന്റെ അഭിപ്രായം പൊതുവേ ശാസ്ത്രലോകം അംഗീകരിച്ചിട്ടുണ്ട്. സൗരയൂഥത്തിന്റെ വിദൂരമേഖലകളിൽ പ്ലൂട്ടോയ്ക്കുമപ്പുറം സൂര്യനെ ചുറ്റി സഞ്ചരിക്കുന്ന അനേകകോടി ഗോളങ്ങളുണ്ടെന്ന് ഊർട് വാദിച്ചു. എഴുപതു ശതമാനം വരെ ഹിമവും ബാക്കി മറ്റു ധൂളികളും പാറകളുമടങ്ങിയ ഇവയെ 'അഴുക്കുമഞ്ഞ്' (dirty ice) എന്നാണ് വിളിക്കുന്നത്. സൗരയൂഥ നെബുല സങ്കോചിച്ചപ്പോൾ ഒപ്പമുണ്ടായതാണിത്. പഥങ്ങൾ നഷ്ടമായി അലയുന്ന ഇവയിൽ ചിലത് സൂര്യനിലേക്കു പതിക്കുന്നു. എന്നാൽ ശനി, വ്യാഴം തുടങ്ങിയ ഭാരിച്ച ഗ്രഹങ്ങളുടെ ആകർഷണ പരിധിയിൽ വച്ച് ഇവയുടെ പഥം മാറി സൂര്യനിൽ പതിക്കാതെ ചുറ്റിക്കറങ്ങി തിരികെ ഗമിക്കുന്നു. അത്തരത്തിലുള്ള ഇരുപതോളം ധൂമകേതുക്കളെക്കുറിച്ച് ഊർട് വിശദീകരിച്ചു. അഴുക്കുമഞ്ഞിന്റെ കലുഷമായ പ്രദേശത്തെ ഊർട് ക്ലൗഡ് എന്നു വിളിക്കുന്നു.

ധൂമകേതുക്കൾ മൂലം പലപ്പോഴും ഉൽക്കാവർഷം (meteor shower) സംഭവിക്കാറുണ്ട്. അതു കടന്നുപോകുമ്പോൾ നഷ്ടപ്പെടുന്ന ദ്രവ്യം ഗ്രഹാന്തരതലത്തിൽ തങ്ങി നില്ക്കും. ധൂമകേതുക്കളുടെ പ്രദക്ഷിണപഥത്തിലൂടെ ഭൂമി കടന്നുപോകുമ്പോൾ ധൂളികളും പാറക്കഷണങ്ങളും ഭൂമിയുടെ അന്തരീക്ഷത്തിൽ പ്രവേശിച്ച് ഉരസി ഘർഷണം മൂലം കത്താനിടയാകുന്നു. ഇതാണ് ഉല്ക്കാവർഷമായി കാണുന്നത്. ക്രമമായി സംഭവിക്കുന്ന ചില ഉല്ക്കാവർഷം, ചില പ്രത്യേക ധൂമകേതുവിന്റെ പഥത്തിലൂടെ ഭൂമി കടന്നുപോകുമ്പോഴുണ്ടാകുന്നതാണ്. ഉദാഹരണത്തിന് ആഗസ്റ്റ് 9നും 13നും ഇടയ്ക്കുണ്ടാകുന്ന പെഴ്സീഡ് ഉല്ക്കാവർഷത്തിന്റെ ഉറവിടം 2007 ആഗസ്റ്റിൽ വന്നുപോയ സ്വിഫ്റ്റ്ടട്ടിൽ ധൂമകേതുവാണ്.

ധൂമകേതുക്കൾ ഭൂമിയുമായി കൂട്ടിമുട്ടാനുള്ള സാധ്യത നന്നേ കുറവാണ്. കാരണം അവയുടെ പരിക്രമണതലത്തിന്റെ വ്യത്യസ്ഥതയാണ്. ഭൂപഥത്തെ മുറിച്ചു കടക്കുന്നവ വിരളമാണ്. അതിൽത്തന്നെ ചിലത് വിരളമായി ഭൂമിയിൽ പതിച്ചു കൂടെന്നില്ല. 1908 ജൂൺ 30ന് സൈബീരിയയിലെ തുട്ക എന്ന വനഭൂമിയിൽ ഒരു കൊച്ചു ധൂമകേതു പതിക്കുകയുണ്ടായി 10 മെഗാടൺ ശക്തിയുള്ള ഒരു ആറ്റം ബോംബുപോലെ അത് പൊട്ടിത്തെറിച്ചു. റഷ്യയിൽ വിപ്ലവ കാലമായിരുന്നതിനാൽ അതിനെക്കുറിച്ച് അന്ന് വലിയ പഠനങ്ങൾ നടന്നില്ല.

ധൂമകേതുവിന്റെ വ്യാസം ഒരു കി.മീറ്ററിലുമധി

കമാണെങ്കിൽ അതു ഭൂമിയിൽ വീണാൽ ആഗോള ദുരന്തത്തിനിടയാക്കും. അതിൽ നിന്നുയരുന്ന ധൂളീപ ടലങ്ങൾ സൂര്യനെ മറയ്ക്കും. 6.5 കോടി വർഷങ്ങൾക്കു മുമ്പ് തെക്കേ അമേരിക്കയിലെ ചിക്സുലബ് എന്ന പ്രദേശത്ത് പതിച്ച ഒരു ധൂമകേതു മൂലമാണ് ദിനോസറുകൾ ഉൾപ്പെടെ നിരവധി ജീവിവർഗ്ഗങ്ങളുടെ വംശനാശമുണ്ടായത് എന്നാണ് ശാസ്ത്രജ്ഞന്മാർ കരുതുന്നത് പത്തുലക്ഷം വർഷത്തിലൊരിക്കൽ അത്തരമൊരു പതനത്തിന് സാധ്യതയുണ്ട്. അതു തടയാൻ വേണ്ടിയുള്ള സാങ്കേതിക വിദ്യ, മനുഷ്യൻ അന്ന് അവശേഷിച്ചിട്ടുണ്ടെങ്കിൽ അതിനകം വികസിപ്പിച്ചെടുത്തിരിക്കും.

ധൂമകേതുക്കളെ സംബന്ധിച്ചു പഠനം നടത്തുന്ന ശാസ്ത്രശാഖയാണ് കേമറ്റോളജി●

# വിശേഷ ദിവസങ്ങൾ

## 2017 ഡിസംബർ 16 മുതൽ 2018 ജനുവരി 15 വരെ

| | | |
|---|---|---|
| ഡിസംബർ | 20 | കുചേലദിനം |
| ” | 24 | കലൂർ പാവക്കുളം ക്ഷേത്രം കൊടിയേറ്റ് |
| ” | 25 | കരയോഗം കുടുംബസംഗമം, കരയോഗ സ്ഥാപക ദിനം |
| ” | 26 | ശബരിമല മണ്ഡലപൂജ |
| ” | 29 | സ്വർഗ്ഗവാതിൽ ഏകാദശി |
| ജനുവരി | 1 | നവവത്സരദിനം, മകയിരം ഉറക്കമൊഴിക്കൽ, തിരുവൈരാണിക്കുളം നടതുറപ്പ് |
| ” | 2 | മന്നം ജയന്തി, തിരുവാതിര ആഘോഷം |
| ” | 7 | തുഞ്ചൻ ദിനം |
| ” | 8 | വിവേകാനന്ദ ജയന്തി |
| ” | 11 | എരുമേലി പേട്ടതുള്ളൽ |
| ” | 14 | മകരസംക്രമം, ശബരിമല മകരവിളക്ക് |
| ” | 15 | തൈപൊങ്കൽ |

# എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
## 2017–18 ഡിസംബർ/ജനുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 14.12.17 | ശ്രീമതി.എം.രാജലക്ഷ്മി | ശ്രീ എ.ആർ പണിക്കർ | കുടുംബ ഭദ്രതയും സമുദായ സ്ഥിരതയും | 947 |
| 21.12.17 | ശ്രീ ടി.കെ.ശ്രീകുമാരൻ നായർ | ശ്രീ.കെ.വിജയൻ | IFFI 2017 | 948 |
| 28.12.17 | Know Each other | ശ്രീ.ജി.ആർ.സി നായർ | ഭാരതീയ ശാസ്ത്ര പൈതൃകം | 949 |
| 04.01.18 | | Sri. T.N.T Nair | ക്ഷേത്രാരാധനയിലെ വിവാദങ്ങൾ (ഒരു സംവാദം) | 950 |
| 11.01.18 | | ഡോ.സുന്ദരി.ജി മേനോൻ | Mind- What is mind? How to conquer the mind? | 951 |

# കാണാതായ കല്യാണിയെ കാത്ത്

ജി.മാധവൻ നായർ

അതവളുടെ മുറിയാണ്. മദ്ധ്യത്തിലുള്ള കട്ടിലിൽ ഒരു 'ഡോളി' പാവക്കുട്ടി കിടക്കുന്നുണ്ട്. ആ ബാലികയുടെ കണ്ണുകൾ അടഞ്ഞു കാണുന്നു. കുറച്ച് കാലം മുൻപ് കല്യാണി, കിടക്കയിൽ തന്നോടൊപ്പം കൂട്ടിയതാണ്. ആരും ആ സുന്ദരിക്കുട്ടിയെ സ്പർശിച്ചിട്ടില്ല. കിടന്ന വിരിയുടെ നിറം ഇളം പച്ചയാണ്. അതവളുടെ ഇഷ്ടപ്പെട്ട വർണ്ണമാണ്. മേശപ്പുറത്ത് പുസ്തകങ്ങളും മറ്റും അടുക്കിവച്ചിട്ടുണ്ട്. ഒരുമൂലയിലുള്ള കണ്ണാടി അലമാരയിൽ കുറച്ചു വസ്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നു. ജ്യേഷ്ഠത്തി പഠിക്കുവാൻ പോയതിനാൽ അവളൊറ്റയ്ക്കായിരുന്നു.

കല്യാണിയുടെ തിരോധാനം സംഭവിച്ചിട്ട് മൂന്നു വർഷം തികഞ്ഞു. ഒരമാവാസി നാൾ രാത്രിയിലാണ് അതുണ്ടായത്. കനത്ത മഴയും, ഇടിമിന്നലുമൊക്കെ ആ ദിവസത്തിന്റെ പ്രത്യേകതയായിരുന്നു. ഗാഢനിദ്രയിലാണ്ടുപോയ രക്ഷിതാക്കൾ, തൊട്ടുള്ള മുറിയിൽ നടന്ന കാര്യമൊന്നുമറിഞ്ഞില്ല. സാധാരണ നേരം വെളുത്തു കഴിഞ്ഞാൽ കല്യാണി ഉണർന്നെത്തും. പക്ഷെ, അന്ന്, അവളുടെ മുറിയിൽ നിന്ന് അമ്മയുടെ അലമുറയാണ് കേട്ടത്. അപ്പോഴാണ് തൊടിയിൽ ചെടികളുടെ ഇടയിലൂടെ അവയെ ശുശ്രൂഷിച്ച് നടന്നിരുന്ന അച്ഛൻ ഭയപ്പാടോടെ, അങ്ങോട്ടെത്തിയത്.

അറയ്ക്കുള്ളിൽ കല്യാണിയില്ല. കിടന്നിരുന്ന ശയ്യയിൽ പുതപ്പ് ചുരുണ്ട് കിടക്കുന്നു. രണ്ടുപേരും ശുചിമുറിയിൽ കയറിനോക്കി. അവിടെ, അവളില്ല, ഏറെ പരിഭ്രമിച്ച പ്രായമേറിയ ദമ്പതിമാർ വീടും പരിസരവുമൊക്കെ ചികഞ്ഞു നോക്കി. എവിടേയും ആ പതിനാലു വയസ്സുകാരിയെ കാണാനില്ല. ആ വിശാലമായ കെട്ടിടത്തിന്റെ പൂമുഖത്തുള്ള ഇറയത്ത് അവളുടെ നേരിയ പച്ച നിറത്തിലുള്ള സൈക്കിൾ പൂട്ടി വച്ചിരിക്കുന്നു. പാഠശാല വിട്ടു വന്നു കഴിഞ്ഞാൽ അതവളുടെ ശീലമാണ്.

തൊട്ടടുത്ത വീട് എന്നു പറയുന്നത് കുറച്ചകലെയാണ്. അവളുടെ അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് അങ്ങോട്ടേയ്ക്ക് ഓടി, ഹൃദ്രോഗിയായ അച്ഛൻ വീടിന്റെ ഉമ്മറപടിയിലിരുന്ന് കണ്ണീർ വാർത്തു. എന്തു ചെയ്യണമെന്ന് അയാൾക്ക് ഒരു നിശ്ചയവുമുണ്ടായില്ല. അപ്പോഴേയ്ക്കും ചുറ്റുവട്ടത്തുള്ള വീടുകളിൽ നിന്നെല്ലാം ജനം ഒഴുകിയെത്തി. എല്ലാവരും ദു:ഖനിമഗ്നരായിരുന്നു. അമ്മ പരിമളയുടെ പരിദേവനങ്ങൾ ശമിപ്പിക്കുവാൻ ആർക്കും കഴിഞ്ഞില്ല.

വന്നെത്തിയവരിൽ ഒരകന്ന ബന്ധുവായ, ഉയർന്ന പദവിയുള്ള പട്ടാള ഉദ്യോഗസ്ഥൻ രംഗം വീക്ഷിച്ചിട്ട് എല്ലാവരോടും സമാധാനമായിരിക്കുവാൻ അഭ്യർത്ഥിച്ചു. തുടർന്നു കൈവശമിരുന്ന ഫോൺ പ്രവർത്തിപ്പിച്ച് സ്ഥലത്തെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു അദ്ദേഹത്തിന്റെ നിലയും, വിലയും മനസ്സിലാക്കിയ നിയമപാലകർ പാഞ്ഞെത്തി. അവർ വീട്ടിലെ ഓരോ മുക്കും, മൂലയും പരിശോധിച്ചു. എന്തെങ്കിലും ഒരു തുമ്പ് ലഭിയ്ക്കുവാനായി, എല്ലായിടവും ചികഞ്ഞുനോക്കി.

കാണാതായ കുട്ടി, കത്തൊന്നും കുറിച്ച് വച്ച് കണ്ടില്ല. അത് കൊണ്ടു തന്നെ, ആരെങ്കിലും മന:പൂർവ്വം തട്ടികൊണ്ടുപോകാനായിരിക്കാനാണ് സാദ്ധ്യത എന്ന് അപ്പോൾ ആഗതനായ പോലീസിലെ മുതിർന്ന ഉദ്യോഗസ്ഥൻ കരസേനയിലെ വലിയ പദവിയിലുള്ള കേണലിനോട് സ്വകാര്യമായി പറഞ്ഞു. കൂടാതെ ഈ കൃത്യം നടത്തിയിരിക്കുന്നത്, ഒരു സംഘടിതപ്രസ്ഥാനമായിരിക്കുമെന്നും സൂചിപ്പിച്ചു. എന്തെല്ലാം പറഞ്ഞിട്ടും ഭയവിഹ്വലരും, നൊമ്പരത്തിലാണ്ടുപോയവരുമായ ദമ്പതികളെ സമാധാനിപ്പിക്കുവാൻ ആർക്കുമായില്ല.

ദിവസങ്ങൾക്കകം അന്വേഷണങ്ങൾ പലതലത്തിലും, തരത്തിലും നടന്നു. ഒന്നും ഒരു പരിസമാപ്തിയിലെത്തിയില്ല. കല്യാണിയുടെ അച്ഛനമ്മമാർ മുട്ടാത്ത വാതിലുകളില്ല. നൈതികമായി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ, ഏറ്റവും ഉയർന്ന നീതിപീഠത്തെ തന്നെ സമീപിക്കേണ്ടി വന്നു. അവിടെ നിന്നും സത്വര നടപടികൾക്കായി ഉത്തരവുണ്ടായി. പക്ഷെ, തിരഞ്ഞുപിടിക്കേണ്ടവർക്ക്, വ്യക്തമായി ഒരു തീരുമാനത്തിലെത്തുവാൻ സാദ്ധ്യമായില്ല. അല്ലെങ്കിൽ അതിനു വേണ്ടുന്ന ആത്മാർത്ഥ ശ്രമം നിറവേറ്റാൻ കഴിഞ്ഞോ, എന്തോ ആർക്കുമൊന്നുമറിയില്ല!.

വിവിധ പ്രവർത്തന സംഘങ്ങൾ വെവ്വേറെ അന്വേഷണം നടത്തി, അധികാരികൾക്കും, കോടതികൾക്കും, വിവരമറിയിക്കൽ പത്രം നൽകി. അവരുടെയൊക്കെ ദൃഷ്ടിയിൽ ഇതിനപ്പുറം ഒന്നും ചെയ്യുവാൻ നിർവ്വാഹമില്ലാതെ വന്നിരിക്കുന്നു. അത് കൊണ്ടുതന്നെ അത് കടലാസ്സിൽ വാക്കുകളിലൂടെ, വിചാരണ ചെയ്യേണ്ടുന്ന സ്ഥാപനങ്ങളുടെ മുമ്പാകെ

സമർപ്പിച്ച് കൈകഴുകി. കാണാമറയത്തായി പോയ പൊന്നോമന മാതാപിതാക്കളുടെ മാത്രം ഒരു സ്വകാര്യ നഷ്ടമാണ് എന്ന രീതിയിൽ മാദ്ധ്യമങ്ങൾ വിവരിച്ചു. സമൂഹമാദ്ധ്യമത്തിൽ സ്ഥായിയായ ആ ദു:ഖത്തിൽ പങ്കുചേരുന്നു എന്നു കൂടി വരുത്തി.

പോലീസന്വേഷണത്തിൽ ഇങ്ങിനെയുള്ള കുട്ടികളെ തട്ടികൊണ്ടുപോകൽ വളരെ അപൂർവ്വങ്ങളിൽ അപൂർവ്വമായേ നടന്നിട്ടുള്ളു. കൂടാതെ സംസ്ഥാനമൊട്ടാകെയുള്ള, കുട്ടികൾ അപ്രത്യക്ഷമാകുന്ന കണക്കുകൾ പരിശോധനക്ക് വിധേയമാക്കിയപ്പോൾ വലിയ ഒരു സംഖ്യയൊന്നുമുണ്ടായിരുന്നില്ല.

തൊട്ടടുത്തുള്ള സംസ്ഥാനത്ത് നിന്നും വളരെകാലം മുമ്പ്, പൂർവ്വികരായി കുടിയേറി വന്ന് താമസമാക്കിയവരാണ് കല്യാണിയുടെ കുടുംബം. ഭിന്ന ഭാഷ സംസാരിക്കുന്നവരുടെ അതിർത്തി പ്രദേശത്തിൽ ഇരുകൂട്ടരും സൗമ്യമായി ഒത്തൊരുമയോടു കൂടിയുള്ള ജീവിതമാണ് നയിച്ചിരുന്നത്. സംസ്കൃതികൾ വേറെയായിരുന്നെങ്കിലും ഒരിക്കലും ജാതിയോ, മതമോ കൈകാര്യം ചെയ്യുന്ന വ്യത്യസ്ഥവാക്കുകളോ അവർക്കിടയിൽ മതിലുകൾ കെട്ടി വേർതിരിച്ചിട്ടില്ല.

വളരെ പുരാതനമായി നിർമ്മിച്ചിട്ടുള്ള ആ വലിയ സൗധത്തിലെ, വളരെയധികം മുറികളുള്ളതിൽ കുറച്ചു സ്ഥലം മാത്രമേ വാസത്തിനായി ഉപയോഗിച്ചിരുന്നുള്ളു. അത് കഴിഞ്ഞാൽ മുകളിലത്തെ നിലയടക്കം ബാക്കിയുള്ള ഇടങ്ങളെല്ലാം ഒഴിഞ്ഞു കിടക്കുകയാണ്. ഒന്നു തൂത്ത് തുടച്ചു വൃത്തിയാക്കണമെങ്കിൽ കഠിനമായ ഒരു മനുഷ്യപ്രയത്നം വേണ്ടി വരും.

ആ മന്ദിരം നില്ക്കുന്ന സ്ഥലം തന്നെ വലിയ വിശാലമായ ഒരു പുരയിടത്തിലാണ്. മുന്നേക്കറിൽ കൂടുതൽ വിസ്തൃതമായ ആ പറമ്പിന്റെ ഏതാണ്ട് മധ്യഭാഗത്താണ് ആ രമ്യഹർമ്മ്യം പണിതിരിക്കുന്നത്. സമീപകാലത്ത്, സ്ഥലത്തിന്റെ ആവശ്യകത ഏറി വന്നപ്പോൾ അതിന്റെ മൂല്യവും വർദ്ധിച്ചു. പലരും ആ വീടും, അനുബന്ധ പ്രദേശവും കൈക്കലാക്കുവാൻ മുന്നോട്ടു വന്നു. കല്യാണിയുടെ മാതാപിതാക്കൾക്ക് അതൊട്ടും സമ്മതമായിരുന്നില്ല. ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും വിലകല്പിച്ചിരുന്ന ആ സാധുക്കൾ തങ്ങളുടെ പൂർവ്വികരെ സ്മരിച്ച് അവിടെ തന്നെ കഴിഞ്ഞു കൂടാനാണാഗ്രഹിച്ചത്. ശാന്തമായി ആ മണ്ണിലുറങ്ങുന്ന പിതാമഹന്മാരെ ഉപേക്ഷിച്ച് അവിടം വിട്ടുപോകുകയാണെങ്കിൽ അതവരോടു ചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധമായി തീരുമെന്ന് കല്യാണിയുടെ മാതാപിതാക്കൾക്ക് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു.

ഭൂമാഫിയയുടെ നിരന്തരമായ ഇടപെടൽ കല്യാണിയുടെ പിതാവ്, പരമേശ്വരനെ, അങ്ങേയറ്റം കുഴക്കിയിരുന്നു. ആ പ്രദേശത്ത് ബഹുനിലക്കെട്ടിടങ്ങളായ മണിമന്ദിരങ്ങൾ ഉയർന്ന് തുടങ്ങിയ ഒരു കാലയളവിലാണ് കല്യാണിയെ കാണാതാകുന്നത്. അകലെയുള്ള നഗരത്തിലെ പല കെട്ടിട നിർമ്മാതാക്കൾ ഗ്രാമപ്രദേശത്ത് വന്ന് അംബരചുംബികളായ സിമന്റ് കൊട്ടാരങ്ങൾ കെട്ടി പൊക്കുന്നതിനുവേണ്ടി സ്ഥലങ്ങൾ അന്വേഷണം നടത്തിയിരുന്നത് നാട്ടിലേവർക്കും അറിയാവുന്ന ഒരു വസ്തുതയായിരുന്നു. പരമേശ്വരന്റെ സ്ഥലനിരാസവും പെൺകുട്ടിയുടെ അപ്രത്യക്ഷമാകലും ആയി ബന്ധപ്പെട്ട് നിയമപാലകർ അന്വേഷണം നടത്താതിരുന്നില്ല. പക്ഷേ, കോടീശ്വരന്മാരുടെ കെട്ടുപാടിൽ നൈതികമായി ലഭിക്കേണ്ട ഫലങ്ങൾ ഒന്നുമുണ്ടായതായി കണ്ടില്ല.

വളരെ പഴക്കം ചെന്ന ഈ ഗണ്ഡൻമാളികയുടെ പലഭാഗങ്ങളും ഇടിഞ്ഞുപൊളിഞ്ഞിരിക്കുന്നു. പുറമെ ചുവരുകളിൽ വിള്ളൽ ബാധിച്ച്, അതിലൂടെ ചെറുചെടികൾ വളർന്നു നില്ക്കുന്നത്, പൗരാണികതയിലേക്കുള്ള ഒരു വിരൽ ചൂണ്ടലാണ്. പഴമയുടെ ഒരു നിത്യസ്മാരകമായി പരിലസിക്കുന്ന, അടിത്തറയ്ക്ക് നല്ല ഉറപ്പുള്ള പ്രാസാദം ആ പ്രദേശത്തുള്ള ഗേഹങ്ങളിൽ പ്രാചീനവും എന്നാൽ മനോഹരവുമായിരുന്നു. ഈ ഒറ്റകാരണം കൊണ്ട് അത് പൂർണ്ണമായി, പുനർനിർമ്മാണം നടത്താതെ തന്നെ, അവിടവിടം പരിശോധിച്ച്, ജീർണ്ണോദ്ധാരണം നടത്തി പരിഷ്കരിക്കാവുന്നതാണ് എന്നത് വിശ്വകർമ്മാവിന്റെ കപടശിഷ്യന്മാർ മനസ്സിലാക്കി. ആശയപരമായി അങ്ങിനെ ചിന്തിക്കുന്നവരെ കൂടാതെ, മുഴുവൻ കെട്ടിടവും ഇടിച്ചു നിരത്തി, കിട്ടാവുന്ന മുഴുവൻ സ്ഥലവും സജ്ജമാക്കി നൂതനവും, ആകാശത്തോളം ഉയർന്നു നില്ക്കുന്നതുമായ പാർപ്പിടങ്ങളുടെ ഒരു ശൃംഖല തന്നെ നിർമ്മിക്കാമെന്ന് കണക്കാക്കിയവരുമുണ്ടായിരുന്നു. പക്ഷെ ആർക്കും ആ സ്ഥലം സ്വന്തമാക്കുവാൻ സാധിക്കാതെ വന്നത് പരമേശ്വരന്റെ നിശ്ചയദാർഢ്യവും തലമുറകളായി പാർത്തുവന്നിരുന്ന സ്വന്തം വീടിനോടുള്ള അഗാധമായ അടുപ്പവുമായിരുന്നു.

ബന്ധുക്കളിൽ ചിലർ, അപൂർവ്വ സന്ദർശനത്തിനെത്തുമ്പോൾ കല്യാണിയുടെ ഒഴിഞ്ഞു കിടക്കുന്ന മുറിക്കകത്ത് കയറി കണ്ണീർ തൂകി. അവളുടെ അടുക്കും ചിട്ടയുമുള്ള ശീലങ്ങൾ ഉടനീളം ആ കൽക്കെട്ടിനുള്ളിൽ ദൃശ്യമായി. പഠിക്കാനുപയോഗിച്ചിരുന്ന മേശ, പഴയ കൈയുള്ള കസേര, അതുപോലെ കൊത്തുപണികൾ കൊണ്ട് സമൃദ്ധമായ സാമാന്യം വലിയ ശയ്യ, മുറിയുടെ മൂലയ്ക്കുള്ള വസ്ത്രങ്ങൾ തൂക്കിയിടുന്നതിലേയ്ക്ക് നിരയുള്ള മരത്തിൽ പണിത ചട്ടക്കൂട് കിടക്ക മൂടിയിരിക്കുന്ന പച്ച നിറത്തിലുള്ള വിരി എന്നിവയെല്ലാം കാണാം. തലേ ദിവസം ധരിച്ചിരുന്ന പാഠശാലയിലെ പ്രത്യേക

മേലാടയും താഴേയ്ക്കുള്ള പാവാടയും, കണ്ഠത്തിൽ അണിയുന്ന നാടയും, കുറച്ചു കാശും, കറൻസിയുമടങ്ങിയ പണസഞ്ചി. പുസ്തകങ്ങളടങ്ങിയ സ്കൂൾ ബാഗ് എന്നിവ കസേരയിൽ സ്ഥലം പിടിച്ചിരിക്കുന്നു. ഇളം പച്ചനിറത്തിലുള്ള പുതപ്പ് ഭംഗിയായി തന്നെ മടക്കി വച്ചിട്ടുണ്ട്.

പാഠശാലയിലെ, ദിവസങ്ങൾ കുറിക്കുന്ന പുസ്തകത്തിന്റെ ആദ്യത്തെ താളിൽ കല്യാണിപരമേശ്വരൻ, ഒൻപതാംതരം, ഡിവിഷൻ-സി എന്നും സ്കൂളിന്റെ പേരും മറ്റും ആകർഷകമായ കൈപടയിൽ കുറിച്ചു വച്ചിരിക്കുന്നു. കഴിഞ്ഞ അവസാനത്തെ പരീക്ഷയിൽ തൊണ്ണൂറു ശതമാനം മാർക്ക് വാങ്ങിയത് പ്രത്യേക സ്ഥലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇടയ്ക്കിടെ ആ മുറിയിൽ വന്ന് ഹതഭാഗ്യനായ ആ പിതാവ് അതെല്ലാം നോക്കി നെഞ്ചുപൊട്ടികരയാറുണ്ട്. മാതാവിന്റെ മനസ്സാകെ മരവിച്ചു പോയതിനാൽ അവർ അമിത വികാരപ്രകടനങ്ങൾക്ക് മുതിരാറില്ല.

സർക്കാരിന്റെ ഒരു വകുപ്പിൽ ഗുമസ്തനായി പ്രവേശിച്ച്, പടിപടിയായുയർന്ന് അവസാനം ഗസറ്റഡ് തസ്തികയിൽ നിന്ന് വിരമിച്ച പരമേശ്വരന്റെ മൂത്തമകൾ കാമാക്ഷി, സർവ്വകലാശാലയുടെ പ്രധാന കേന്ദ്രത്തിൽ ഭൗതിക ശാസ്ത്രത്തിൽ ഒരു ഗവേഷണവിദ്യാർത്ഥിയായി ചേർന്നിരുന്നു. അവളുടെ സ്ഥാപനത്തിലെ എല്ലാവരും തന്നെ ആ ഗൃഹത്തിൽ ചെന്ന്, അവിടെ സംഭവിച്ച ദുരന്തത്തിൽ അങ്ങേയറ്റം ഖേദം പ്രകടിപ്പിക്കുകയും, ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തു. അവിടുത്തെ ഏറ്റവും മുതിർന്ന വിദ്യാഭ്യാസ വിചക്ഷണൻ, അന്വേഷണപ്രക്രിയയിൽ സർക്കാരുമായി അടിയന്തിരമായി തന്നെ ബന്ധപ്പെട്ട് വേണ്ടതു ചെയ്യുവാൻ അഭ്യർത്ഥിക്കുകയുമുണ്ടായി.

പരമേശ്വരൻ രാഷ്ട്രപതിക്കയച്ച കത്തിനു മറുപടിയായി സംസ്ഥാന ഗവർണ്ണറോടും, ഭരണകൂടത്തോടും സത്വരനടപടി സ്വീകരിക്കണമെന്നുള്ള നിർദ്ദേശമയച്ചിട്ടുള്ളതായി അറിഞ്ഞു. ദേശീയ മനുഷ്യാവകാശ കമ്മീഷന് നൽകിയ പരാതിയെ തുടർന്ന് കുറ്റകൃത്യങ്ങൾ അന്വേഷിയ്ക്കുന്ന സംസ്ഥാനസർക്കാരിന്റെ പ്രത്യേക വിഭാഗത്തിനു വേണ്ട അറിയിപ്പ് ലഭിച്ചു.

പരിഹാരമൊന്നുമുണ്ടാകാത്ത അവസ്ഥയിൽ രാജ്യത്തെ ഏറ്റവും ഉടർന്ന കോടതിയിൽ വേറിട്ട ഒരു ഹർജ്ജി നൽകിയത് കല്യാണിയുടെ സഹോദരി കാമാക്ഷിയാണ്. സ്വന്തം സഹോദരിയുടെ തിരോധാനത്തിൽ സംസ്ഥാന സർക്കാരിന്റെ അന്വേഷണ വിഭാഗത്തിൽ യാതൊരു പുരോഗതിയും വരുത്തുവാനാകാത്ത സാഹചര്യത്തിൽ ഉയർന്ന ഏജൻസി അന്വേഷണ ചുമതല ഏറ്റെടുക്കാൻ ഉത്തരവാക്കണമെന്നായിരുന്നു പ്രാർത്ഥന. വിവരങ്ങൾ പൂർണ്ണമായും ബോദ്ധ്യപ്പെട്ട് നീതിപീഠം കേസ്സ് പ്രമുഖ ദേശീയ ഏജൻസി, അന്വേഷിക്കുന്നതിനായി വിട്ടു.

തുടർന്ന്, അവർ പരമേശ്വരന്റെ വീട്ടിൽ വന്ന് കല്യാണിയുടെ കാണാതാകലിന്റെ കാര്യങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സമീപപ്രദേശങ്ങളിലെ സംശയാസ്പദമായ രീതിയിലുള്ളവരേയും, കുട്ടികളെ തട്ടിപോകുന്നു എന്ന് ആരോപണവിധേയരായ സംഘങ്ങളേയും ചുറ്റിപറ്റി വ്യാപകമായ തിരച്ചിൽ നടത്തിനോക്കി. ന്യായാധിപന്മാർ നിർദ്ദേശിച്ച സമയപരിധി കഴിഞ്ഞിട്ടും നിർണ്ണായകമായ തെളിവുകൾ കിട്ടാത്ത സാഹചര്യത്തിൽ പ്രമുഖ കുറ്റാന്വേഷണ സംഘം വീണ്ടും ഫലപ്രാപ്തിക്കായി കൂടുതൽ സമയം ആവശ്യപ്പെട്ടിരിക്കുകയാണ്.

ഭൂമാഫിയയെ കൂടാതെ, സ്ഥിരം കുറ്റകൃത്യത്തിലേർപെടുന്ന ആരെങ്കിലും ഈ പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയതിന്റെ പിന്നിലുണ്ടോ എന്ന് കണ്ടുപിടിക്കാനുള്ള ശ്രമം വിജയിച്ചില്ല. മറ്റൊരു സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്തുള്ള ഭൂമിയും, കെട്ടിടവും തട്ടിയെടുക്കുവാൻ ശ്രമിക്കുന്ന പ്രബലസംഘത്തെ ഭയന്ന്, ആ സ്ഥലത്ത് താമസിച്ചിരുന്ന അന്യനാട്ടുകാരിൽ ചിലരെങ്കിലും, ഇതിനിടക്ക്, അവിടുത്തെ സ്ഥലമെല്ലാം വിറ്റ് സ്വന്തം തട്ടകത്തേക്ക് പോരുകയുണ്ടായി.

സംശയത്തിന്റെ പേരിൽ പിടികൂടിയ മൂന്നു കുറ്റവാളികളെ, പോലീസ് ചോദ്യം ചെയ്ത് കോടതിയിൽ എത്തിച്ചെങ്കിലും അവരെല്ലാം ചില സമ്പന്നരുടെ സ്വാധീനത്തിൽ ജാമ്യം നേടി പുറത്തിറങ്ങി. അതിലൊരുവൻ ചെറിയ പെൺകുട്ടികളെ മുംബൈയിലെ ചുവന്നതെരുവിലേയ്ക്കും, അതുപോലെ തന്നെ നേപ്പാളിലെ ഉല്ലാസകേന്ദ്രങ്ങളിൽ ലൈംഗികവൃത്തിയ്ക്ക് ഉപയോഗിക്കുവാനും, അയക്കുന്ന സംഘത്തിലെ ഒരു കണ്ണിയാണെന്ന് നാട്ടുകാരിൽ ചിലർക്കെങ്കിലുമറിയാമായിരുന്നു.

നൊമ്പരത്തിനൊരറുതി വരാതെ, വർഷങ്ങൾ കഴിഞ്ഞിട്ടും, പരമേശ്വരനും, പരിമളയും പ്രതീക്ഷ വിട്ടിട്ടില്ല. ഏതെങ്കിലും ഒരു ദിവസം കല്യാണി മടങ്ങിയെത്തി, തങ്ങളോടൊപ്പം ചേരുമെന്നുള്ള ഉത്തമവിശ്വാസത്തിലാണവർ. അതുകൊണ്ടു തന്നെ അവളുടെ മുറി മനോഹരമായി, അലങ്കരിച്ചു തന്നെ വച്ചിരിക്കുന്നു. പ്രത്യേകിച്ചും കല്യാണിയുടെ പ്രിയസഖിയായ 'ഡോളി' പാവയെ പുതിയ ഉടുപ്പ് അണിയിച്ച് പൂർവ്വാധികം സുന്ദരിയാക്കി ശയ്യയിൽ കിടത്തിയത് അവളുടെ ആഗമനം ഏതു നിമിഷത്തിലുമാകാമെന്നുള്ള പ്രത്യാശയിലാണ്●

(ഒരുയഥാർത്ഥ സംഭവത്തോട് കടപ്പെട്ടിട്ടുണ്ട്)

# മൗലിൻനോങ്

**എ.ബി.സി.കയ്മൾ**


മേഘജാലങ്ങൾ നീർത്തും വെൺക്കൊറ്റക്കുടക്കീഴിൽ
മേവുന്നു മേഘാലയമെന്ന സുന്ദരഭൂമി
ഷില്ലോങ്ങിൻ പ്രാന്തപ്രദേശത്തിലായ് കാണും ഖാസി-
ക്കുന്നുകൾക്കിടയിലായമരും താഴ്‌വാരത്തിൽ,
തുടിച്ചു നിന്നീടുന്നു പ്രൗഢമായ് ലോകശ്രദ്ധ
പിടിച്ചുപറ്റി ഖ്യാതിയാർന്ന മൗലിൻനോങ് ഗ്രാമം
ഏഷ്യാഭൂഖണ്ഡം തന്നിൽ ശുചിത്വ മഹിമയ്ക്കായ്
ശ്രേഷ്ഠമാം ബഹുമതി നേടിയതാണീ ഗ്രാമം
വൃത്തിനിഷ്ഠതൻ ശ്ലാഖ്യശീലമീ ഗ്രാമീണരിൽ
ശുദ്ധജീവിതോല്ലാസ സൗഭാഗ്യം ചാർത്തീടുന്നു
ശുചിത്വമെങ്ങും നിലനിർത്തുവാനായി സ്വയം
പ്രതിബന്ധനായോരോ പൗരനും കരുതുന്നു.
മാലിന്യക്കൂമ്പാരങ്ങൾ കാണില്ലീ പ്രദേശത്തിൽ
ഹീനദുർഗന്ധം വീശില്ലീ ഗ്രാമവീഥികളിൽ
ശുക്തമാമന്തരീക്ഷം തന്നിൽ വീശീടും പരി-
ശുദ്ധവായുവെ ശ്വസിച്ചീടുന്നീ ജനാവലി
മുളയും പുല്ലും ദാരുപ്പലകകൊണ്ടും തീർത്തോ-
രെളിയ പാർപ്പിടങ്ങൾ ശാന്തിതൻ നികേതങ്ങൾ.
കൊച്ചുകൊച്ചരുവികൾ കടക്കാൻ വൃക്ഷങ്ങൾ തൻ
പച്ചവേരുകൾ കൊണ്ടു സേതുബന്ധിച്ചോരിവർ
ഈശ്വരൻ തന്റെ സ്വന്തം പൂന്തോട്ടമെന്നീഗ്രാമം
വീശുന്നു പുകൾ രാജ്യത്തെമ്പാടും നിരാക്ഷേപം
പൂർണ്ണസാക്ഷരതയാലുദ്ബുദ്ധമനസ്ക്കരായ്
വർത്തിപ്പൂ സമാധാന പ്രിയരാമീ ഗ്രാമീണർ
മാതൃരാജ്യത്തിന്നാകെ ശുചിത്വാചരണത്തിൽ
മാതൃകയായി മൗലിൻനോങ് പരിലസിക്കുന്നു

മാലിന്യനിർമ്മാർജ്ജന ലക്ഷ്യം കൈവരിക്കാനും
മാലിയറ്റീടും രോഗബാധകളകറ്റാനും
നാടെങ്ങും ജനാരോഗ്യ സമ്പ്രാപ്തി നേടീടുവാൻ
നീടുറ്റ കർമ്മപഥ പദ്ധതിയൊരുക്കാനും,
കാമ്യമാം ശുചിത്വസംബോധനം ചെയ്തീടുമീ
ഗ്രാമസന്ദേശമുൾക്കൊണ്ടീടുവാൻ ശ്രമിക്ക നാം

******

# 5-ാം ചരമവാർഷികം

**07. 12 .2017**



**എം.കെ.പണിക്കർ**

**കല്യാൺ, പ്ലോട്ട് നം.44, കൃഷ്ണവിഹാർ കോളനി**
**പനമ്പിള്ളി നഗർ, കൊച്ചി-682036**

***സന്തപ്ത കുടുംബാംഗങ്ങൾ***




## പ്രവാസി കരയോഗാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ശ്രദ്ധയ്ക്ക്

കലാ സാംസ്ക്കാരിക ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്ന എറണാകുളം കരയോഗം അതിന്റെ 100-ാം വർഷത്തിലേയ്ക്ക് അടുക്കുകയാണ്. എറണാകുളം കരയോഗം കൈ വയ്ക്കാത്ത പ്രവർത്തനമേഖലകളില്ല എന്നത് കരയോഗാംഗങ്ങൾക്കു മാത്രമല്ല എറണാകുളം നിവാസികൾക്കു മുഴുവൻ പരിചിതമായ ഒരു കാര്യമാണ്. നവതി ആഘോഷം കഴിഞ്ഞ ഈ വേളയിൽ എറണാകുളം കരയോഗം അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനുള്ള തീവ്ര ശ്രമത്തിലാണ്. ഗുരുവായൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഗസ്റ്റ് ഹൗസ് സമുച്ചയം അതിന്റെ പ്രാരംഭ ദിശയിലും, ചെറായിയിലെ പ്രാചീന ക്ഷേത്രവും പരിസരനവീകരണവും അതിന്റെ അവസാന ഘട്ടത്തിലുമാണ്. കരയോഗത്തിന്റെ മുഖപത്രമായ 'കരയോഗ സൗഹൃദം' മാസിക പ്രസിദ്ധീകരിച്ചു വരുന്നു. അത് ഓൺലൈനിലും ലഭ്യമാണ്.

എറണാകുളം കരയോഗത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഭാഗഭാക്കാവുന്നതിന് പ്രവാസി കരയോഗാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ഒരു കൂട്ടായ്മ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കരയോഗത്തിന്റെ ഉദ്ദേശങ്ങൾ, ലക്ഷ്യങ്ങൾ, വളർച്ച, സേവനങ്ങൾ മുതലായവ അപ്പോഴപ്പോൾ അറിയുന്നതിനും അവരുടെ നിർദ്ദേശങ്ങൾ കരയോഗത്തിന് മനസ്സിലാക്കുന്നതിനും ഈ കൂട്ടായ്മ വളരെ ഉപകാരപ്പെടുമെന്ന് വിചാരിക്കുന്നു. ഈ കൂട്ടായ്മയിലൂടെ പ്രവാസികളായ സമുദായ അംഗങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ജന്മനാട്ടിൽ പരിഹരിക്കുന്നതിന് ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലൂടെ സാധിക്കും എന്ന് പ്രത്യാശിക്കുന്നു. ഈ ലക്ഷ്യത്തിനു വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഈ കൂട്ടായ്മ സംഘടിപ്പിക്കുവാൻ എല്ലാ പ്രവാസി കരയോഗാംഗങ്ങളും സഹകരിക്കണമെന്നും അതിനായി കരയോഗത്തിന്റെ ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടണമെന്നും താല്പര്യപ്പെടുന്നു.

www.ernakulamkarayogam.com
e mail:ekmkgm@gmail.com

എന്ന്
ജനറൽ സെക്രട്ടറി

കവിത

# രാധ പാടുന്നു

പറവൂർ രാജഗോപാൽ, ഫോ: 9847291483

രാധ പാടുന്നു രാഗാമൃതങ്ങളാൽ,
തേൻ വസന്ത സ്വരങ്ങളാൽ കീർത്തനം
കാവ്യ ഭാവനാ നിർലീന പുണ്യമായ്
കാറൊളി വർണ്ണരൂപനെ നിത്യവും.

കൂടെയാടുന്നു ഗോപികാവൃന്ദവും
കോൾമയിർ കൊണ്ടു കാളിന്ദീ തെന്നലും
നീലമേലാപ്പു ചൂടുന്ന മേഘവും,
ആറൊഴുകി പരക്കുമിടങ്ങളും.

ആഴിപാലാഴി വാസന്റെ ലീല കേ-
ട്ടാനന്ദലബ്ധിയിൽ മുങ്ങുന്നു സർവ്വവും
മഞ്ഞുപെയ്യും മഹാഗിരിമേരുവും
കുഞ്ഞുപൂക്കൾ വിരിയുന്ന ചോലയും;
കേട്ടു നിൽക്കും കിളികളും മറ്റുള്ള-
ഗോക്കളും ജന്തുജാലങ്ങളും സഖേ!

രാധ പാടുന്നു രാഗാർദ്രശൈലിയിൽ
വേണുവൂതുന്നു ഗോപാലനംശുമാൻ
രാഗഗീത പ്രകീർത്തനം കേട്ടുണർ-
ന്നോടിയെത്തുന്നു ഗോപ-ഗോപാലികർ.

പൂഴിപോലും നമസ്ക്കരിച്ചീടുന്നു
പൂക്കൾ താനേ പൊഴിഞ്ഞുതിർന്നീടുന്നു
പൂമരന്ദ കുളിർക്കാറ്റുമായ് നിന്നു
പൂജ ചെയ്യുന്നു മന്ദസമീരണൻ.

മധുനിലാമഴ പെയ്യുന്നു വനിയിൽ
പൂവസന്തമൊരുങ്ങുന്നു ചുറ്റിനും
ലയന സൗഭാഗ്യ ലീലാവിനോദത്തിൽ
സുഖഗതീപദം നേടുന്നു ലോകവും.

രാധ-ഗോപ സൗഹൃദാർത്ഥങ്ങളിൽ
താളമിട്ടൊഴുകുന്നു കുളിർ ജലം
താലവൃന്ദങ്ങളേറ്റു വന്നാദിത്യ-
ശോഭ പുൽകുന്നൊരീവേള ധന്യമാം!

കവിത

# വരം

നന്ദിനി മനോഹരൻ

ഹരിമുരളീരവ ഗീതമോടെ
ഹരി ചന്ദനത്തിന്റെ ഗന്ധമോടെ
ഒരു ദിന മെൻ മുന്നിൽ വന്നീടുമോ
ഗുരുവായൂരോമനേ, ഉണ്ണിക്കണ്ണാ

നറുവെണ്ണയും, പാൽപായസവും
കദളിപ്പഴമവിലും, മലർശർക്കരയും
നിറവോടെ പാത്രത്തിൽ നിറച്ചുവെച്ചു
വരവേൽക്കാനായി, ഞാൻ, കാത്തുനിൽപ്പൂ

ചെറുപുഞ്ചിരി തൂകിടും പൂമുഖമോടെ
അരമണി കിങ്ങിണി നാദമോടെ
ഒരുമാത്ര മുന്നിൽ നീ വന്നീടുവാൻ
നിറമിഴിയോടെ ഞാൻ, കൈകൂപ്പി നിൽപ്പൂ

അരികിൽ നീ വന്നണഞ്ഞീടും നേരം
ഒരുവരം മാത്രമെ വേണ്ടുന്നുള്ളു
ഹരിനാമമൊരുനേരമൊഴിഞ്ഞിടാതെ
ഉരുവിടാനുള്ള വരം തരണെ.

# സാളഗ്രാമം

എം.ജി.തങ്കമ്മ

വിഷ്ണുവിന്റെ പ്രതിമ നിർമ്മിക്കുന്ന കല്ലാണ് സാളഗ്രാമം. മഹാവിഷ്ണുവിന് സാളഗ്രാമൻ എന്നു പേരുണ്ട്. ഈ പേരു വന്നത് ശാലഗ്രാമി എന്ന പദത്തിൽ നിന്നാണ്. നേപ്പാൾ രാജ്യത്തു കൂടി ഒഴുകുന്ന ഗണ്ഡകീ നദിയുടെ ഉത്ഭവ സ്ഥലത്തുള്ള ഒരു പ്രദേശമാണ് ശാലഗ്രാമി. അത് ഒരു പുണ്യസ്ഥലമായി പരിഗണിക്കപ്പെടുന്നു. അവിടെ എപ്പോഴും മഹാവിഷ്ണുവും മറ്റു ദേവന്മാരും വസിക്കുന്നു എന്നാണ് വിശ്വാസം. അവിടെ വസിക്കുന്ന മഹാവിഷ്ണുവിന്റെ പേരാണ് സാലഗ്രാമൻ.

ഗണ്ഡകീ നദിയുടെ ഉത്ഭവ സ്ഥാനത്ത് പലതരത്തിലുള്ള ശിലാരൂപങ്ങളുണ്ട്. ഈ ശിലാരൂപങ്ങളെയാണ് സാളഗ്രാമങ്ങളെന്നു വിളിക്കുന്നത്. ഈ സാളഗ്രാമങ്ങൾ വിഷ്ണുവിന്റെ അംശത്തിൽ നിന്നുത്ഭവിച്ചതാണ്. അതുകൊണ്ടാണ് ആ ശില വിഷ്ണുപ്രതിമ നിർമ്മിക്കാനുപയോഗിക്കുന്നത്. ഈ ശിലകൾ മഹാവിഷ്ണുവിന്റെ അംശത്തിൽ നിന്നും ഉണ്ടായതിനെപ്പറ്റി ദേവിഭാഗവതം നവമസ്ക്കന്ധത്തിൽ ഇങ്ങനെ ഒരു കഥ കാണുന്നു. സരസ്വതിയും ലക്ഷ്മിയും ഗംഗയും ആദ്യകാലത്ത് മഹാവിഷ്ണുവിന്റെ ഭാര്യമാരായിരുന്നു. അവർ തമ്മിൽ ഒരിക്കൽ ഒരു കുടുംബ കലഹമുണ്ടായി. ഈ കലഹത്തിന്റെ ഫലമായി ദേവിമാർ മൂവരും പരസ്പരം ശപിച്ചു. സരസ്വതി ലക്ഷ്മിയെ ശപിച്ച്, ഭൂമിയിലെ തുളസി ചെടിയായി രൂപാന്തരപ്പെടുത്തി. അങ്ങനെ ലക്ഷ്മി തുളസിയായി. പോകാൻ തുടങ്ങിയ ഘട്ടത്തിൽ മഹാവിഷ്ണു അവളെ അനുഗ്രഹിച്ചു. “അല്ലയോ ലക്ഷ്മീ. നീ തുളസിയുടെ രൂപത്തിൽ ലോകത്തിൽ വസിക്കയും ശാപമുക്തി കിട്ടുമ്പോൾ എന്റെ അടുക്കലേയ്ക്ക് പോരികയും ചെയ്യും അന്ന് തുളസി രൂപത്തിലുള്ള നിന്റെ ശരീരത്തിൽ നിന്ന് ഒരു നദി ഉത്ഭവിക്കും. ആ നദിയുടെ പേര് ഗണ്ഡകീ നദി എന്നായിരിക്കും. (ഗണ്ഡകീ നദി ശിവന്റേയും വിഷ്ണുവിന്റേയും വിയർപ്പിൽ നിന്നുത്ഭവിച്ചതാണെന്ന് മറ്റൊരു കഥയുണ്ട്.) ആ നദിക്കരയിൽ ഞാൻ ശിലാരൂപനായി സ്ഥിതി ചെയ്യുന്നതാണ്. അവിടെ അത്യുഗ്ര ദംഷ്ട്രകളോടു കൂടിയ അനേകം കീടങ്ങളുണ്ടാകും. ആ കീടങ്ങൾ ഈ ശിലകളെ സുദർശന ചക്രത്തിന്റെ ആകൃതിയിൽ തുളച്ച് അനേകം സാളഗ്രാമങ്ങൾ ഉണ്ടാക്കുന്നതാണ്. ഇങ്ങനെ ഉണ്ടാക്കുന്ന സാളഗ്രാമങ്ങൾ പല രൂപത്തിലും വലിപ്പത്തിലും ആയിരിക്കും.

പത്തൊൻപതു തരത്തിലുള്ള സാളഗ്രാമങ്ങളെപ്പറ്റി പുരാണങ്ങളിൽ പറയുന്നുണ്ട്.

1. ലക്ഷ്മിനാരായണം:- ഒരു ദ്വാരവും നാലു ചക്രങ്ങളും വനമാലയും കാർമേഘം പോലുള്ള നിറമുള്ളത്.
2. ലക്ഷ്മിജനാർദ്ദനം:- ഇത് ലക്ഷ്മി നാരായണം പോലെ തന്നെ എങ്കിലും വനമാല മാത്രം ഉണ്ടായിരിക്കില്ല.
3. രഘുനാഥം:- രണ്ടു ദ്വാരങ്ങളും നാലുചക്രങ്ങളും പശുക്കിടാവിന്റെ കുളമ്പടി പോലെയുള്ള അടയാളമുള്ളത്. ഇതിനും വനമാല ഉണ്ടായിരിക്കില്ല.
4. വാമനം:- വളരെ ചെറിയ രണ്ടു ചക്രങ്ങളോടും കാർമേഘത്തിന്റെ നിറത്തോടു കൂടിയുള്ളതായിരിക്കും വനമാല ഇതിനും ഉണ്ടായിരിക്കില്ല.
5. ശ്രീധരം:- വാമനത്തെപ്പോലെ തന്നെ. വനമാലയോടു കൂടിയ ലിംഗം. ഇതിരിക്കുന്ന ഗൃഹത്തിൽ സദാ ഐശ്വര്യമുണ്ടായിരിക്കും.
6. ദാമോദരം:- വലുതും ഉരുണ്ടതും ആയിരിക്കും. വനമാല ഉണ്ടാവില്ല. രണ്ടു ചക്രവും ഉണ്ടാകും.
7. രണരാമം:- നന്നേ ചെറുത്. മദ്ധ്യമ വലിപ്പത്തിൽ രണ്ടു ചക്രങ്ങളോടും ബാലപ്രഹാരചിഹ്നത്തോടും അമ്പ്, ആവനാഴി ഇവയുടെ ചിഹ്നത്തോടും കൂടിയത്.
8. രാജരാജേശ്വരം:- രണരാമ വലിപ്പത്തിൽ ഏഴു ചക്രങ്ങളോടു കൂടിയും ഛത്രഭൂഷണത്തോടു കൂടിയും ഇരിക്കും. മനുഷ്യരാജ സമാനുഭവം ഉണ്ടാകും.
9. അനന്തം:- സാമാന്യം സ്ഥൂലിച്ച് പതിന്നാലു ചക്രങ്ങളുണ്ടായിരിക്കും. കാർമേഘ വർണ്ണം. ഈ സാളഗ്രാമം മനുഷ്യർക്ക് ധർമ്മാർത്ഥ കാമമോക്ഷങ്ങളാകുന്ന നാലു പുരുഷാർത്ഥങ്ങളും ലഭിക്കുന്നതാണ്.
10. മധുസൂദനം:- ചക്രാകാരം. രണ്ടുചക്രങ്ങൾ, ഗോഷ്പദ ചിഹ്നം, കാർമേഘവർണ്ണം, സാമാന്യം വലിപ്പം ഇത് നല്ല ശോഭയുള്ളതായിരിക്കും.
11. സുദർശനം:- ഒരൊറ്റ ചക്രം മാത്രമേ ഉണ്ടായിരിക്കൂ.
12. ഗദാധരം:- ഇതിനും ഒരു ചക്രം മാത്രം. നല്ല പ്രകാശം ഉണ്ടായിരിക്കുകയില്ല.

13. ഹയഗ്രീവം:– രണ്ടു ചക്രങ്ങൾ, അശ്വമുഖാകൃതി.

14. നരസിംഹം:– വിസ്താരമായ വായും രണ്ടു ചക്രങ്ങളും ഭയങ്കരമായ ആകൃതിയുമുള്ള നരസിംഹ സാളഗ്രാമം വൈരാഗ്യം ഉണ്ടാക്കുന്നതാണ്.

15. ലക്ഷ്മി നരസിംഹം:– വിസ്താരമുള്ള വായ്, രണ്ടുചക്രം, കൂടാതെ വനമാലയും ഉണ്ടാവും. ഈ സാളഗ്രാമം ഗൃഹസ്ഥർക്ക് സുഖം നൽകുന്നതാണ്.

16. വാസുദേവം:– ദ്വാരദേശത്ത് രണ്ടുചക്രങ്ങളും ഉരുണ്ട ആകൃതിയും സ്ഫുടതയും പ്രകാശവുമുള്ളതാണ് വാസുദേവം. സർവ്വാഭീഷ്ടങ്ങളും കിട്ടും.

17. പ്രദ്യുമ്നം:– സൂക്ഷ്മമായ ഒരു ചക്രം മാത്രം. കാർമേഘ വർണ്ണം. പുറമേ കാണുന്ന ഒരു സുഷിരത്തിനകത്ത് അനേകം ഛിദ്രങ്ങൾ ഉണ്ടായിരിക്കും. ഗൃഹസ്ഥർക്ക് സദാ സുഖം നൽകും.

18. സങ്കർഷണം:– രണ്ടു ചക്രങ്ങളുടെ മുഖങ്ങൾ പരസ്പരം ചേർന്നിരിക്കുന്നതു കാണാം. പിൻഭാഗം മുൻഭാഗത്തേക്കാൾ തടിച്ചിരിക്കും. ഇതും സുഖം തരുന്നു.

19. അനിരുദ്ധം:– നിറംപീതമാണ്. നല്ലപോലെ ഉരുണ്ടിരിക്കും. നല്ല ശോഭയുമുണ്ടാകും. ഇതും സുഖദായകം തന്നെ.

(ദേവിഭാഗവതം, നവമസ്ക്കന്ധം)

സാളഗ്രാമത്തിലെ ചക്രചിഹ്നങ്ങളോടു കൂടിയ കല്ലുകൾ സാക്ഷാൽ ഭഗവാൻ വിഷ്ണു തന്നെയാണ് ചക്രശിലയെ പൂജിക്കുന്ന മനുഷ്യന് പിന്നീട് ഒരു ജന്മമെടുക്കേണ്ടി വരില്ല. സാളഗ്രാമം പതിവായി പൂജിക്കുന്നവർ ആചാരനിരതരായിരിക്കണം. ചക്രാങ്കിതമായ സാളഗ്രാമത്തെ പൂജിക്കുന്നവർ പരസ്ത്രീകളിലും പരധനത്തിലും താല്പര്യമില്ലാത്തവനായിരിക്കണം. ദ്വാരകയിലെ ചക്രവും ദണ്ഡകിയിലെ ശിലയും നൂറു ജന്മങ്ങളിലെ പാപം നശിപ്പിക്കും. ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും വേദോക്ത പ്രകാരം ഗൃഹസ്ഥനായിട്ട് സാളഗ്രാമപൂജ നടത്തിയാൽ മുക്തിയടയും. ബ്രഹ്മഹത്യാ പാപിപോലും സാളഗ്രാമജലം സേവിച്ചാൽ പരഗതി പ്രാപിക്കും. തുളസി, ചന്ദനം, ജലം, ശംഖ്, കുടമണി, ചക്രം, ശില, ചെമ്പുപാത്രം എന്നീ ഒമ്പതെണ്ണം ചേർന്ന 'പദാമൃതം' പാപഹരമെന്ന് മുനിമാർ പറയുന്നു. സർവ്വതീർത്ഥസ്നാനം, സർവ്വയാഗാനുഷ്ഠാനം എന്നിവയാലുള്ള പുണ്യം സാളഗ്രാമജലത്തിന്റെ ഓരോ തുള്ളിയിലും സ്ഥിതി ചെയ്യുന്നു. (പത്മപുരാണം പാതാള ഖണ്ഡം 20–ാം അദ്ധ്യായം.)●

# എറണാകുളം കരയോഗം 92-ാമത് സ്ഥാപക ദിനവും കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 92–ാമത് സ്ഥാപക ദിനവും കുടുംബ സംഗമവും 2017 ഡിസംബർ 25 തിങ്കളാഴ്ച രാവിലെ അഞ്ചു മണിക്ക് അഷ്ടദ്രവ്യ ഗണപതി ഹോമത്തോടെ ആരംഭിക്കുന്നു. രാവിലെ 9.30 മണിക്ക് വിവിധ കലാ സാംസ്കാരിക പരിപാടികളോടെ തുടങ്ങി രാത്രി ഒമ്പത് മണിയ്ക്ക് അയ്യപ്പൻ പാട്ടോടു കൂടി സമാപിക്കുന്നു. എല്ലാ കരയോഗ അംഗങ്ങളേയും കുടുംബസമേതം പങ്കെടുക്കുവാൻ സാദരം ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| രാവിലെ | : | **5.00 ന് പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യ ഗണപതി ഹോമം, സുദർശന ഹോമം, നവകം, പഞ്ചഗവ്യം** |
| 9.30 മുതൽ 1.00 മണി വരെ | : | **വിവിധ കലാപരിപാടികൾ** (ഗ്രൂപ്പ് ഡാൻസ്, ഫ്യൂഷൻ സോങ്ങ്, സ്കിറ്റ്, കവിതാപാരായണം, ഇൻസ്ട്രുമെന്റൽ മ്യൂസിക്), മോഹിനിയാട്ടം |
| ഉച്ചയ്ക്ക് 1 മണിക്ക് | : | ഉച്ചഭക്ഷണം |
| 2.00 മണിക്ക് | : | ക്വിസ്, ഗാനാലാപനം |
| 3.15 ന് | : | തംബോല |
| വൈകുന്നേരം 4.15 ന് | : | ലഘു ഭക്ഷണം |
| 6.00 മുതൽ 9.00 വരെ | : | അയ്യപ്പൻ പാട്ട് (രാമചന്ദ്രൻ, പാലയിൽ) |
| 9.00ന് | : | അത്താഴ ഭക്ഷണം |

# അമൂല്യമായ ഒരു ഒറ്റമൂലി - ചിരി (Laughter)

ഡോ.സുന്ദരി ജി.മേനോൻ, ഫോൺ: 0484-2366335

ചിരി ഒരു ഔഷധമാണ്. മനോരമ പേപ്പറിൽ വന്ന ഒരു ലേഖനമാണ് ഈ വിഷയം എഴുതുവാൻ പ്രേരിപ്പിച്ചത്. 'Laughter is the Best Medicine' എന്ന് പൊതുവെ പറയാറുണ്ട്. അതിൽ വാസ്തവം ഉണ്ടോ? ചിരി മനുഷ്യന് ഒരു ഔഷധമാകുമോ അല്ലയോ?

ചിരിക്കുവാനുള്ള കഴിവ് ദൈവം മനുഷ്യർക്ക് മാത്രം നല്കിയിട്ടുള്ള ഒരു വരദാനമാണ്, ചിരി സ്വഭാവികമായി നമ്മിൽ ഉണരുന്ന ഒരു വികാരമാണ്. ആഴ്ചകൾ മാത്രം പ്രായമുള്ള നവജാത ശിശുക്കൾ എത്ര നിഷ്ക്കളങ്കമായിട്ടാണ് ചിരിക്കുന്നത്, കൗതുകമുണർത്തുന്ന കാഴ്ച തന്നെയാണ് അല്ലേ? പ്രായം കൂടുന്തോറും ആ നിഷ്ക്കളങ്കത മറഞ്ഞ് കളങ്കമുള്ള മനസ്സായി മാറുന്നതിനാൽ ആ ചിരി കുറഞ്ഞു വരുന്നു. ഒന്നു ചിരിക്കുന്ന മുഖം പോലും അധികം കാണുവാൻ സാധിക്കുന്നില്ല. അതിനാലാണ് Photographer click ചെയ്യുന്നതിന് മുമ്പ് Smile please ഒന്നു ചിരിക്കൂ എന്ന നിർദ്ദേശം തരുന്നത്.

തുറന്ന മനസ്സോടെ ചിരിക്കുകയാണെങ്കിൽ നമ്മുടെ ശരീരവും മനസ്സും ചിരിക്കൊപ്പം ഡാൻസ് ചെയ്യുന്നതുമാണ്. ഇത് സ്ത്രീപുരുഷ ഭേദമില്ലാതെ ആർക്കും ഏത് പ്രായത്തിലും ചെയ്യാവുന്നതാണ്. യാതൊരു പേടിയും ചെലവുമില്ലാത്തതുമാണ്.

ചിരി പ്രകൃതിയിൽ നിറഞ്ഞു നിൽക്കുകയാണ്. പ്രഭാതത്തിൽ നാം ഉണരുമ്പോൾ പുഷ്പിച്ച് നിൽക്കുന്ന ആ പൂക്കളിലും, സൂര്യരശ്മികളിലും ചിരിയെ കാണുവാൻ സാധിക്കും മേഘത്തിൽ നിന്ന് വീഴുന്ന മഴത്തുള്ളികളിലും ഇത് കണ്ട് നമുക്ക് ആനന്ദിക്കാം.

**<u>HISTORY OF LAUGHTER</u>:-**

3000 വർഷങ്ങൾക്ക് മുമ്പ് ചൈനയിൽ HOTEI എന്ന നാമമുള്ള ഒരു ഋഷി താമസിച്ചിരുന്നു. അദ്ദേഹം ഗ്രാമന്തോറും ചെന്ന് ഒരു ഭാഗത്ത് നിന്ന് മനസ്സ് തുറന്ന് കുറെ ചിരിക്കുമത്രേ. ആരോടും ഒന്നും മിണ്ടുകയില്ല. അങ്ങിനെ ചെയ്യുമ്പോൾ ആൾക്കാർ അദ്ദേഹത്തിന്റെ ചുറ്റും കൂടി അവരും ആ ചിരിയിൽ പങ്കാളികളാകും. ഇങ്ങനെ അദ്ദേഹം പോയി ചിരിച്ചിരുന്ന ഗ്രാമങ്ങളിലെല്ലാവരും നല്ല ആരോഗ്യമുള്ളവരായിതീർന്നു. ചിലർ ഇദ്ദേഹത്തെ ദൈവ പ്രതിനിധിയായി കണ്ടു. അന്ന് Medical Science ഉണ്ടായിരുന്നില്ല. അങ്ങനെ അദ്ദേഹത്തെ 'Laughing Buddha' എന്ന് വിളിച്ചു തുടങ്ങി. അദ്ദേഹത്തെ സന്തോഷത്തിന്റെയും ചിരിയുടേയും അറിവിന്റേയും ദൈവമായി കരുതിയിരുന്നു. അദ്ദേഹത്തിന്റെ ജന്മദിനമായ മെയ് 8ന് ഒരു മെഴുക് തിരി കൊളുത്തി ഏത് ആഗ്രഹം സാധിച്ചു തരാൻ അപേക്ഷിച്ചാൽ അത് വളരെ ഗുണകരമായിരുക്കുമത്രെ.

ആഹ്ലാദത്തിന്റെയും സമ്പത്തിന്റെയും ആനന്ദത്തിന്റെയും അടയാളമാണ് ചിരിക്കുന്ന ബുദ്ധൻ ഒരു ഉയർന്ന പീഠത്തിൽ വെച്ച് ആദരിച്ചാൽ പ്രശ്നങ്ങളെ നേരിടാനുള്ള കരുത്ത് നിങ്ങൾക്കു കിട്ടുമത്രെ.

പുരാതന കാലത്ത് രാജസദസ്സുകളിൽ വിദൂഷകന്മാരെ ആദരിക്കപ്പെട്ടിരുന്നു. അവരുടെ നർമ്മങ്ങളും ഫലിതങ്ങളും, രാജാക്കന്മാർക്കും ചക്രവർത്തിമാർക്കും ഉന്മേഷവും ഊർജ്ജവും പകരുന്നതായിരുന്നു.

ചിരികൾ ആരോഗ്യത്തെ പരിപാലിക്കുന്ന ഒരു ഘടകമായിട്ടാണ് കണ്ട് വന്നിരുന്നത്. ചിരിമൂലം ആരും മരിച്ചതായി അറിവില്ല. ചിരി സഹജമായിട്ടുള്ളവർ ദീർഘായുഷ്മാന്മാരാണ്. അമ്പലങ്ങളിൽ ചാക്യാർകൂത്ത് ഈ ദൗത്യം നിർവഹിച്ചു പോരുന്നു. സർക്കസുകളിൽ കൂടി Baffoon നമ്മെ ചിരിപ്പിക്കാറില്ലേ?

## ചിരിക്കുമ്പോൾ ശരീരത്തിന് എന്ത് സംഭവിക്കുന്നു?

1. ചിരിക്കുമ്പോൾ നമ്മുടെ lungs നെയും വയറിനേയും വേർതിരിക്കുന്ന Diaphram നല്ലപോലെ വികസിക്കും. ഒപ്പം lungs നെയും വികസിപ്പിക്കുന്നു. കൂടുതൽ ഓക്സിജൻ lungsൽ കടന്ന് അശുദ്ധ രക്തത്തെ ശുദ്ധീകരിക്കുന്നു.

2. ആകുലത അകന്ന് മാറുന്നു. ചിരിയും ആകുലതയും തമ്മിൽ പൊരുത്തപ്പെടില്ല.

3. ചിരിക്കുമ്പോൾ മുഖത്തെ 17 പേശികൾ ഉപയോ

ഗിക്കപ്പെടുന്നതിനാൽ ചുളുവുകൾ ഉണ്ടാക്കാതെ മുഖത്തെ സൂക്ഷിക്കുന്നു.

4. ദേഷ്യപ്പെടുമ്പോൾ 43 പേശികളാണ് ഉപയോഗിക്കുന്നത്.

5. ചിരിക്കുമ്പോൾ സ്ത്രീകൾക്ക് സൗന്ദര്യം വർദ്ധിക്കുന്നു.

6. ആത്മവിശ്വാസം, ആത്മധൈര്യം, വ്യക്തിത്വം എന്നിവയെ വർദ്ധിപ്പിക്കുന്നു.

7. ചിരിയിലൂടെ മറ്റുള്ളവരെ ആകർഷിക്കാൻ നമുക്ക് കഴിയുന്നു.

8. ചിരി നമ്മെ വിജയത്തിലേക്ക് കൈപിടിച്ച് കൊണ്ടു പോകുന്നു.

9. ചിരി ഒരു മാനസിക Tonic ആണ് അതിനാൽ പിരിമുറുക്കം കുറയുന്നു.

10. മനസ്സിന് ഉല്ലാസവും ശരീരത്തിന് വിശ്രമവും (relaxation) തരുന്ന ഒരു ഔഷധമാണ്.

11. Cervical Spondylosis, cardiac problems എല്ലാം സുഖപ്പെടുത്തുന്നു.

12. 20-30 minute laughing daily - cures breast cancer എന്ന് ഒരു പഠനം അറിയിക്കുന്നു.

13. മസ്തിഷ്ക്കത്തെ ഉത്തേജിപ്പിക്കുന്ന നിരവധി hormones ഉൽപ്പാദിപ്പിക്കപ്പെടുന്നു. Happy hormones Endorphine, Serotomin, Adrenaline, Dopamine തുടങ്ങിയവ brain നു ആനന്ദത്തിന്റെ സന്ദേശം നൽകുന്ന തരംഗങ്ങൾ, സൃഷ്ടിക്കപ്പെടുന്നതിനാൽ ആശങ്കൾ അകലുന്നു. സന്തോഷമായ ജീവിതം നയിക്കുവാൻ സഹായിക്കുന്നു. Alshiemer Disease (മറവിരോഗം) വരാതെ നമ്മെ കാത്തുരക്ഷിക്കുന്നു. ഈ hormones നന്നേ കുറവാണ്.

14. വേദനകൾക്ക് ശമനം വരാൻ ചിരി ഒരു നല്ല ഔഷധമാണ്. മികച്ച ആരോഗ്യം നിലനിർത്താൻ ചിരിക്കു കഴിയും.

## ചിരിയിൽ എന്താണ് ഉള്ളത്?

ഈ ഒറ്റ മൂലിയിൽ Caffene, Sodium, Preservative ഇവ ഒന്നും ഇല്ലാത്ത 100% ഔഷധ Tonic ആണ്. ഇതു തന്നെയാണ് അമൂല്യമായ ഒറ്റമൂലി. ഇത് ശരിയായും ദൈവത്തിന്റെ വലിയ ഒരു ദാനമാണ്. ഇത് വേഗത്തിൽ എല്ലാവരിലും വ്യാപിക്കുന്നു. തുടങ്ങിയാൽ നിർത്താൻ പ്രയാസമുള്ളതുമായിരിക്കും....നിത്യം ചിരിക്കുവാൻ സാധിക്കുന്നവർ ദീർഘായുഷ്മാന്മാരായിരിക്കും എന്നതിന് സംശയമില്ല.

## ചിരിയും ശിശുക്കളും

ശിശുക്കൾക്ക് സഹജമാണ് ചിരി. ഒരു ശിശുവിന് മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ച് തന്നെ ചിരിക്കുവാൻ കഴിയുന്നു. ജനിച്ച ഉടനെ കുഞ്ഞ് കരയുന്നു. അല്ലെങ്കിൽ ആ കുഞ്ഞിനെ കരയിപ്പിക്കുന്നു. എങ്കിൽ മാത്രമെ ആ ശിശുവിന്റെ lungs പ്രവർത്തനമാരംഭിക്കുകയുള്ളൂ. രണ്ടു മണിക്കൂറിനകം ശിശു പുഞ്ചിരിക്കുന്നു. ആ പുഞ്ചിരി ശിശുക്കൾക്ക് സമ്മാനിച്ചതാരാണ്? ചിരി ഒരു സിദ്ധിയാണ്.

ഒരു പുരുഷൻ 8 പ്രാവശ്യവും സ്ത്രീകൾ 62 പ്രാവശ്യവും കുട്ടികൾ 400 പ്രാവശ്യവും ദിവസത്തിൽ ചിരിക്കുന്നു എന്നാണ് കണക്ക്.

ആരോഗ്യം, ആയുസ്സ്, സന്തോഷം ഇവ ചിരിയിലൂടെ വർദ്ധിക്കുന്നു. നിങ്ങൾ ഉള്ളിൽ ചിരിക്കുമ്പോൾ നിങ്ങൾ നിങ്ങളുടെ തന്നെ ഉറ്റ മിത്രമാകുന്ന പ്രതിഭാസമാണ് നടക്കുന്നത്.

മദർ തെരേസ പറയുന്നു: സമാധാനം ആരംഭിക്കുന്നത് ചിരിയിലൂടെയാണ്. അത്ര മനോഹരമാണ് ചിരി. സ്നേഹത്തിന്റെ പ്രകടനമാണ് പുഞ്ചിരി. നിങ്ങൾ ഒരാൾക്ക് നൽകുന്ന മികച്ച സമ്മാനമാണ് ചിരി!.

## ചിരി ദിനം world laughter day ഏത്?

May 8th sunday 2005 ന് Losangels ൽ Sebastian Gendry "Laughter Wellness Method start ചെയ്തു. ഇൻഡ്യയിൽ 1988 ഇങ്ങനെയുള്ള club കൾ ആരംഭിച്ചു. ഇപ്പോൾ പല city കളിലുമായി 25 ൽ പരം Laughter club ഉണ്ട്. നേരത്തെ സൂചിപ്പിച്ച പോലെ എല്ലാ മാനസിക ശാരീരിക വ്യണങ്ങളെ ഉണക്കുവാനുള്ള കഴിവുണ്ട് ചിരിക്ക്.

ചിരിയും കെട്ടിപ്പിടിത്തവും (Laughing hugging) ഇതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളാണ്. അമ്മ അമൃതാനന്ദമായി സ്വീകരിക്കുന്ന ഈ രീതി നാം നിത്യം കാണുന്നതാണ്. നമ്മെ തന്നെ മാറ്റുവാനും ലോകത്തെ മുഴുവൻ മാറ്റുവാനുമുള്ള ഒരു +ve ഉപകരണമാണിത്.

'Dr. Katarias Laughter yoga'' ചിരിയിലൂടെ ലോക സമാധാനം എന്നാണ് പ്രചരിപ്പിക്കുന്നത് happy hormones ഉൽപ്പാദിക്കപ്പെട്ട് നമുക്ക് happiness, warmth, uncondtional love, bonding, Tolerance, Forgiveness, generosity and compassion എല്ലാം തരുന്നതിനാൽ ചിരിയെ ഒരു Joy coktail എന്ന് വിളിക്കാം. ഇതിനെ ഉപയോഗിച്ചാൽ കാണുന്നവർക്കെല്ലാം ഈ ചികിത്സ പകർന്നു നല്കാം. അങ്ങനെ +ve എനർജിയും ലഭിക്കുന്നതാണ്. അത് ലോകസമാധാനത്തിന് വഴി തുറക്കുന്നു.

The world peace formula

“One person at atime.

Multiple it, and spread if' എന്നാണ്, Laughter is an universal language which has the potential to unite humanity without religion and creates a new world. ജാതിമത വ്യത്യാസമില്ലാത്ത മനുഷ്യസമൂഹത്തെ ഒന്നായി ചേർത്തിണക്കുന്ന ഒരു കണ്ണിയാണ് ചിരി.

Abraham Lincon ഒരു സുഹൃത്തിനോട് പറഞ്ഞു രാവും പകലും ഭീതിപ്പെടുത്തുന്ന സംഘർഷം എനിക്കനുഭവപ്പെടുമ്പോൾ എനിക്ക് ചിരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ മരിച്ചു പോകുമായിരുന്നു എന്ന്.

## ചിരിയുടെ രസതന്ത്രം എന്താണ്?

Dental hospital ൽ പോകാത്തവർ ഇല്ലല്ലോ?. അവിടെ ചിരിച്ചു കാണുന്ന മുഖവും അഴകുള്ള പല്ലിന്റെ നിരകളെയും കാണാം.

**“Reasan Sehuial 10 million smiles”** എന്ന പരസ്യവും കാണാം.

Healthy and sparkling teeth give you a cute little smile to begin your day laughs with family and friend, and lot of happiness?

**Oral health is over all health.** A nice smile projects attractivenes and self confidence എന്നാണ് dentist പറയുന്നത്. ചിരിക്കുവാൻ ആവശ്യമുള്ള പല്ലിന്റെ ആരോഗ്യം വായ, നാക്ക്, മുഖം ഇവയെല്ലാം എങ്ങിനെ കാത്ത് സൂക്ഷിക്കണം എന്ന് അവർ നമുക്ക് മനസ്സിലാക്കി തരുന്നതാണ്.

മനോഹരമായ പല്ല് സൗന്ദര്യം വർദ്ധിപ്പിക്കുന്നു ചിരിക്കുവാനുള്ള കഴിവ് മനുഷ്യർക്ക് മാത്രമുള്ള ഒരു വരദാനമാണ്. പക്ഷി, മൃഗാദികൾ ചിരിക്കാറില്ല. ഈ അമൂല്യവരം കിട്ടിയ അനവധി ഹാസ്യനടന്മാർ ഉണ്ട്. Late. അടൂർ ഭാസി, എസ്.പി.പിള്ള, കൽപ്പന, തമിഴ് നടി മനോരമ, സുകുമാരി, വടിവേലു, കലാഭവൻ മണി പിന്നെ ജഗതി ശ്രീകുമാർ, ഇന്നസെന്റ്, ഹരിശ്രീ അശോകൻ, ജനാർദ്ദനൻ, മാമൂക്കോയ, സുരാജ് വെഞ്ഞാറമൂട്, Late. കലാഭവൻ മണി, ഇന്ദ്രൻസ് എന്നിവരുടെ കഴിവുകൾ നമുക്കറിയാമല്ലോ. എല്ലാവർക്കും ഈ കഴിവു കിട്ടുകയില്ല. English ഹാസ്യനടൻമാർ Lawral Hardy, Charlie chaplin ഇവരെല്ലാം മനസ്സ് തുറന്ന് നമ്മെ ചിരിപ്പിച്ചവരായിരുന്നു.

## ചിരികൊണ്ടുള്ള ഗുണങ്ങൾ ഏവ?

1. **ആയുസ്സ് കൂട്ടാൻ** WBC white Blood cell കൂടുന്നു. നിരവധി Antisodies ഉൽപ്പാദിപ്പിക്കപ്പെടുന്നു. രോഗ പ്രതിരോധ ശേഷി കൂടുന്നു.

Illinois university യിൽ നടന്ന പഠനങ്ങൾ 7 മുതൽ 10വർഷം വരെ ആയുസ്സ് കൂട്ടുന്നു എന്നാണ്.

2. **പ്രമേഹം/ഡയബെറ്റിസ് മെലിറ്റസ്)** ബി.പി.സ്ട്രോക്ക് തുടങ്ങിയവയെ നിയന്ത്രിക്കുന്നു. കാൻസർ കോശങ്ങളുടെ വളർച്ച തടയുന്നു. ഹൃദയത്തിന്റെ ആരോഗ്യം നിലനിർത്താൻ ചിരി മികച്ച ഉപാധി ആണെന്നു വിദഗ്ദ്ധർ പറയുന്നു. കൃത്രിമ ചിരിയായാലും ഈ ഹോർമോൺസ് ഉൽപാദിപ്പിക്കപ്പെടു മത്രെ.

3. **Tension** നു വിട: Happy hormones ഉൽപ്പാദിക്കപ്പെടുന്നതിനാൽ

4. ചിരി ഒരു നല്ല വേദന സംഹാരിയാണ്

5. മസ്തിഷ്ക കോശങ്ങളെ ഉദ്ദീപിപ്പിക്കാൻ ചോക്കലേറ്റിന്റെ കഴിവ് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ ഒരു **ചിരി 2000 ചോക്കലേറ്റ്ന് തുല്യമാണത്രെ.**

6. ഭാഷയാണ് ചിരി: 300 അടി ദൂരത്തിൽ നിന്ന് തന്നെ ഒരു പുഞ്ചിരിയെ തിരിച്ചറിയാൻ സാധിക്കും.

7. ദഹനം എളുപ്പമാക്കും.

8. പേശികൾക്ക് സമ്മർദ്ദം ലഘൂകരിക്കുന്നു.

## ചിരിയുടെ സ്ഥാനം സമൂഹത്തിൽ.

1. ചിരിക്കുന്നവർക്ക് എപ്പോഴും മുഖപ്രസാദമുണ്ടാവുന്നതിനാൽ ജോലിയിൽ ശ്രദ്ധയും മുന്നേറ്റവും കാണിക്കുന്നു പ്രമോഷൻ നേടാൻ സാധിക്കുന്നു.

2. ദാമ്പത്യ ജീവിത വിജയത്തിന് ചിരി നിർണ്ണായക പങ്കുവഹിക്കുന്നു.

പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാണു ഭാര്യ എന്ന സിനിമാപാട്ട്. divorce ആയി പിരിഞ്ഞ് court ൽ നിന്ന് മടങ്ങുമ്പോൾ അമ്മയുടെ തോളിൽ കിടക്കുന്ന കുഞ്ഞ് അച്ഛനെ നോക്കി ഒന്നു നന്നായി ചിരിക്കുന്നു. Divorce ന്റെ കാര്യം ഒന്നും കുഞ്ഞുങ്ങൾക്ക് അറിവില്ലല്ലോ. അച്ഛൻ ആ കുഞ്ഞിന്റെ ചിരിയിൽ മറന്നു ആഹ്ലാദിച്ചു. മനസ്സ് മാറി അവർ ഒന്നിച്ച് കുടുംബം നടത്തുവാൻ തീരുമാനിച്ചു.

കുഞ്ഞിന്റെ ചിരിയുടെ ശക്തി നോക്കണേ!

**3. 2 വ്യക്തികൾ തമ്മിലുള്ള അകലം കുറയ്ക്കുവാൻ ഒരു പുഞ്ചിരിക്ക് കഴിയും**

**4. ശത്രുവിനെ മിത്രമാക്കാൻ:** ഒരു ചിരിമതി ചിരി ചരിത്രങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കോപിച്ചു വരുന്നവരെ ശാന്തമായ ചിരിയിലൂടെ കീഴടക്കുന്ന കാഴ്ചകൾ.

ഒരു ഓഫീസ് സ്റ്റാഫിനെ മേലധികാരി നല്ലവണ്ണം വഴക്കു പറഞ്ഞു. ആ സ്റ്റാഫ് പിറ്റേ ദിവസം ഓഫീസറുടെ വഴക്ക് ഒക്കെ മറന്ന് നിറയെ പുഞ്ചിരിച്ച മുഖത്തോടെ മുമ്പിൽ നിന്നു അതോടെ ഓഫീസറുടെ ദേഷ്യവും മാറിയത്രെ. കണ്ടു മുട്ടുമ്പോൾ ഒക്കെയും നമുക്ക് ചിരിക്കാൻ കഴിയണം സ്നേഹത്തിന്റെ ആരംഭമാണ് ചിരി എന്നാണ് മദർതെരേസ പറഞ്ഞത് Mexico യിൽ Cancer treatment നായി 'Oasis of Hope' 30 വർഷത്തിലേറേ ആയി ചിരി club നടത്തുന്നുണ്ടത്രെ.

## എത്ര തരം ചിരി ഉണ്ട്?

19 തരം ചിരികളാണ് ഉള്ളതെന്ന് California University Prof.Paul. Ekmar പറയുന്നു. 3 തരം പ്രധാന ചിരികളാണ്.

1. അട്ടഹാസം: മനസ്സു തുറന്നുള്ള ഉറക്കെയുള്ള ചിരി
2. മൗനഹാസം : മൗനമായി ഉൾചിരി
3. Ashwa ചിരി: Horse Laughter എന്നിവയാണ്.

Dr.William T. Roy 40 കൊല്ലമായി ചിരിയിൽ ഗവേഷണം നടത്തിയ വ്യക്തിയാണ്.

He says laughter is a wonderful cure for physical ailments of Mental worries, 62 രാജ്യങ്ങളിലായി 7000 തരം ചിരി ക്ലബ്ബ് നിലവിലുണ്ട്.

ഒന്നിച്ചു കൂടുക, തമാശകൾ പറയുക, ചിരിക്കുക ഇങ്ങിനെ ജീവിതം ആരോഗ്യകരവും സുഖകരമാക്കുക എന്നതാണ് ലക്ഷ്യം അതിനാൽ പരസ്പരം ചിരിക്കുക, ഭാര്യയെ കാണുമ്പോൾ, ഭർത്താവിനെ കാണുമ്പോൾ, മക്കളെ കാണുമ്പോൾ സുഹൃത്തുക്കളെ സ്നേഹത്തിൽ വളരാൻ നമ്മെ സഹായിക്കുന്നതാണ്.

When you smile I smile

ചിരിക്ക് പിശുക്ക് കാട്ടാതിരിക്കുക. ലോക ചിരി ദിനത്തിൽ ഒരു വികാരിയച്ചൻ ഇടവകയിലെ ഭർത്താക്കന്മാരുടെ ഒരു യോഗം വിളിപ്പിച്ചു. 100 പേർ ഹാജരായി. ഭാര്യയെ പേടിയുള്ളവർ എഴുന്നേറ്റു നിക്കണം എന്ന് അച്ചൻ പറഞ്ഞപ്പോൾ ഒരാൾ ഒഴികെ 99 പേരും എഴുന്നേറ്റ് നിന്നു. ആ ഒരാൾ കാലിന്മേൽ കാല് കയറ്റി ഇരുപ്പായി. എന്റെ ഇടവകയിൽ പുരുഷത്ത്വമുള്ള ഒരാൾ മാത്രമേയുള്ളുവല്ലോ എന്ന് അച്ചൻ ചിന്തിച്ചു. അച്ചൻ ആ ആളിന്റെ സമീപം ചെന്നിട്ട് ബാക്കിയുള്ളവരോട് ഇരിക്കാൻ പറഞ്ഞു. തന്റെ ഈ ധൈര്യത്തിന്റെ രഹസ്യം എന്താണ്? എന്ന് ചോദിച്ചപ്പോൾ വിറയ്ക്കുന്ന കൈയോടെ മൈക്ക് പിടിച്ചു പറഞ്ഞു. ''പ്രത്യേകിച്ച് രഹസ്യം ഒന്നും ഇല്ല. വീട്ടിൽ നിന്നും ഇറങ്ങിയപ്പോൾ കെട്ടിയോന്മാരുടെ യോഗമാണിന്ന് എന്നു പറഞ്ഞു പോകുന്നതൊക്കെ കൊള്ളാം അവിടെപ്പോയി അടങ്ങി ഒതുങ്ങി ഇരുന്നോണം എന്ന് ഭാര്യ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് എഴുന്നേൽക്കാതിരുന്നത് അച്ചൻ ക്ഷമിക്കണം'' എന്ന്.

Dr. Francis Co July എന്ന പ്രമേഹകാരിക്ക് കാഴ്ച നഷ്ടപ്പെട്ടിരുന്നു. ഒരു വിരുന്നിനായി കുടുംബം ഒന്നിച്ച് ഒരു റെസ്റ്റോറന്റിൽ പോയി. Dr. July യെ ഒരു കസേരയിൽ ഇരുത്തി. അതിന്റെ മുമ്പിലാണല്ലോ ഭക്ഷണമേശ എന്ന് കരുതി അവർ കസേര പതുക്കെ പതുക്കെ നീക്കി മേശ ഒന്നും എത്തുന്നതും ഇല്ല. അവസാനം ഏതോ അപരിചിതർ ഇരിക്കുന്ന മേശയുടെ അടുത്ത് എത്തി. ഞങ്ങളുടെ കൂടെ കൂടുന്നതിൽ വിരോധമില്ല എന്നു അവർ പറഞ്ഞപ്പോൾ മേശ തെറ്റിയതറിഞ്ഞ് അവർ വയറുകുലുക്കിപ്പൊട്ടി ചിരിച്ചു. കൂടെ കൂടുന്നവരെല്ലാം ചിരിച്ചു. അപ്പോൾ അവിടെ ഒരു അത്ഭുതം നടന്നു. ഏറെ നാളായി കാഴ്ച നഷ്ടപ്പെട്ട ജൂലിയുടെ കണ്ണുകൾക്ക് കാഴ്ച തിരിച്ചു കിട്ടിയത്രെ. ഇപ്പോൾ അവർ ഹോസ്പിറ്റലിൽ Laughing club നടത്തുകയാണ്.


ഇപ്പോൾ നമുക്ക് T.V യിൽ ഒരുപാട് Comedy shows കാണുവാൻ സൗകര്യങ്ങൾ ഉണ്ട്. മനസ്സ് തുറന്ന് അവയെല്ലാം കണ്ട് ചിരി ആനന്ദിക്കാം.

ചിരിക്ക് ഏറ്റവും ഔഷധഗുണങ്ങൾ ഉണ്ടെന്നാണ് സൈക്കോളജിസ്റ്റ് പറയുന്നത്. എല്ലാ ഹോസ്പിറ്റലിലും വൈകുന്നേരം visitors time 4-6 pm ആണ്. ആ സമയം രോഗികളെ കണ്ട്, രോഗവിവരങ്ങൾ തിരക്കിയും ഫലിതം പറഞ്ഞു രോഗികളെ ചിരിപ്പിക്കുന്നു. കാര്യം ഒന്നു വേറെ തന്നെയാണ്. രോഗികൾ അവരുടെ മനപ്രയാസം മാറ്റി വെയ്ക്കുന്ന ചില നിമിഷങ്ങളാണവ. രോഗം മാറുവാനായി ചിരി ഇവിടെ ഉപകാരപ്രദമാകുന്നു.

തളർന്ന മനസ്സ് ആരോഗ്യത്തെ കെടുത്തുന്നു. സന്തുഷ്ട ഹൃദയം ആരോഗ്യദായകമാണ്. അതിനാൽ എപ്പോഴും ചിരിയെ മാറ്റിനിർത്താതെ കൂടെ കൊണ്ടു നടക്കുക നിങ്ങൾക്ക് ആരോഗ്യവും നന്മയും മാത്രമേ ഉണ്ടാവുകയുള്ളു.

Smiles are fat free, sugar free, Also Tax free, Require no batteries, Absolutily free of cost reduce your tension, BP/Diabetes and your Depression. So keep on smiling with '3L'.

Laugh, Love, Live●



# കോപം - ശാപം

പരമേശ്വരൻ നായർ


മഹാനായ ചന്ദ്രസേന മഹാരാജാവ് കാട്ടിൽ നായാട്ടിനായി പോകുന്നു. കൺമുന്നിൽ കണ്ട മൃഗങ്ങളേയെല്ലാം കൊന്ന് മുമ്പോട്ടു പോകുന്നിനിടയിൽ അതീവ ദുഷ്ടനും ഘോരനുമായ ഒരു രാക്ഷസൻ കയ്യിലുള്ള ശൂലായുധത്താൽ ആന, പുലി, പന്നി, സിംഹം, മനുഷ്യർ എന്നിവരെ കൊന്നും ഉഗ്രമായി അട്ടഹസിച്ചും കൊണ്ട് തനിക്കു നേരെ വരുന്നതു കണ്ടു. അവനെ ശരം പ്രയോഗിച്ചു കൊല്ലുകയും ഇതുകണ്ടു ഭയപ്പെട്ട അനുജനായ രാക്ഷസൻ സങ്കടപ്പെടുകയും ഇത്ര പരാക്രമീ ആയ രാജാവിനോടു നേരിട്ടു യുദ്ധം ചെയ്യാൻ തനിക്കു സാധിക്കില്ല, എന്ന തിരിച്ചറിവോടെ തന്റെ മായാബലംകൊണ്ട് ചതിച്ചു നശിപ്പിക്കണം എന്നുറച്ച്, ഒരു ബ്രാഹ്മണ ബാലന്റെ രൂപത്തിൽ രാജാവിനെ സമീപിച്ച് ആരും തുണയില്ലാത്ത ഒരു ബാലനാണ് താനെന്നും തന്നെ അവിടുന്ന് രക്ഷിക്കണം എന്നും എല്ലാവിധ പാചക പ്രവൃത്തികളും ചെയ്യാൻ തനിക്ക് അറിയാമെന്നും പറഞ്ഞു. ഭക്ഷണവും വസ്ത്രങ്ങളും താമസിക്കാനുള്ള ഒരു സ്ഥലവും മാത്രമെ ആവശ്യമുള്ളു എന്നും അറിയിച്ചു. ഇതുകേട്ട രാജാവ് നായാട്ടു മതിയാക്കി അവനേയും കൊണ്ടു രാജധാനിയിൽ ചെല്ലുകയും അവനെ പാചക പ്രവൃത്തിയിൽ നിയോഗിക്കുകയും ചെയ്തു.കുറച്ചു നാൾ കഴിഞ്ഞു അച്ഛന്റെ ശ്രാദ്ധപിണ്ഡം നടത്തുവാൻ രാജഗുരുവായ വസിഷ്ഠനെ വരുത്തുകയും ശ്രാദ്ധത്തിനു വേണ്ട എല്ലാ വിഭവങ്ങളും ഒരുക്കുവാൻ പാചകക്കാരനായ ബാലനോട് കൽപ്പിക്കുകയും ചെയ്തു. അതുപ്രകാരം എല്ലാം ഒരുക്കുകയും മഹർഷിയെ വരുത്തി ഭക്ഷണങ്ങൾ എല്ലാം ഇലയിൽ വിളമ്പുകയും രാക്ഷസനായ ഭൃത്യൻ മറഞ്ഞു പോകുകയും ചെയ്തു. ഈ ചതിപ്രയോഗങ്ങൾ ഒന്നും രാജാവിന് അറിയാൻ കഴിഞ്ഞതുമില്ല. മർത്ത്യമാംസം കൊണ്ടുണ്ടാക്കിയ കറി കണ്ട് കോപിഷ്ഠനായ വസിഷ്ഠൻ - ഈ രാക്ഷസപ്രവൃത്തി ചെയ്ത് എന്നെ നശിപ്പിക്കാൻ നോക്കിയ നീ 12 സംവത്സരം കംമ്രശാഖി എന്ന പോരോടു കൂടി ഒരു ഘോര രാക്ഷസനായി തീരട്ടെ എന്ന് ശപിക്കുകയും അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു.

രാമരാവണ യുദ്ധത്തിൽ ഇന്ദ്രജിത്തിന്റെ ബ്രാഹ്മസ്തമേറ്റ ശ്രീരാമചന്ദ്രനും ലക്ഷ്മണനും വാനരപടകളും ചലനമറ്റു കിടക്കുന്നു. അതേസമയം ഒന്നും സംഭവിക്കാത്ത ജാംബവാൻ ഹനുമാൻ ജീവനോടുകൂടി ഉണ്ടോ എന്ന് അന്വേഷിച്ചു പുറപ്പെടുന്ന അന്വേഷണത്തിൽ വിഭീഷണനെ കണ്ടുമുട്ടുന്നു. 2 പേരും ചേർന്ന് ഹനുമാനെ തിരഞ്ഞു കണ്ടുപിടിക്കുന്നു ഉടനെ മഹാമേരുവിൽ-പോയി മൃതസഞ്ജീവനി എന്ന ഔഷധം കൊണ്ടു വരണം എന്ന് ആവശ്യപ്പെടുന്നു, അതുപ്രകാരം ഹനുമാൻ യാത്രതിരിക്കുകയും ചെയ്തു. ഹനുമാൻ ഔഷധത്തിനു പോയ വിവരം ചാരന്മാർ മുഖാന്തിരം രാവണൻ അറിയുന്നു-ഹനുമാനെ ഏതു വിധത്തിലും നശിപ്പിക്കണമെന്നുറച്ചു തന്റെ ഭൃത്യനായ കാലനേമിയെ ഹിമവാനിലേക്കു പറഞ്ഞയക്കുന്നു-കാലനേമി ഹിമവാനിൽ ചെന്നു മായകൊണ്ട് ഒരു ആശ്രമം ഉണ്ടാക്കുകയും യാഗാദി കർമ്മങ്ങൾ ചെയ്യുന്ന ഒരു വലിയ മഹർഷിയായി അനുചരന്മാരോടു കൂടി വസിക്കുകയും ചെയ്തു. ഹനുമാൻ ഹിമവാനിൽ ചെന്നു നോക്കുമ്പോൾ ആശ്രമം കാണുകയും അകത്തു ചെന്ന് മുനിയെ കണ്ട് വന്ദിക്കുകയും ചെയ്യുന്നു. ഇതിനു മുമ്പ് എന്റെ അറിവിൽ പെട്ടിടത്തോളം കാലം ഇവിടെ ഇങ്ങനെയുള്ളതായ ഒരാശ്രമം ഉള്ളതായി ഓർക്കുന്നില്ല ഇതു എങ്ങനെ ഇവിടെ ഉണ്ടായി എന്ന് ഹനുമാൻ മനസ്സിൽ ചിന്തിക്കുകയും ചെയ്തു. മഹർഷി ധ്യാനത്തിൽ നിന്നുണർന്നു ഹനുമാനെ നോക്കി വളരെ സൗഹൃദത്തിൽ ''ആഞ്ജനേയ! ഞാൻ എന്റെ ദൃഷ്ടികൊണ്ട് എല്ലാം മനസ്സിലാക്കുന്നു, ശ്രീരാമചന്ദ്രനും വാനരപ്പടയുമെല്ലാം ബോധം തെളിഞ്ഞു യുദ്ധസന്നദ്ധരായി നിൽക്കുന്നു, സാക്ഷാൽ ഈശ്വരനായ ശ്രീരാമചന്ദ്രനെ നശിപ്പിക്കാനും എതിർക്കാനും ഈ ഭൂലോകത്തിൽ ആരാണ് ഉള്ളത്, ഇനി ഔഷധത്തിന്റെ ആവശ്യം ഉണ്ടോ? എനിക്കു തോന്നുന്നില്ല'' എന്ന് പറഞ്ഞു. മഹർഷെ എനിക്കു വല്ലാതെ ദാഹിക്കുന്നു, ജലസ്ഥാനം കാണിച്ചു തരണമെന്ന ഹനുമാന്റെ ആവശ്യം കേട്ട് ഉടനെ ഭൃത്യനെ വിളിച്ചു പൊയ്ക കാണിച്ചു കൊടുക്കാൻ പറയുന്നു എളുപ്പം ഔഷധം ലഭിക്കുന്നതിന് കണ്ണുമടച്ചു വേണം ജലപാനം ചെയ്യുവാൻ എന്നും നിർദ്ദേശിച്ചു. അതുപ്രകാരം ഹനുമാൻ പൊയ്കയിൽ നിന്നും ജലപാനം ചെയ്യുമ്പോൾ പൊ

യ്കയിൽ കിടന്നിരുന്ന അതിഭയങ്കരിയായ മുതല ഹനുമാനെ പിടികൂടുകയും കണ്ണു തുറന്നു നോക്കുമ്പോൾ മുതലയെ കാണുകയും ഉടൻ അതിനെ രണ്ടായി പിളർന്നു കൊല്ലുകയും ചെയ്തു. മുതലയുടെ ശരീരത്തിൽ നിന്നും അതീവ മനോഹരിയും സർവ്വാഭരണവിഭൂഷിതയുമായ ഒരു ദിവ്യകന്യക വിമാനാരൂഢയായി അംബരത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഞാൻ ഹേമമാലി എന്ന ഒരു ദേവതയാണ്. മുനിശാപത്താൽ ഞാൻ മുതലയായി തീർന്നതാണ്. അങ്ങയുടെ കൈകൊണ്ട് മരിച്ചതിനാൽ എനിക്കു മോക്ഷം ലഭിച്ചിരിക്കുന്നു. ഞാൻ ഇനി ദേവലോകത്തേക്കു പോകുന്നു. ഒരു കാര്യം അങ്ങ് മനസ്സിലാക്കണം മായാവിയും കള്ളനുമായ രാവണ ഭൃത്യനായ കാലനേമിയാണു ആശ്രമത്തിൽ ഉള്ളത്. അവനെ വധിച്ച് ഔഷധംകൊണ്ടു ഉടനെ പോയാലും എന്നു പറഞ്ഞു ദേവസ്ത്രീ മറയുകയും ചെയ്തു. ഉടനെ ഹനുമാനെ കണ്ടമഹർഷി ഒന്നുമറിയാത്തവനെപോലെ എന്താണ് വൈകുവാൻ കാരണം മരുന്നു കാണാനുള്ള മന്ത്രോപദേശം തരാം, വരു എന്ന് പറയുന്ന നേമിയെ ഹനുമാൻ അടിച്ചു കൊല്ലുന്നു-പിന്നീട് മരുന്ന് അന്വേഷിച്ചു കാണാതെ കോപിച്ച് ഹിമവൽകൊടുമുടി മുഴുവൻ കുത്തിയിളക്കി ഇടതുകയ്യിൽ ഉയർത്തിക്കൊണ്ട് വരികയും ഔഷധ വീര്യം കൊണ്ട് എല്ലാവരും ഉറക്കത്തിൽ നിന്നു ഉണർന്നതുപോലെ എഴുന്നേൽക്കുകയും പൂർവ്വാധികം ശക്തിയോടു കൂടി യുദ്ധസന്നദ്ധരായി നില കൊള്ളുകയും ചെയ്തു. ഹനുമാൻ പർവ്വതം നിന്നിരുന്ന സ്ഥലത്തു തന്നെ കൊണ്ടുവച്ചു തിരിച്ചു വന്നു യുദ്ധസന്നദ്ധനാകുകയും ചെയ്തു●

## 8-ാം ചരമവാർഷികം

**11. 12 .2017**



**ഡോ.ഗോപാലകൃഷ്ണമേനോൻ**
**ലക്ഷ്മി ഭവൻ**
**മുട്ടത്തിൽ ലെയിൻ, കൊച്ചി-20**

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്
## 92-മത് സ്ഥാപകദിനവും, കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 92-മത് സ്ഥാപകദിനവും, കുടുംബസംഗമവും 2017 ഡിസംബർ 25ന് രാവിലെ 10.00 മണിയ്ക്ക് ടി.ഡി.എം.ഹാളിൽ ആരംഭിക്കും. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന കരയോഗാംഗങ്ങൾക്ക് ഭക്ഷണകൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കരയോഗം ഐഡന്റിറ്റി കാർഡ് ഹാജരാക്കി കൂപ്പണുകൾ കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.അംഗങ്ങൾ 50 രൂപയുടെയും മറ്റെല്ലാവരും 100 രൂപയുടെയും കൂപ്പണുകൾ എടുക്കേണ്ടതാണ്. 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൂപ്പണുകൾ എടുക്കേണ്ടതില്ല. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം ഉറപ്പുവരുത്തുന്നതിനും ക്രമാതീതമായ തിരക്ക് നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഈ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ കൂപ്പണുകൾ എടുത്തശേഷം നിരവധി പേർ യോഗത്തിൽ പങ്കെടുക്കാതിരുന്നതിനാൽ വളരെയേറെ ഭക്ഷണ പദാർത്ഥങ്ങൾ പാഴായി പോയിട്ടുണ്ട്. ഇങ്ങനെ ഭക്ഷണം പാഴാക്കുന്നത് തടയുന്നതിനും, അനാവശ്യമായ ചിലവും തിരക്കും ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഈ ക്രമീകരണം ഏർപ്പെടുത്തിയതെന്ന് അറിയിച്ചു കൊള്ളട്ടെ. എല്ലാ കരയോഗാംഗങ്ങളുടെയും സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട്.

ജനറൽ സെക്രട്ടറി

# ധ്യാനം

വി.കെ.വേണുഗോപാൽ

പ്രാർത്ഥിക്കുമ്പോൾ ജീവാത്മാവും പരമാത്മാവും ഒന്നിക്കുകയാണ് ചെയ്യുന്നത്. പ്രാർത്ഥനയിലൂടെ നമ്മുടെ ആവശ്യങ്ങൾ പറയുന്നതിനോടൊപ്പം ഈശ്വരനെ സ്തുതിക്കുകയും ഈശ്വരൻ നമുക്കു നൽകിക്കൊണ്ടിരിക്കുന്ന നന്മകൾക്ക് കൃതജ്ഞത പറയുകയും ചെയ്യുന്നു. അതേ സമയം ധ്യാനത്തിൽ ഈശ്വരനോട് ഒന്നും ആവശ്യപ്പെടാതെ സ്വന്തം ഹൃദയത്തിനുള്ളിലുള്ള ഈശ്വരനെ പ്രാപിക്കുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ ഈശ്വരനെ പ്രാപിക്കുന്ന സമയത്ത് ഈശ്വരൻ നമുക്കുവേണ്ട കാര്യങ്ങൾ നമ്മുടെ മനസ്സിൽ വെളിപ്പെടുത്തി തരുന്നു. വെളിപ്പെടുത്തൽ ചില സമയങ്ങളിൽ വാക്കുകളായും മറ്റു ചില സമയങ്ങളിൽ ദൃശ്യങ്ങളായും വരാറുണ്ട്.

ഈ രീതിയിൽ ഈ പ്രപഞ്ചം നമുക്കു തരുന്ന സൂചനകൾ പരിഗണിച്ചുകൊണ്ടേ ഇരിക്കണം. പ്രധാനപ്പെട്ട എന്തു കാര്യം പറയുമ്പോഴും ചെയ്യുമ്പോഴും അൽപ്പ സമയം ധ്യാനിച്ചശേഷം വേണമെന്നാണ് ജ്ഞാനികൾ പറയുന്നത്. ധ്യാനിക്കുന്ന സമയത്ത് ഈശ്വരനിൽ നിന്നുള്ള മെസ്സേജ് നമ്മിലേക്കു വരുന്നു. ആനകളില്ലാതെ അംബാരിയില്ലാതെ ഉത്സവം നടക്കുന്ന-ഉത്സവം നടക്കേണ്ട-ക്ഷേത്രമാണ് മാനവഹൃദയം. നിർഭാഗ്യവശാൽ ഒരു പാടുപേർക്ക് ഈ ജ്ഞാനം കിട്ടാതെ പോകുന്നതിന്റെ ഫലമായി ജീവിതത്തിൽ അനുഭവിക്കേണ്ട സുഖവും സന്തോഷവും നഷ്ടമാകുന്നു. ചെറുപ്പം മുതലേ മറ്റുള്ളവരോട് സഹകരിക്കാൻ ശീലിപ്പിക്കുന്നതിനു പകരം മറ്റുള്ളവരോട് മത്സരിക്കാൻ ശീലിപ്പിക്കുന്നത് ഇന്നത്തെ തലമുറക്ക് ഒരുപാട് ദോഷം ചെയ്യുന്നുണ്ട്.

മനുഷ്യരുടെ ദു:ഖങ്ങൾക്കുള്ള കാരണം അന്വേഷിച്ചിറങ്ങിയ ഭഗവാൻ ശ്രീബുദ്ധൻ കണ്ടെത്തിയത് മനുഷ്യരുടെ ആഗ്രഹങ്ങളാണ് മനുഷ്യർക്ക് ദു:ഖങ്ങൾ നൽകുന്നതെന്നാണ്. ഇന്നത്തെ മനുഷ്യരുടെ ദു:ഖങ്ങൾക്കുള്ള കാരണവും മനുഷ്യരുടെ അതിരില്ലാത്ത ആഗ്രഹങ്ങളാണ്. ധനത്തെ പറ്റിയും സമ്പത്തിനെപ്പറ്റിയും അധികാരത്തെ പറ്റിയുമെല്ലാം കണക്കുകൂട്ടുന്നവർ സ്വന്തം ആയുസ്സ് ഇനി എത്രയുണ്ടെന്ന് കണക്കുകൂട്ടാറില്ല. സമ്പാദിച്ചത് അനുഭവിക്കാനുള്ള സമയമുണ്ടോ എന്നും അവർ ചിന്തിക്കാറില്ല.

ഇൻഡ്യയിൽ ക്രിസ്തുവിന് 5000 വർഷങ്ങൾക്കു മുമ്പ് രേഖപ്പെടുത്തിയതായി കണക്കാക്കപ്പെടുന്ന ശിലാലിഖിതങ്ങളിൽ പോലും മനുഷ്യർ യോഗ ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതായത് ചരിത്രാതീത കാലം മുതൽ ജീവാത്മാവും പരമാത്മാവും തമ്മിൽ യോജിക്കുന്ന ഒരു കലയും ശാസ്ത്രവുമായി യോഗ നിലനിന്നിരുന്നു. മനുഷ്യരെക്കാൾ കൂടുതലായി ദേവന്മാർ ധ്യാനിക്കുമായിരുന്നുവെന്ന് നമുക്ക് പുരാണങ്ങളിൽ നിന്നും മനസ്സിലാക്കാം. ദേവന്മാർ ധ്യാനത്തിലൂടെ അസാധാരണമായ നേട്ടങ്ങളുണ്ടാക്കിയതുപോലെ മനുഷ്യരായ നമുക്കും ധ്യാനത്തിലൂടെ അസാധരാണമായ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് നാമറിയുന്നില്ല. ധ്യാനശീലത്തിന്റെ ഉറവിടം ഭാരതമായിട്ടുപോലും സ്വാതന്ത്ര്യസമരത്തിന്റെയും മറ്റ് അസമത്വങ്ങൾക്കെതിരായ സമരങ്ങളുടെയും ഫലമായി ധ്യാനശീലം നമുക്കു നഷ്ടപ്പെടാൻ തുടങ്ങിയെങ്കിലും വീണ്ടും ധ്യാനശീലം വളരാൻ തുടങ്ങിയെന്നത് സന്തോഷകരമായ ഒരു കാര്യമാണ്. ഇന്ന് അമേരിക്കയിൽ മാത്രം രണ്ടു ദശലക്ഷത്തോളം പേർ ധ്യാനം അഭ്യസിക്കുന്നുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ആത്മ പരിശോധന നടത്തലും മനസ്സിനെ നിരന്തരം ശുദ്ധീകരിക്കലും വളരെ പെട്ടെന്നുള്ള മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത് വളരെ അത്യാവശ്യമാണ്. മനസ്സാകുന്ന മുറിയിൽ വെളിച്ചമുണ്ടാകാൻ ധ്യാനം വേണം. വനാന്തരങ്ങളിലും കുന്നിന്റെ മുകളിലും കടലിന്റെയും പുഴയുടെയും തീരത്തും ശുദ്ധവായുവും ഏകാന്തതയും ധാരാളമുള്ള സ്ഥലങ്ങളാണെന്നു മാത്രമല്ല അവിടെയെല്ലാം ഈശ്വര ചൈതന്യവും വളരെ കൂടുതലുണ്ട്. അതിന്റെ ഫലമായി അങ്ങനെയുള്ള സ്ഥലങ്ങളിലെ ദേവാലയങ്ങളിൽ അത്ഭുതകരമായ ഈശ്വരചൈതന്യമുള്ളതായും നമുക്കറിയാം. ധ്യാനത്തിന് ഏറ്റവും ഉചിതം അതുപോലെയുള്ള സ്ഥലങ്ങളാണ്. ധ്യാനത്തിന് അതുപോലെയുള്ള സ്ഥലങ്ങൾ കിട്ടുക പ്രായോഗികമല്ലാത്തപ്പോൾ ശരീരശുദ്ധി വരുത്തിയ ശേഷം ശുദ്ധവായുവും ഏകാന്തതയുമുള്ള എവിടേയും ഇരുന്ന് രാവിലെയും വൈകിട്ടും ധ്യാനിക്കുവാൻ പറ്റും. തറയിൽ ചമ്രം പടിഞ്ഞിരുന്നോ കസേരയിലിരുന്നോ

ധ്യാനിക്കുമ്പോൾ നട്ടെല്ലും കഴുത്തും തലയും നേരെ നിവർന്നിരിക്കേണ്ടതുണ്ട്. ധ്യാനിക്കുമ്പോൾ നമ്മുടെ ഹൃദയത്തിലോ നെറ്റിയിലെ ബ്രൂമദ്ധ്യത്തിലോ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഏതെങ്കിലും മന്ത്രമോ ജപമോ ഉരുവിടുമ്പോൾ മനസ്സിന് കൂടുതൽ തെളിവു വരുന്നു. നാം എന്ത് ആവർത്തിച്ചു പറയുന്നുവോ അതാണ് മന്ത്രം. നാം ആവർത്തിച്ചു പറയുമ്പോൾ അവ നമ്മുടെ ഉപബോധ മനസ്സിൽ അഥവാ ആത്മാവിൽ എത്തുന്നതോടൊപ്പം തന്നെ പ്രപഞ്ചത്തിലും ലയിക്കുന്നു. മന്ത്രം നമുക്ക് അറിയാവുന്ന ഭാഷയിൽ പറയുമ്പോഴാണ് വാക്കുകൾക്ക് ശക്തി വർദ്ധിക്കുന്നത്. ശരീരവും മനസ്സും ഒരേ സമയത്ത് പൂർണ്ണ വിശ്രമത്തിലായി ബി.പി.യേയും ഹൃദയത്തെയും നോർമ്മലാക്കുന്നത് ശവാസനയിലൂടെയാണ്. ഇതിന് കാലുകൾ അല്പം അകത്തി മലർന്നു കിടന്ന് കൈകളും അല്പം അകത്തി മുകളിലേക്ക് കൈപ്പത്തികൾ തുറന്ന് പിടിച്ച് കണ്ണുകൾ രണ്ടും അടച്ച് പാദം മുതൽ ശിരസ്സുവരെയുള്ള ഓരോ അവയവവും പൂർണ്ണമായി തളർത്തി വിശ്രമാവസ്ഥയിലാക്കി കുറേ നേരം ശാന്തമായി കിടന്നുകൊണ്ട് ആദ്യം ഒരു കടലിന് മുകളിലായി കിടക്കുന്നതായി സങ്കൽപ്പിച്ച് പിന്നീട് കുറേ കഴിയുമ്പോൾ സാവകാശം കടലിൽ ലയിക്കുന്നതായി സങ്കൽപ്പിച്ച് നാം ആഗ്രഹിക്കുന്നത്ര സമയം കിടക്കണം. അതു കഴിയുമ്പോൾ സാവകാശം എഴുന്നേറ്റ് നമ്മുടെ പാദം മുതൽ ശിരസുവരെ ഉള്ള എല്ലാ അവയവങ്ങൾക്കും വ്യായാമം കിട്ടത്തക്ക വിധത്തിലുള്ള യോഗയോ ശരീരം കൊണ്ടുള്ള ജോലികളോ ചെയ്യണം. വ്യായാമത്തിനും യോഗക്കും ശേഷവും ശവാസനം ചെയ്യാവുന്നതേയുള്ളൂ.

ധ്യാനവും യോഗയും ചെയ്യുന്നയാളുടെ മനസ്സിനു ശാന്തതയും സ്വസ്ഥതയും ഉണ്ടാകുന്നതോടൊപ്പം ഈശ്വരന്റെ ലഹരിയുമുണ്ടാകുന്നതിനാൽ മറ്റു ലഹരിവസ്തുക്കളുടെ ആവശ്യവും വരികയില്ല. വ്യായാമക്കുറവുമൂലവും ശ്വസനക്രിയയുടെ കുറവുമൂലവും ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തേക്ക് പ്രാണൻ എത്താതെ വരുമ്പോൾ അവിടം പ്രവർത്തിക്കാതെ വരികയും രോഗം ഉണ്ടാകുകയും ചെയ്യുന്നു. നമുക്കും നമ്മുടെ കുടുംബത്തിനും സമൂഹത്തിനും പ്രയോജനപ്പെടാത്ത ഒരുപാടു കാര്യങ്ങൾ പഠിക്കുന്ന നമ്മൾ ജീവിതത്തെപ്പറ്റിയുള്ള അടിസ്ഥാന കാര്യങ്ങൾ അറിയാതെ പോകുന്നു. അതായത് നമ്മുടെ മനസ്സ് മറ്റുള്ളവരിലേക്കും മറ്റു വസ്തുക്കളിലേക്കും അമിതമായി പോകാതെ നമ്മുടെ ശ്രദ്ധ നമ്മളിലേക്കു തന്നെ തിരിച്ചേ പറ്റൂ. രോഗങ്ങൾ പെരുകിക്കൊണ്ടിരിക്കുന്ന ഇക്കാലത്തുണ്ടാകുന്ന രോഗങ്ങളിൽ 80% ശാരീരികമല്ലാത്ത കാരണങ്ങൾ കൊണ്ടുണ്ടാകുന്നതാണെന്നാണ് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്. ഉദാഹരണത്തിന് ഓരോ ദിവസവും നടന്നുകൊണ്ടിരിക്കുന്ന എണ്ണമറ്റ വാഹന അപകടങ്ങളും അപകടങ്ങൾ മൂലമുണ്ടാകുന്ന അംഗവൈകല്യങ്ങളും മരണങ്ങളും മനസ്സിന്റെ താളം തെറ്റുന്നതുകൊണ്ട് സംഭവിക്കുന്നതാണെന്ന് അധികം ചിന്തിക്കാതെ തന്നെ നമുക്കറിയാം. മനസ്സിന്റെ താളം എപ്പോഴൊക്കെയാണ് തെറ്റുന്നതെന്നും അവ എന്തുകൊണ്ടാണ് തെറ്റുന്നതെന്നും നാം പഠിക്കേണ്ട മറ്റൊരു വിഷയമാണ്. ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന യൂണിവേഴ്സൽ എനർജി അഥവാ ബ്രഹ്മം ആണ് മനുഷ്യർ ഉൾപ്പെടെയുള്ള സകല ജീവികളുടെയും ശരീരത്തെയും ജീവിതത്തെയും നിയന്ത്രിക്കുന്നത്. ഈ പ്രാപഞ്ചിക ഊർജ്ജത്തെപറ്റി പഠിക്കാതെ മറ്റുള്ളവരെ പറ്റിയും മറ്റുവസ്തുക്കളെ പറ്റിയും ഒരുപാട് പഠിക്കുന്നതാണ് നമുക്കു പറ്റുന്ന ഏറ്റവും വലിയ തെറ്റ്. സോഷ്യൽ മീഡിയയും, മൊബൈൽ ഫോണും, കംപ്യൂട്ടറും, ടി.വി.ഉൾപ്പെടെയുള്ള മറ്റു മാധ്യമങ്ങളും നമ്മുടെ മനസ്സിനെയും നമ്മുടെ ജീവിതത്തെയും നമ്മളിൽ നിന്ന് അകത്തികൊണ്ടു പോകുന്നവയാണ്.●

## 1-ാം ചരമവാർഷികം

**10. 12 .2017**



**എം.എൻ.കെ മേനോൻ**
**'പാർവ്വതി'**
**ടി.ഡി.റോഡ്, കൊച്ചി**

തുടർച്ച

# വെള്ളം കുടിക്കുക ആരോഗ്യത്തിന്

യു.എസ്.രവീന്ദ്രൻ, ഫോൺ:9496120978

മനുഷ്യശരീരത്തിന്റെ 70 ശതമാനത്തോളം ജലാംശമാണ്. ശുദ്ധമായ കുടിവെള്ളം ദൗർലഭ്യമായ ഒരു വസ്തു ആയിക്കൊണ്ടിരിക്കുന്നു. ആരോഗ്യപരമായ ജീവിതത്തിന് ധാരാളം വെള്ളം കുടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഈ ലേഖനം. വേനൽക്കാലത്ത് എല്ലാവർക്കും ദാഹം കൂടുതലായിരിക്കുമല്ലോ. അതുകൊണ്ട് പൊതുവെ എല്ലാവരും ധാരാളം വെള്ളം കുടിക്കും. എന്നാൽ ധാരാളം വെള്ളം കുടിക്കുന്നത് എക്കാലത്തും നല്ലതാണ്, ശരീരത്തിനും ബുദ്ധിക്കും.

ഒരാൾക്ക് കിഡ്നിയിലെ കല്ലു മൂലം അടിവയറ്റിൽ ഭയങ്കര വേദന. ഡോക്ടർ വേദന തല്ക്കാലം മാറാനുള്ള ഒരു ഗുളിക കൊടുത്തു. കൂടെ ഒരു കുറിപ്പും ധാരാളം വെള്ളം കുടിച്ചാൽ മാത്രം മതി. ശരീരത്തിന്റെ നിത്യപ്രവർത്തനങ്ങളുടെ ഫലമായി അടിഞ്ഞു കൂടുന്ന കാത്സ്യം തുടങ്ങിയ പദാർത്ഥങ്ങളെ ലയിപ്പിച്ചു മൂത്രത്തിലൂടെ പുറത്തു കളയാൻ വേണ്ടത്ര ജലാംശം ശരീരത്തിൽ ഇല്ലാതാകുമ്പോളാണ് കിഡ്നിയിൽ കല്ലുകൾ രൂപം കൊള്ളുന്നത്. ഇവയെ പുറന്തള്ളാൻ ശരീരത്തിന്റെ വിസർജ്ജന സംവിധാനം ശ്രമിക്കുമ്പോൾ വഴിയിൽ തടഞ്ഞ് അസ്വസ്ഥതകളും വേദനയും മറ്റും ഉണ്ടാകുന്നു. ചിലപ്പോൾ കല്ലുണ്ടാകുന്നത് തടയാൻ ഡോക്ടർമാർ മരുന്നുകൾ നിർദ്ദേശിക്കാറുണ്ട്. എന്നാൽ മിക്കവരോടും ധാരാളം വെള്ളം കുടിക്കാൻ നിർദ്ദേശിക്കുന്നതാണ് പ്രതിരോധ ചികിത്സകളിൽ മുൻഗണന ചില യൂറോളജിസ്റ്റുകൾ രോഗികളോട് പറയാറുണ്ട് 'വെള്ളം മാത്രമാണ് നിങ്ങളുടെ മരുന്ന്'.

ഡൽഹിയിലെ പ്രശസ്തനായ ന്യൂട്രീഷനിസ്റ്റ് ലവനീത് ബാത്രയുടെ അഭിപ്രായത്തിൽ 'ഓരോ വ്യക്തിക്കും എത്രയെത്ര ജലം ആവശ്യമാണെന്നത് അവരുടെ തൂക്കം, വിയർക്കുന്ന തോത്, താമസിക്കുന്ന സ്ഥലത്തെ കാലാവസ്ഥ, വ്യായാമം ചെയ്യുന്ന രീതി എന്നിവയെ ആശ്രയിച്ചിരിക്കുന്നു-ഒരു ദിവസം 8 ഗ്ലാസ്സ് വെള്ളമെങ്കിലും കുടിച്ചിരിക്കണം എന്നതാണ് നല്ല തീരുമാനം.' എന്നാൽ അമേരിക്കയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിൻ ഇതിനേക്കാൾ കൂടുതൽ വെള്ളം കുടിച്ചിരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. ധാരാളം വെള്ളം കുടിച്ചിട്ടുണ്ടോ എന്നറിയാൻ ഒരു ചെറിയ പരിശോധന ഡോക്ടർ ബാത്ര നിർദ്ദേശിക്കുന്നു. മൂത്രത്തിന് ഇളം മഞ്ഞ നിറമാണെങ്കിൽ കുഴപ്പമില്ല. വളരെ ക്ലിയറായി ഒട്ടും നിറമില്ലാത്തതാണെങ്കിൽ ആവശ്യത്തിനേക്കാൾ കൂടുതൽ വെള്ളം കുടിച്ചിട്ടുണ്ട്. ശരീരത്തിന് ആവശ്യമുള്ള ലവണങ്ങൾ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. കടുംമഞ്ഞ/തവിട്ടുനിറമാണ് മൂത്രത്തിനെങ്കിൽ ഇനിയും ധാരാളം വെള്ളം കുടിക്കേണ്ടതുണ്ട്. ശരീരത്തിനും മനസ്സിനും പൊതുവെ എങ്ങനെയുണ്ടെന്ന സ്വയം തോന്നലാണ് ശരീരത്തിലെ ജലാംശം തൃപ്തികരമാണോ/അല്ലയോ എന്നതിന്റെ അളവുകോൽ. ഒരു വലിയ ഗ്ലാസിൽ നിറയെ വെള്ളം കുടിച്ച് സോഫയിൽ ചാരി ഇരുന്ന് ഇന്ന് പാനം ചെയ്ത പാനീയങ്ങളെ പറ്റി ഒരു മിനിട്ട് ആലോചിച്ചിരുന്നാൽ അതുതന്നെ ആരോഗ്യത്തിനു തല്ലതാണ്.

## ഊർജ്ജസ്വലരായിരിക്കാം

അമേരിക്കയിലെ നോർത്ത് കരോലിന യൂണിവേഴ്സിറ്റിയിലേയും, ടഫ്ട് യൂണിവേഴ്സിറ്റിയിലേയും പഠനങ്ങൾ താഴെ കൊടുത്തിരിക്കുന്ന അറിവുകൾ തന്നിട്ടുണ്ട്. നാം കുടിക്കുന്ന വെള്ളം ശരീരത്തിലെ വിവിധ അവയവങ്ങളിലുള്ള സെല്ലുകളിലേക്ക് ഭക്ഷണത്തിലെ പോഷകാംശങ്ങളെ എത്തിക്കുന്നു. തന്മൂലം ശരീരത്തിനും മനസ്സിനും ഊർജ്ജം ലഭിക്കുന്നു.എന്നാൽ നിർജ്ജലീകരണം (Dehydration)- മൂലം സെൽപാടകളിലെ (membrane) വ്യാപനശേഷി (Permeability) കുറയ്ക്കുകയും തന്മൂലം പോഷകങ്ങളുടെ ഒഴുക്കു കുറയുകയും ചെയ്യുന്നു. ഇത് ശാരീരികവും മാനസികവുമായ വ്യാപാരങ്ങളെ ബാധിക്കുന്നു. ആകെ ഒരു മാന്ദ്യത/സ്തംഭനം അനുഭവപ്പെടുന്നു.

## ശരീരോഷ്മാവ് നിലനിർത്താം

എന്തെങ്കിലും കഠിനമായ ജോലി ചെയ്യുമ്പോൾ വിയർപ്പുമൂലം നെറ്റിത്തടം നനയാറുണ്ടല്ലോ? അത് കാണിക്കുന്നത് ശരീരം ഊഷ്മാവ് നിലനിർത്താനുള്ള ജോലി ചെയ്തുകൊണ്ടിരിക്കുകയാണെന്നും, അത് ചെയ്യാൻ ജലം അത്യാവശ്യമാണ് എന്നുമാണ്.

## ശരീരഭാരം കുറയ്ക്കാം.

പ്രായപൂർത്തിയായ 18000 പേരിൽ നടത്തിയ ഒരു പഠനത്തിൽ നിന്നും സാധാരണ കുടിക്കുന്ന വെ

ളളത്തിൽ കൂടുതലായി മൂന്നു മുതൽ നാലുവരെ ഗ്ലാസ്സ് വെള്ളം കൂടുതൽ കുടിച്ചവർക്ക് 205 കലോറിക്ക് സമാനമായ ഭക്ഷണം കുറച്ചേ കഴിക്കേണ്ടിവന്നുള്ളുവെന്നും തന്മൂലം അവരുടെ അമിത ഭാരം കുറക്കുവാൻ സഹായിച്ചുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

### ഓർമ്മശക്തി കൂട്ടാം.

മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനം അതിനകത്തെ ദ്രവ്യങ്ങളെ ആശ്രയിച്ചിരിക്കും. നാഡീവ്യൂഹവ്യവസ്ഥിതിയും (Synapses) ന്യൂറോണുകളും കൃത്യസമയത്ത് പ്രതികരിക്കുന്നതിന് ദ്രവ്യങ്ങൾ അത്യാവശ്യമാണ്. ന്യൂട്രിയന്റ്സ് എന്ന ഒരു പ്രസിദ്ധീകരണത്തിൽ ഇങ്ങനെ പറയുന്നു. കുട്ടികളിൽ വെള്ളം കുടിച്ച ശേഷം ഓർമ്മശക്തിയും, ശ്രദ്ധകേന്ദ്രീകരിക്കാനുള്ള കഴിവും അതിന് മുമ്പത്തേക്കാൾ അഭിവൃദ്ധിപ്പെട്ടതായി കണ്ടിട്ടുണ്ട്. ഇത് മുതിർന്നവരെ സംബന്ധിച്ചിടത്തോളം എങ്ങനെയുണ്ടെന്ന് വ്യക്തമായിട്ടില്ല.

### ചർമ്മസൗന്ദര്യത്തിന്.

ശരീരചർമ്മത്തിൽ 30 ശതമാനത്തോളം ജലാംശമാണ്. ചർമ്മത്തിന് വേണ്ടത്ര ജലം കിട്ടിയില്ലെങ്കിൽ ചുക്കിചുളുങ്ങാൻ തുടങ്ങും. ധാരാളം ജലം കുടിക്കുകയാണെങ്കിൽ സെല്ലുകൾ പുഷ്ടിപ്പെടുകയും ചുളുക്കുകൾ കുറയുകയും ചെയ്യും.

### ജലദോഷം അകറ്റാൻ

ജലദോഷംകൊണ്ട് മൂക്കൊലിക്കുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് ജലദോഷത്തിന്റെ അണുക്കളെ ശരീരം ഒലിപ്പിച്ച് കളയുന്നതാണ്. ഈ പ്രവർത്തി ത്വരിതപ്പെടുത്തുന്നതിന് ശരീരത്തിൽ കൂടുതൽ ജലം ആവശ്യമാണ്. അതുകൊണ്ട് ജലദോഷമുള്ളപ്പോൾ രോഗിയോട് കൂടുതൽ വെള്ളം കുടുക്കുവാൻ ഡോക്ടർമാർ പറയുന്നു. മൂക്കിളയെ നേർമ്മിപ്പിക്കാനും, തൊണ്ടയും മൂക്കും വരളാതിരിക്കാനും വെള്ളം കുടിക്കുന്നത് സഹായിക്കുന്നു.

### മലബന്ധം അകറ്റാൻ.

ദഹനപാതയിലെ ഭക്ഷണത്തിലെ നാരുകളുമായി പ്രതിവർത്തിച്ച് വിസർജ്ജ്യ വസ്തുക്കളെ സ്ഥൂലികരിക്കുവാൻ വെള്ളം സഹായിക്കുന്നു. അതുകൊണ്ട് മലബന്ധത്തിനുള്ള സാധ്യത വെള്ളം കുടിക്കുന്നതുകൊണ്ട് കുറയുന്നു.

### നല്ല മാനസികാവസ്ഥയ്ക്ക്.

അമേരിക്കയിലെ കണക്ടികട്ട് സർവ്വകലാശാലയിൽ നടത്തിയ ഒരു പഠനത്തിൽ സ്ത്രീകളിൽ അവരുടെ ശരീരഭാരത്തിന്റെ 1.36% വിയർപ്പുമൂലം നഷ്ടപ്പെടുന്നുവെന്നും ഇത് നികത്താൻ വേണ്ടത്ര വെള്ളം കുടിക്കാത്തതുകൊണ്ട് ചിലർക്ക് മാനസികോല്ലാസം കുറയുന്നുവെന്നും തലവേദനയും തളർച്ചയും ഉണ്ടാകുന്നു എന്നും വെളിപ്പെട്ടിട്ടുണ്ട്.

### ശാരീരികക്ഷമതയ്ക്ക്.

സോഡിയം, പൊട്ടാസിയം, മഗ്നീഷ്യം തുടങ്ങിയ ഇലക്ട്രോളൈറ്റുകളുടെ തുലനാവസ്ഥ പാലിച്ച് പേശികളെ പ്രവർത്തനോന്മുഖമാക്കുന്നതിൽ വെള്ളത്തിന് പ്രധാന പങ്കുണ്ട്. ശരീരത്തിൽ ആവശ്യത്തിനു ജലാംശമില്ലെങ്കിൽ മസിൽ വലിച്ചിൽ, മസിൽവെട്ടൽ തുടങ്ങിയ അസുഖങ്ങൾ സംഭവിച്ചേക്കാം. ചെറിയ തോതിലുള്ള നിർജലീകരണം പോലും ശരീരപ്രവർത്തനങ്ങളെ ബാധിച്ചേക്കാം.

വേണ്ടത്രവെള്ളം കുടിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ഇതിന്:1. ഫോണിൽ ജലജാഗ്രത മുന്നറിയിപ്പ് സെറ്റു ചെയ്യുക

2. കയ്യിൽ കൊണ്ടുപോകുന്ന വാട്ടർബോട്ടിലിൽ ഓരോ മണിക്കൂറിലും കുടിക്കേണ്ട വെള്ള ത്തിന്റെ ലവൽ അടയാളപ്പെടുത്തുക.

3. എന്തെങ്കിലും ഭക്ഷണം കഴിക്കുന്നതിന് മുമ്പ് ഒരു ഗ്ലാസ്സ് വെള്ളം കുടിക്കുക.

സ്ഥിരം പച്ചവെള്ളം കുടിച്ച് ബോറടിക്കുന്നവർക്ക് ചുക്കോ, ജീരകമോ, മല്ലിയോ, ഉലുവയോ ഇട്ട് തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാവുന്നതാണ്. ഇടക്ക് വീട്ടിൽ തന്നെ തയ്യാറാക്കിയ നാരങ്ങവെള്ളമോ പഴജൂസുകളോ കഴിക്കാം. കൂടുതൽ ജലാംശമുള്ള തണ്ണീർമത്തൻ, കക്കിരിക്ക, തക്കാളി, മുന്തിരി, ചെറി എന്നി പഴവർഗ്ഗങ്ങളും പച്ചക്കറികളും ധാരാളം ഉപയോഗിക്കാം. കഫീന്റെ അംശങ്ങളില്ലാത്ത ഹെർബൽ ടീ, പാൽ ഉൽപന്നങ്ങൾ, ലസ്സി എന്നിവയും ജലനിർജ്ജലീകരണത്തിന് സഹായിക്കും. കഫീൻ കിഡ്നിയെ ദോഷകരമായി ബാധിക്കുന്നു. മധുരമുള്ള കോളാ, സോഡാ പാനീയങ്ങൾ കഴിക്കുമ്പോൾ ഈ പാനീയങ്ങളിലെ മധുരത്തിന്റെ സാന്ദ്രത കുറയ്ക്കാൻ വേണ്ടി ശരീരത്തിൽ നിന്നും ജലാംശം വലിച്ചെടുക്കുന്നു. ശരീരം നിർജ്ജലീകരിക്കപ്പെടുന്നു. അതുകൊണ്ട് കോളകളെ ഒഴിവാക്കുക. ഒരു ലായനിയിലെ ഹൈഡ്രജൻ അയോണുകളുടെ ഗാഢതയുടെ ഏകമാണ് PH.(Puissance dehydrogen).PH=-log(H+) സാധാരണജലത്തിലും ന്യൂട്രൽ ലായനികളിലും (H+) ന്റെ ഗാഢത 10-7 മോൾ/ലിറ്റർ ആണ്. അതായത് PH=7 നല്ല കുടിവെള്ളത്തിന് PH ന്റെ അളവ് 7.1 ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അമ്ലത കൂടുമ്പോൾ PH=7 ൽ കുറയുന്നു. ക്ഷാരത കൂടുമ്പോൾ PH=7 ൽ കൂടുന്നു. 1 മുതൽ 14 വരെയുള്ള സീമയിലാണ് PH അളക്കുന്നത്.

ജലം അമൂല്യമാണ് അതു പാഴാക്കരുത്●

# കളഭോത്തമന് പ്രണാമം

പറവൂർ ബാബു, ഫോ: 9961252196

ഒരു ആനയുടെ നിര്യാണത്തിൽ അനുശോചനമോ? കേൾക്കുന്നവർ ആരും ആദ്യം ഒന്ന് നെറ്റി ചുളിക്കും. വിശ്വസിക്കാൻ പ്രയാസമായി എന്നു വരാം. എന്നാൽ വാർത്ത സത്യമാണ്. കണ്ണൻകുളങ്ങര തേവരുടെ തിടമ്പേറ്റിയിരുന്ന കണ്ണൻകുളങ്ങര ശശി എന്ന ആനയ്ക്കാണ് ഈ സൗഭാഗ്യം സിദ്ധിച്ചത്. ശശി എന്തുകൊണ്ടും അതിന് അർഹനാണ് എന്ന കാര്യത്തിൽ ആന പ്രേമികൾക്കും ദേശക്കാർക്കും മറിച്ചൊരഭിപ്രായം ഉണ്ടാവുകയില്ല. മനുഷ്യന് മാത്രമല്ല മൃഗങ്ങൾക്കും മറ്റുള്ളവരെ സ്നേഹിക്കാനും തനിക്ക് ആഹാരം തന്നവരോടും സംരക്ഷിച്ചവരോടും ഭക്ത്യാദരവുകൾ പ്രകടിപ്പിക്കാനും സാധിക്കുമെന്ന് തെളിയിച്ചിരിക്കുകയാണ് കണ്ണൻകുളങ്ങര ശശി. ഗുരുവായൂർ കേശവന് ഒരു പിന്മുറക്കാരനായി ശശി പറവൂരിന്റെ തന്നെ ചരിത്രത്തിലേക്ക് നടന്നു കയറി എന്നു പറയാം. പറവൂരിന്റെ ദേശചരിത്രം രചിക്കുന്നവർക്ക് മറന്നുകളയാനോ മാറ്റി നിർത്താനോ കഴിയാത്ത പേരായി ശശി മാറി. തന്റെ സ്വഭാവഗുണം കൊണ്ടു തന്നെ ശശി ദേശക്കാരുടെ ഓർമ്മകളിൽ സ്ഥിരപ്രതിഷ്ഠനേടുകയാണ്. ആനപ്രേമികൾക്കും ശശിയെ മറക്കാൻ കഴിയില്ല.

ആറ് പതിറ്റാണ്ടിലേറെക്കാലമായി പറവൂർ കണ്ണൻകുളങ്ങരയപ്പന്റെ തിടമ്പേറ്റിയിരുന്ന ശശി എന്ന ആന 2017 ഒക്ടോബർ 19 വ്യാഴാഴ്ച പുലർച്ചെ രണ്ടു മണിയോടെ ക്ഷേത്രത്തിന് വടക്കുഭാഗത്തുള്ള കൊട്ടാരം വളപ്പിൽ ചരിഞ്ഞു. കുറച്ചുകാലമായി വാതരോഗം പിടിപെട്ട് കഴിയുകയായിരുന്നു. വേണ്ട സമയത്ത് ചികിത്സ ലഭിക്കാതിരുന്നതുമൂലം ആനയുടെ രോഗം മൂർച്ഛിക്കുന്നു എന്ന് പ്രമുഖ പത്രങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. തുടർന്ന് ശശിയുടെ ദുരവസ്ഥ നേരിൽക്കണ്ട ദേവസ്വം മന്ത്രി ചികിത്സയ്ക്ക് വിദഗ്ധരായ മെഡിക്കൽ സംഘത്തെ നിയോഗിച്ചിരുന്നു. പക്ഷെ.....ഒന്നും തന്നെ ഫലവത്താകാതെ പോയി. കൊട്ടാരംവളപ്പിൽ വച്ച് ഈ കൃഷ്ണദാസൻ ചരിയുമ്പോൾ പ്രായം 86 ആയിരുന്നു. കാട്ടാനകൾ പോലും 60-65 വയസ്സിൽ ചരിയുമ്പോഴാണ് ശശി ദീർഘകാലം പറവൂരിന്റെ സ്നേഹഭാജനമായി ജീവിച്ചത് എന്നത് അത്ഭുതത്തിന് വക നല്കുന്നതാണ്.

ബുധനാഴ്ച അർദ്ധരാത്രിയോടെ അസുഖം മൂർച്ഛിക്കുകയും താമസംവിനാ ദേശത്തോട് വിടപറയുകയുമാണുണ്ടായത്. മരണം അടുത്തെത്തിയെന്ന് ഈ ഗജോത്തമന് തിരിച്ചറിയാൻ കഴിഞ്ഞുവെന്ന് സംശയിക്കാൻ ഇടനൽകുന്ന സംഭവമാണ് കൊട്ടാരവളപ്പിലുണ്ടായതെന്ന് സമീപത്തുണ്ടായിരുന്ന പാപ്പാന്മാരും മറ്റും സാക്ഷ്യപ്പെടുത്തുന്നു. ചരിയുന്നതിന് തൊട്ടുമുമ്പ് ക്ഷീണാവസ്ഥയിലും തന്റെ തേവരോടുള്ള ഭക്തിയും സ്നേഹവും നന്ദിയും പ്രകടമാക്കുംവിധം ശശി തുമ്പിക്കൈ ഉയർത്തി കണ്ണൻകുളങ്ങര ക്ഷേത്രത്തെ നോക്കി തൊഴുതുവെന്നത് ആശ്ചര്യകരമായ സംഗതിയാണ്. തന്നെ വേദനകളിൽ നിന്നും മുക്തനാക്കുവാൻ എത്തിയ സർവ്വേശ്വരനെ ശശി ദർശിച്ചിരിക്കാം.ശശി ആനയുടെ അടിയുറച്ച സ്വഭാവമഹിമക്ക് ഉത്തമോദാഹരണമെന്നല്ലാതെ ഇതേക്കുറിച്ച് മറ്റെന്താണ് പറയാനാവുക? മൃഗങ്ങളിൽ നിന്നുപോലും മനുഷ്യർക്ക് പഠിക്കാൻ പാഠങ്ങളുണ്ട് എന്നു തന്നെയാണ് ശശി തന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും തെളിയിച്ചത്. പ്രത്യേകിച്ചും സഹജീവികളോടുള്ള സ്നേഹവും കാരുണ്യവും കൈവിടുന്ന ക്രൂരന്മാരായ കുറേ മനുഷ്യരെങ്കിലും അരങ്ങു വാഴുന്ന കാലഘട്ടത്തിൽ-

ശശി എന്ന ഗജലക്ഷണങ്ങൾ ഒത്തിണങ്ങിയ ആനയെക്കുറിച്ച് ദേശക്കാർക്ക് ഓർക്കാൻ ഒട്ടേറെ അനുഭവങ്ങളുണ്ട്. ഏവർക്കും ഈ ആനയെക്കുറിച്ച് നല്ലതേ പറയാനുള്ളൂ. പൊതുവേ ശാന്തപ്രകൃതക്കാരനായിരുന്നു ശശി. കുട്ടികൾക്കുപോലും അടുത്തുചെല്ലുവാൻ ഭയക്കേണ്ടിയിരുന്നില്ല. പണ്ട് വികൃതിക്കുട്ടികളായിരുന്ന കാലത്ത് ആനയുടെ വാലിൽ തൂങ്ങി കളിയാടിയിരുന്ന കാര്യം ശശി ചരിഞ്ഞ നേരത്ത് നിറകണ്ണുകളോടെ പലരും ഓർത്തെടുക്കുന്നത് കണ്ടുവെന്ന് മാതൃഭൂമിയുടെ പ്രാദേശിക ലേഖകൻ ശ്രീ.ടി.സി.പ്രേംകുമാർ സംഭാഷണത്തിനിടക്ക് പറയുകയുണ്ടായി. അതിൽഒട്ടും അതിശയോക്തിയില്ല. അതായിരുന്നു ശശി ആനയുടെ വലിപ്പവും നന്മയും മഹത്വവും.

വലിയ കൊമ്പുകളും നിലത്ത് മുട്ടിക്കിടക്കുന്ന തുമ്പിക്കൈയും വിരിഞ്ഞ മസ്തകവുമുള്ള ശശിയെ വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂർ രാജാവ് ദേവസ്വത്തിന് നൽകിയെന്നാണ് ചരിത്രം. പറവൂരിലേയും പരിസരപ്രദേശങ്ങളിലേയും ഉത്സവങ്ങൾക്ക് ശശിയുടെ സാന്നിദ്ധ്യം എന്നും ഉണ്ടായിരുന്നു. പണ്ട് വൈക്കം മഹാദേവക്ഷേത്രത്തിലെ ഉത്സവത്തിനു വരെ ശശിയേയും കൊണ്ട് പോയതായി ആനക്കാരനായിരുന്ന

ഗോപാലകൃഷ്ണൻ ഓർത്തെടുത്തു. എന്റെ കുട്ടിക്കാലത്ത് തീറ്റയായ പട്ട (ഓലമടൽ) എടുക്കുന്നതിന് ശശിയേയും കൊണ്ട് ആനപ്പാപ്പാന്മാർ തറവാട്ടിൽ വരുമായിരുന്നത് ഞാനിന്നും ഓർക്കുന്നു. ശർക്കര ഉണ്ട നൽകിയാണ് അന്ന് ശശിയെ സ്വീകരിച്ചിരുന്നത്. ആദ്യമായി ഞാൻ ആനയെ തൊടുന്നതും അക്കാലത്താണ്. ഇന്നും അത് മധുരിക്കുന്ന ഓർമ്മയായി മനസ്സിലുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ആനക്കാരണവരായിരുന്നു ശശി. കണ്ണൻകുളങ്ങര ക്ഷേത്രോപദേശക സമിതി 'കളഭോത്തമ' പട്ടം നൽകി ശശിയെ ആദരിച്ചിരുന്നു. കണ്ണൻകുളങ്ങര അഗ്രഹാരങ്ങൾക്കു മുന്നിലൂടെയും മറ്റു ദേശവഴികളിലൂടെയും ശശി കടന്നുപോകുമ്പോൾ വലിയ സ്നേഹാദരവുകളോടെയും സന്തോഷത്തോടെയുമാണ് മുതിർന്നവരും കുട്ടികളുമടക്കമുള്ളവർ നോക്കി നിന്നിരുന്നത്. ഇനി അതൊരു ഓർമ്മ മാത്രം. ശശി ചരിഞ്ഞതറിഞ്ഞ് ഓടിക്കൂടിയ ജനാവലി തന്നെ ശശിയുടെ ജനസമ്മതിക്ക് തെളിവാണ്. ആനയോടുള്ള ആദരസൂചകമായി കണ്ണൻകുളങ്ങര ക്ഷേത്രം നട ഉച്ചവരെ തുറക്കാതിരുന്നതും ചരിത്രമാവുകയാണ്. ക്ഷേത്രം നടയിലെ ഓട്ടോറിക്ഷാ തൊഴിലാളികളും ശശിയുടെ നിര്യാണത്തിൽ അനുശോചിച്ച് ഓട്ടം നിർത്തി നഗരസഭാ ചെയർമാനും മറ്റു രാഷ്ട്രീയ സാമൂഹ്യ നേതാക്കളും ദേവസ്വം ബോർഡ് ഭാരവാഹികളും ശശിയെ കാണാനെത്തുകയും അന്ത്യോപചാരം അർപ്പിക്കുകയും ചെയ്തു. ജഡം ലോറിയിൽ കയറ്റി മലയാറ്റൂർ വനത്തിലേയ്ക്ക് കൊണ്ടുപോയതിനു ശേഷം ക്ഷേത്രപരിസരത്ത് അനുശോചന യോഗവും നടന്നു. ശശിക്ക് നാട്ടുകാർ നൽകിയ ഉചിതമായ വിട പറയലായി അത് മാറി. ശശിയെ മറക്കുവാൻ ദേശക്കാർക്ക് കഴിയില്ല. കണ്ണൻകുളങ്ങര തേവരുടെ അനുഗ്രഹം ലഭിച്ച ആനയായിരുന്നു ശശി എന്നു പറഞ്ഞാലും അധികമാവുകയില്ല. അതുകൊണ്ട് തന്നെ ശശിയുടെ ആത്മാവ് ഭഗവദ്പാദങ്ങളിൽ ചേർന്ന് മോക്ഷം നേടിയെന്നു തന്നെ പറയാം.

പത്ത് വയസ്സുള്ളപ്പോൾ കോന്നിയിലെ ആനക്കൊട്ടിലിൽ എത്തിയതാണ് ശശി. അവിടെയായിരുന്നു പരിശീലനം. അതിനുശേഷമാണ് പറവൂരിലെ കൃഷ്ണഭഗവാന് ശശി സ്വന്തമായിത്തീരുന്നത്. മദപ്പാട് കാലയളവിലും ശശി അക്രമാസക്തനാവുകയോ ഭീതി വിതക്കുകയോ ചെയ്തിട്ടില്ല. പണ്ട് നീലിശ്വരം പുതിയകാവ് ഭാഗങ്ങളിൽ ഉത്സവത്തിന് പോയിരുന്നത് പുഴ നീന്തിയായിരുന്നുവെന്നും പഴമക്കാർ ഓർക്കുന്നു. ഏറെ അനുസരണശീലവും ഓർമ്മശക്തിയും ശശിക്കുണ്ടായിരുന്നതായും ആനപ്പാപ്പാന്മാർ സാക്ഷ്യപ്പെടുത്തുന്നു. കള്ള് കുടിക്കാൻ ഷാപ്പിൽ പാപ്പാന്മാർ കയറിയപ്പോൾ കുന്തം ചാരിനിൽക്കുന്നതിനിടയിൽ അത് വീണുപോയതിനെ തുടർന്ന് തനിച്ച് എറണാകുളം നഗരം ചുറ്റി ശിവക്ഷേത്രസന്നിധിയിൽ എത്തിയ കഥയും പറഞ്ഞു കേൾക്കുന്നു. ഉയരം കുറവായിരുന്നു എന്നതു മാത്രമാണ് ഈ ആനക്കുണ്ടായിരുന്ന ഒരു ന്യൂനത. ആനയെ സംബന്ധിച്ചിടത്തോളം പൊക്കം പ്രധാനമാണ് എന്നതുകൊണ്ടാവാം പല സ്ഥലത്തും ശശി കൂട്ട എഴുന്നൊള്ളിപ്പിനുള്ള പാട്ടം കുറഞ്ഞ ആന എന്ന നിലക്ക് ഒതുങ്ങിപ്പോയത്. എന്നിരുന്നാലും മറ്റ് ആനകൾക്കൊന്നും സ്വതസിദ്ധമായി ലഭിക്കാത്ത ഗുണവിശേഷങ്ങൾ ഈ ആനക്കുണ്ടായിരുന്നു. കണ്ണൻകുളങ്ങര ശശിയെപ്പോലെ ഒരു ആനയെ എന്നാണ് ഇനി ആനപ്രേമികൾക്കും നാട്ടുകാർക്കും കാണാൻ കഴിയുക? തന്റെ തിടമ്പേറ്റാൻ ഇനി തനിക്ക് സ്വന്തമെന്നു പറയാൻ ഒരു ആനയില്ലല്ലോ എന്ന ദു:ഖം കണ്ണൻകുളങ്ങരയപ്പനേയും മഥിക്കുന്നുണ്ടാവാം. ഈശ്വരനുപോലും തിരുത്തിക്കുറിക്കാനാവാത്ത കണക്കാണല്ലോ ആയുസ്സിന്റേത്. ജീവിച്ചു തീർത്ത കാലയളവ് കൊണ്ട് ഒരു ദേശത്തെ മുഴുവൻ ജനങ്ങളുടേയും മനസ്സിൽ ഇടം പിടിക്കാൻ കഴിഞ്ഞ ഈ ഗജോത്തമന്റെ ജീവിതത്തെ പുണ്യജന്മം എന്നു വിശേഷിപ്പിക്കാൻ നമുക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. ഞാൻ എഴുതിയ ചരിത്രകാവ്യകൃതിയിൽ (പറവൂർ സ്‌ക്കെച്ചുകൾ) ശശിയെക്കുറിച്ച് എഴുതിയിട്ടുണ്ടെങ്കിലും പറവൂരിന്റെ കളഭോത്തമന് ഇങ്ങനെയൊരു പ്രണാമം അർപ്പിക്കണമെന്ന് തോന്നിയതുകൊണ്ട് ഇത്രയും എഴുതി ഇനിയും എഴുതാൻ ഒരുപാട് ബാക്കി ഉണ്ടെങ്കിലും.

കടപ്പാട്: പത്രവാർത്തകളോട്, സുഹൃത്തുക്കളോട്●

മാംഗല്യം
**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext.32), 2369589**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**

# ചിദംബര രഹസ്യം

**എസ്.ബാലചന്ദ്രൻ നായർ**

എട്ട് വർഷത്തെ ഗവേഷണത്തിന് ശേഷം പടിഞ്ഞാറൻ ശാസ്ത്രജ്ഞന്മാർ, നടരാജന്റെ കാലിലെ തള്ളവിരൽ ഭൂമിയുടെ കാന്തിക രേഖയുടെ മദ്ധ്യത്തിൽ ആണെന്ന് കണ്ടെത്തി.

തിരുമൂലാർ എന്ന തമിഴ് പണ്ഡിതൻ ഇതു അയ്യായിരം വർഷങ്ങൾക്ക് മുമ്പ് തെളിയിച്ചിരുന്നു. അദ്ദേഹത്തിന്റെ തിരുമന്ദിരം എന്ന ഗ്രന്ഥം ശാസ്ത്രലോകത്തിന് അത്ഭുതകരമായ ഒരു വഴികാട്ടിയാണ്. അദ്ദേഹത്തിന്റെ പഠനങ്ങൾ മനസ്സിലാക്കാൻ നമുക്ക് നൂറുകണക്കിന് വർഷങ്ങൾ വേണ്ടി വരും.

**ചിദംബരം ക്ഷേത്രത്തിന്റെ പ്രത്യേകതകൾ**

ചിദംബരം ക്ഷേത്രം ഭൂമിയുടെ കാന്തിക രേഖയുടെ മധ്യത്തിലാണ്, പഞ്ചഭൂത ക്ഷേത്രങ്ങളിൽ ചിദംബരം ആകാശത്തേയും കാളഹസ്തി വായുവിനേയും കാഞ്ചി ഏകാംബരക്ഷേത്രം ഭൂമിയേയും പ്രതിനിധീകരിക്കുന്നു. ഈ മൂന്ന് ക്ഷേത്രങ്ങളും ഒരു നേർരേഖയിൽ 79 ഡിഗ്രി 41 മിനിറ്റിലാണ്. ഇതു തികച്ചും അത്ഭുതകരമാണ്.

ചിദംബരം ക്ഷേത്രത്തിന് 9 പ്രവേശന ദ്വാരങ്ങൾ ഉണ്ട്. അത് മനുഷ്യ ശരീരത്തിലെ നവദ്വാരങ്ങൾ ആണ്.

ക്ഷേത്രത്തിന്റെ മേൽക്കൂര പൊതിഞ്ഞിരിക്കുന്നത് 21600 സ്വർണ്ണ തകിടുകൾ കൊണ്ടാണ്. ഇത് മനുഷ്യൻ ഓരോ, ദിവസവും ചെയ്യുന്ന ശ്വാസോച്ഛ്വാസത്തിന്റെ എണ്ണമാണ് (15X60X24)

ഈ സ്വർണ്ണതകിടുകൾ ഉറപ്പിച്ചിരിക്കുന്നത് 72000 സ്വർണ്ണ ആണികൾ കൊണ്ടാണ്. ഇത് മനുഷ്യ ശരീരത്തിലെ നാഡികൾക്ക് തുല്യമാണ്.

തിരുമൂലാർ പറയുന്നത് മനുഷ്യൻ ശിവലിംഗത്തിന്റെ ആകൃതിയെ പ്രതിനിധീകരിക്കുന്നു. അത് ചിദംബരത്തേയും സദാശിവത്തേയും ശിവതാണ്ഡവത്തേയും പ്രതിനിധീകരിക്കുന്നു.

പൊന്നമ്പലം അല്പം ഇടത്തോട്ട് ചരിഞ്ഞാണ് നില്ക്കുന്നത്. ഇത് നമ്മുടെ ഹൃദയത്തെ പ്രതിനിധീകരിക്കുന്നു. ഇവിടെ എത്താൻ അഞ്ചു പടികൾ കയറണം. ശിവായ നമ:

കനകസ്തംഭം സ്ഥാപിച്ചിരിക്കുന്ന നാലു തൂണുകൾ നാലു വേദങ്ങളാണ്. പൊന്നമ്പലത്തിൽ 28 സ്തംഭങ്ങളുണ്ട്. ഇവ 28 അഹംകളേയും 28 വിധം ശൈവ ആരാധനയ്ക്കുള്ള വഴികളേയും പ്രതിനിധീകരിക്കുന്നു. ഈ സ്തംഭങ്ങൾ 64+64 തട്ട് തുലാങ്ങളെ താങ്ങി നിർത്തുന്നു. ഈ തുലാങ്ങൾ 64 കലകളാണ്. കുറുകെയുള്ള തുലാങ്ങൾ മനുഷ്യശരീരത്തിലെ രക്തക്കുഴലുകളുടെ എണ്ണത്തിന് തുല്യം.

സ്വർണ്ണമേൽകൂരയിലെ ഒമ്പത് കലശങ്ങൾ നവവിധമായ ശക്തി ചൈതന്യങ്ങളെ പ്രതിനിധീകരിയ്ക്കുന്നു.

അർദ്ധമണ്ഡപത്തിലെ 6 സ്തംഭങ്ങൾ 6 ശാസ്ത്രങ്ങൾ ആണ്.

മണ്ഡപത്തിനടുത്തുള്ള 18 സ്തംഭങ്ങൾ 18 പുരാണങ്ങൾ

നടരാജനൃത്തത്തെ പ്രാപഞ്ചിക നൃത്തം എന്നാണ് പടിഞ്ഞാറൻ ശാസ്ത്രഗവേഷകർ വിശേഷിപ്പിയ്ക്കുന്നത്.

ഇന്ന് ശാസ്ത്രം മുന്നോട്ട് വയ്ക്കുന്ന ഗവേഷണനിരീക്ഷണങ്ങൾ എല്ലാം തന്നെ ഹൈന്ദവവിശ്വാസത്തിൽ ആയിരക്കണക്ക് വർഷങ്ങൾക്ക് മുൻപേ ഉണ്ടായിരുന്നു.

നമ:ശിവായ •

## മകയിരം നോയമ്പ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ തിരുവാതിര ആഘോഷത്തോടനുബന്ധിച്ചുള്ള മകയിരം നോയമ്പ്, പതിവുപോലെ ഈ വർഷവും 2018 ജനുവരി മാസം 01-ാം തീയതി വൈകിട്ട് 7.30 മണി മുതൽ നടത്തപ്പെടുന്നു. നായർ സ്ത്രീ സമാജത്തിന്റെയും കരയോഗം വുമൻസ് ഫോറത്തിന്റെയും സഹകരണത്തോടെ ഉറക്കമിളപ്പ്, എട്ടങ്ങാടി തുടങ്ങിയ പരമ്പരാഗത രീതികളോടുകൂടിയാണ് ആഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. ഏവർക്കും സ്വാഗതം.**

# മോണരോഗങ്ങൾ

ഡോ.പാർവ്വതി.കെ.എസ്.

മോണ ചുവന്നുതുടുക്കുക, ബ്രഷ് ചെയ്യുമ്പോഴോ ആഹാരം കഴിക്കുമ്പോഴോ മോണയിൽ നിന്ന് രക്തസ്രാവമുണ്ടാകുക തുടങ്ങിയവയാണ് മോണരോഗത്തിന്റെ ആദ്യലക്ഷണങ്ങൾ. ഈ ഘട്ടത്തിൽ ചികിത്സ ലഭ്യമാകാതിരുന്നാൽ മോണയിൽ നിന്നും പഴുപ്പുണ്ടാകുകയും വായിൽ നിന്നും ദുർഗന്ധവും അരുചിയും അനുഭവപ്പെടുകയും ചെയ്യും. രോഗം മൂർദ്ധന്യാവസ്ഥയിലേക്ക് കടക്കുമ്പോൾ മോണ പിന്നിലേക്ക് മാറുകയും പല്ലുകൾ ആടുന്നതായി തോന്നാനുമുള്ള സാധ്യതയുണ്ട്.

പല്ലുകളുടെ ഉപരിതലത്തിൽ പറ്റിപ്പിടിക്കുന്ന അണുക്കളാണ് മോണ രോഗത്തിന് പ്രധാന കാരണം. വേണ്ട മുൻകരുതലെടുക്കുകയും യഥാസമയം ചികിത്സ നടത്തുകയും ചെയ്താൽ ഒഴിവാക്കപ്പെടാവുന്ന ഒന്നാണ് മോണരോഗം.

## ജിഞ്ജി വൈറ്റിസ് (Gingivitis)

ജിഞ്ജിവ (മോണ) ചുവന്നു തുടുക്കുകയും നേരിയ പ്രകോപനം കൊണ്ടു തന്നെ രക്തം സ്രവിക്കുകയും കുറച്ചുകാലം കൊണ്ട് പഴുപ്പ് കയറുകയും ചെയ്യുന്ന അവസ്ഥയാണ് ഇത്. മോണ തടിച്ചു വീങ്ങി പല്ലുകളെ ഭാഗികമായി മറയ്ക്കുന്നതാണ് ഹൈപ്പർപ്ലാസ്റ്റിക് ജിഞ്ജിവൈറ്റിസ്. ഈ രോഗമുണ്ടാകുന്നതിന് പ്രത്യേക കാരണമൊന്നും ഉണ്ടാകണമെന്നില്ല. മോണയുടെ വീക്കത്തിന് മറ്റൊരു കാരണം ലുക്കീമിയ ആണ്.

## ഹോർമോൺ ജിഞ്ജി വൈറ്റിസ്

ആർത്തവകാലത്തും ഗർഭകാലത്തും ഹോർമോണുകളുടെ വിതാനത്തിൽ വരുന്ന വ്യതിയാനം മൂലം ജിഞ്ജിവൈറ്റിസ് ഉണ്ടാകാറുണ്ട്. ഗർഭകാലത്തുണ്ടാകുന്ന മോണരോഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുവേ മോണ ചുവന്നു തുടുക്കുകയും വളരെ വേഗത്തിൽ തന്നെ രക്തസ്രാവം ഉണ്ടാകുകയും ചെയ്യും. മോണയിലെ നേർത്ത രക്തക്കുഴലുകൾ ഹോർമോണുകളുടെ പ്രവർത്തനത്താൽ വികസിക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. ഗർഭാരംഭത്തിന് മുൻപേ തന്നെ പല്ലുകൾ വൃത്തിയാക്കിയാൽ വളരെയേറെ അസുഖങ്ങൾ ഒഴിവാക്കാവുന്നതേയുള്ളു.

## ഡിസ്ക്വാമേറ്റീവ് ജിഞ്ജി വൈറ്റിസ്

ആർത്തവം നിലയ്ക്കുന്നതിനോടനുബന്ധിച്ച് വായുടെ ആവരണമായ മ്യൂക്കസ് മെംബ്രയ്ൻ അങ്ങിങ്ങായി കൊഴിഞ്ഞുപോകാറുണ്ട്. ഇതിന് വളരെ കൃത്യമായി കാരണമൊന്നും തന്നെയില്ല. ആ പ്രത്യേക കാലഘട്ടം കഴിയുമ്പോൾ അസുഖം അപ്രത്യക്ഷമാകുന്നു.

## വായിലെ വ്രണങ്ങൾ

വായിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന വ്രണങ്ങളിൽ പ്രധാന്യമർഹിക്കുന്നവയാണ് ആഫ്തസ് വ്രണങ്ങൾ. ചുണ്ടിലും കവിളിലുമാണ് സാധാരണ ഈ വ്രണങ്ങൾ ഉണ്ടാകുന്നത്. ഏകദേശം 3മി.മീറ്റർ വ്യാസമുള്ള വ്രണങ്ങളുടെ ഉപരിതലത്തിന് ചാരനിറവും സമീപപ്രദേശത്തുള്ള കലകൾക്ക് ചുവന്നു തുടുത്ത നിറവും കാണപ്പെടുന്നു. വ്രണങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് തൽസ്ഥലത്ത് ചൂടോ നീറ്റലോ ഉണ്ടാകുക സ്വാഭാവികമാണ്. ഇവയുണ്ടായാൽ ഏകദേശം പത്തു ദിവസത്തോളം നിലനിൽക്കുന്നു. അക്കാലമത്രയും വേദനയും നീറ്റലും ഉണ്ടായിരിക്കുകയും ചെയ്യും. ഉണങ്ങിക്കഴിഞ്ഞാൽ ആ ഭാഗത്ത് ഒരു പാട് പോലും അവശേഷിക്കുകയില്ലെന്നത് ഈ വ്രണങ്ങളുടെ പ്രത്യേകതയാണ്. ഒരു തവണ വ്രണങ്ങളുണ്ടായി ഉണങ്ങിക്കഴിഞ്ഞ് ഏകദേശം ഒരു മാസം കഴിയുമ്പോഴേക്കും അവ വീണ്ടും പ്രത്യക്ഷപ്പെടുന്നു.

ആഫ്തസ് വ്രണങ്ങളിൽ തന്നെ ഒരു സെന്റീമീറ്റർ വ്യാസമുള്ള മറ്റൊരു തരം കൂടിയുണ്ട്. ഇവ ആഴ്ചകളോളം നിലനിൽക്കുന്നു. ഉണങ്ങുമ്പോൾ വടുക്കൾ അവശേഷിക്കുകയും ചെയ്യുന്നു. ആഫ്തസ് വ്രണങ്ങളുണ്ടാകുന്നതിന് കാരണം എന്തെന്ന് ഇപ്പോഴും കൃത്യമായിട്ടറിവില്ല. അണുക്കളുടെ പ്രവർത്തനത്താലാണെന്നും നിരന്തരമായി ഉരസലിന് മ്യൂക്കസ് മെംബ്രയ്നിന്റെ ഏതെങ്കിലും ഭാഗം വിധേയമാകുന്നതു കൊണ്ടാണെന്നും മാനസികാസ്വാസ്ഥ്യം മൂലമാണെന്നും അനുമാനിക്കപ്പെടുന്നു.

## ഹെർപറ്റിഫോം വ്രണങ്ങൾ

ആവർത്തനസ്വഭാവമുള്ള ഈ ചെറുവ്രണങ്ങൾ സാധാരണയായി നാക്കിന്റെ വശത്താണ് ഉണ്ടാകു

ന്നത്. ചെറുവ്രണങ്ങൾ ചേർന്ന് പലപ്പോഴും വലിയ വ്രണങ്ങൾ ഉണ്ടാകുന്നു. വേദനയും നീറ്റലുമാണ് മുഖ്യ അസ്വാസ്ഥ്യങ്ങൾ.

**ലെക്കൻ പ്ലാനസ്**

എരിവുള്ള ആഹാരം കഴിക്കുമ്പോഴും അല്ലാതെയും വായിൽ നീറ്റൽ അനുഭവപ്പെടുന്നു എന്നതാണ് വായിലുണ്ടാകുന്ന ഈ ത്വക് രോഗത്തിന്റെ ആദ്യലക്ഷണം. വായ് പരിശോധിച്ചാൽ വെളുത്ത് നേർത്ത് തമ്മിൽ പിണയുന്ന രേഖകളോ, വെളുത്തപൊട്ടും നാലുപാടും രേഖകളുമോ, വയലറ്റു നിറത്തിൽ മിനുസമേറിയ വ്രണമോ ആണ് കാണുക.


**പെംഫിഗസ്**

തൊലിപ്പുറത്ത് മ്യൂക്കസ് മെംബ്രയ്നിലും കുമിളകളുണ്ടാക്കുന്ന ഒരു രോഗമാണിത് കോശങ്ങൾ തമ്മിലുള്ള ബന്ധത്തിന് വൈകല്യം സംഭവിക്കുകയും നീരുകെട്ടുകയും ചെയ്യുന്നതു കൊണ്ടാണിത്. കുമിളകൾ പൊട്ടി വ്രണങ്ങളുണ്ടാകുകയും അവയിൽ അണുക്കൾ പ്രവർത്തിച്ച് വ്രണങ്ങൾ വലുതാകുകയുമാണ് രോഗത്തിന്റെ അപകടം. ഹോമിയോപ്പതിയിൽ വായിലെ അസുഖങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാണ്●

## 2017 നവംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ




**കെ. ശേഖരമേനോൻ**
L/1026, വടക്കേ കാരിയിൽ
ലിസ്സി ഹോസ്പിറ്റൽ റോഡ്, എറണാകുളം



**വി. വിജയചന്ദ്രമേനോൻ**
L/1925, ഓങ്കാരാനന്ദാലയം
രാജാജി റോഡ്, കൊച്ചി 682035



**വിമല കൃഷ്ണൻ**
L/1303, കൃഷ്ണപ്രസാദം,
എഴുത്തുള്ളിൽ (H),
ആലപ്പാട്ട് ക്രോസ്സ് റോഡ്
രവിപുരം, കൊച്ചി-682016



**കെ.ബാലചന്ദ്രൻ**
L/2285, വൈശാഖം, 28/2828
പൊന്നേത്ത് സൗത്ത് റോഡ്
ചിലവന്നൂർ
